# എഡിറ്റോറിയൽ  പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവർ



പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വില്യം ബൂത്തിന്റെ പ്രശസ്തമായ ഒരു ക്രിസ്തീയ കീർത്തനമാണ് 'ആ അഗ്നിയെ അയയ്ക്കുക' [Send the fire, send the fire, send the fire] എന്നത്.

അതീവഹൃദ്യമായ ആ കീർത്തനത്തിലെ ചിന്തോദ്ദീപകമായ ചില വരികൾ ഇങ്ങനെ:

ശുദ്ധിചെയ്യുന്ന ജ്വാലയാകുന്ന ക്രിസ്തുവേ/അവിടുത്തെ ജീവൻ കൊടുത്തുവാങ്ങിയ/ആത്മദാനത്തിന്റെ ആ അഗ്നി ഇപ്പോൾ/ഈ കാത്തു നില്ക്കുന്ന നിന്റെ/ജനത്തിന്മേൽ ചൊരിയണം - ഇന്ന്/ഞങ്ങൾക്ക് വേറൊരു പെന്തക്കോസ്തുവേണം"

എന്തിനാണ് പരിശുദ്ധാത്മാവന്റെ ഈ അഗ്നി ഇന്ന് ആവശ്യമായിരിക്കുന്നത്? വില്യം ബൂത്ത് തുടർന്നുള്ള വരികളിൽ പറയുന്നു: 'ഞങ്ങൾക്ക് എപ്പോഴും നീതി ചെയ്യണം, പാപത്തോടുള്ള പോരാട്ടത്തിൽ എപ്പോഴും ജയം പ്രാപിക്കണം, ഈ ലോകത്ത് വെണ്മയോടെ നടക്കണം - അതിനായി ഞങ്ങളിൽ പരിശുദ്ധാത്മാവിന്റെ അഗ്നിയെ ഇന്നു ചൊരിയുക.'

ഇന്നു പരിശുദ്ധാത്മാവിന്റെ ശക്തിക്കായി നിങ്ങൾ വാഞ്ഛിക്കുന്നത് ഇതിനു വേണ്ടിയാണോ? എപ്പോഴും നീതിയായി ജീവിക്കാൻ? പാപത്തിന്മേൽ എപ്പോഴും ജയം നേടാൻ? ജീവിതവസ്ത്രത്തിന്മേൽ കറപുരളാതെ ഇന്നീലോകത്ത് നടക്കാൻ?

തങ്ങൾക്ക് വെളിയിൽ ചില കാര്യങ്ങൾ ചെയ്യാൻ വേണ്ടിയാണ് ഇന്നു പലരും പരിശുദ്ധാത്മാവന്റെ വലിയ ശക്തിക്കായി ആഗ്രഹിക്കുന്നത്. രോഗികളെ സൗഖ്യമാക്കാൻ, കാണികളിൽ അമ്പരപ്പും ആദരവും ഉണർത്തുന്ന അത്ഭുതങ്ങൾ പ്രവർത്തിക്കാൻ, വലിയ ഒരു ശുശ്രൂഷ ചെയ്യാൻ ......... അങ്ങനെയങ്ങനെ തങ്ങൾക്കു പുറത്ത് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ ആത്മാവിന്റെ ശക്തി ഇന്നു പലർക്കും വേണം! എന്നാൽ തങ്ങളെത്തന്നെ വ്യത്യാസപ്പെടുത്തുന്ന, തങ്ങളുടെ ഉള്ളിൽ ഒരു രൂപാന്തരം വരുത്തുന്ന, പാപത്തിന്റെ മേൽ ജയമുള്ള ഒരു വിജയകരമായ ക്രിസ്തീയജീവിതം നയിക്കാൻ സഹായിക്കുന്ന ഒരു പരിശുദ്ധാത്മാവ്? ഇല്ല, പലർക്കും അതിൽ താത്പര്യമില്ല.

മറ്റൊരു 'സഹായി'യായി പരിശുദ്ധാത്മാവിനെ സ്വർഗ്ഗത്തിൽ നിന്ന് അയയ്ക്കുന്നതിനക്കുറിച്ച് ആദ്യമായിപ്പറഞ്ഞ സന്ദർഭത്തിൽ തന്നെ ഈ ഭൂമിയിലെ പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളുടെ ലക്ഷ്യത്തെ യേശുക്രിസ്തു ഇങ്ങനെ വിവരിച്ചു- "അവൻ............. എന്നെ മഹത്വപ്പെടുത്തും" (യോഹന്നാൻ 16:14) പരിശുദ്ധാത്മാവ് സ്വയം മറഞ്ഞിരുന്ന് യേശുക്രിസ്തുവിനെ ഉയർത്തിക്കാട്ടുവാനാണ് എപ്പോഴും പരിശ്രമിക്കുന്നത്. 'അപ്പോസ്തല പ്രവൃത്തികൾ' എന്ന പുസ്തകത്തെ സത്യത്തിൽ 'പരിശുദ്ധാത്മാവന്റെ പ്രവൃത്തികൾ' എന്നായിരുന്നു നാമകരണം ചെയ്യേണ്ടിയിരുന്നത് എന്നു പലരും പറയാറുണ്ട്. ശരിയാണ്, ആ പുസ്തകത്തിൽ ഉടനീളം നമ്മൾ കാണുന്നതു പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളാണ്. പക്ഷേ ആ പ്രവർത്തനങ്ങളിൽ എല്ലാ സന്ദർഭങ്ങളിലും പരിശുദ്ധാത്മാവ് തന്നിലേക്കല്ല യേശുക്രിസ്തുവിലേക്കാണ് വിരൽ ചൂണ്ടുന്നത്. കർത്താവിനെയാണ് മഹത്വപ്പെടുത്തുന്നത്. യേശുവിനെ മഹത്വപ്പെടുത്തുക - ഇതാണു പരിശുദ്ധാത്മാവിന്റെ ലക്ഷ്യമെങ്കിൽ, പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട ഒരാൾക്കും മറ്റൊരു ലക്ഷ്യം ഉണ്ടാകുക സാധ്യമല്ല. ഒരുവന് എങ്ങനെയാണ് യേശുവിനെ മഹത്വപ്പെടുത്താൻ കഴിയുന്നത്? ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്ന ഒരുവന്റെ ജീവിതമാണ്, അവന്റെ ജീവിത വിശുദ്ധിയാണ്, ദൈവത്തിനു മഹത്വകരമായിത്തീരുന്നത്.

വിശുദ്ധി - അതാണ് പരിശുദ്ധാത്മാവിന്റെ തെറ്റിക്കൂടാത്ത ഏകലക്ഷണം. പക്ഷേ ഇന്ന് ആത്മനിറവ് പ്രാപിച്ച വിശ്വാസികൾ എന്ന് അവകാശപ്പെടുന്ന എത്രപേർ വിശുദ്ധിക്ക് ഊന്നൽ നൽകുന്നു? 'പരിശുദ്ധാത്മാവ് 'എന്ന പേരു തന്നെ സൂചിപ്പിക്കുന്നത് അതു പരിശുദ്ധിയുടെ ആത്മാവാണെന്നാണ്. അങ്ങനെയെങ്കിൽ സ്നേഹിതാ, നിന്റെ ആത്മനിറവിന്റെ അനുഭവത്തോട് വിശുദ്ധി ചേർന്നുപോകുന്നില്ലെങ്കിൽ എവിടെയോ എന്തോ തകരാറുണ്ടെന്നതു വ്യക്തമല്ലേ? ഒരു ദൈവഭൃത്യൻ അല്പം നർമരസം ചേർത്ത് ഇങ്ങനെ പറയുന്നത് കേട്ടിട്ടുണ്ട്. "ഇന്ന് ആത്മനിറവു പ്രാപിച്ചവരെന്ന് അവകാശപ്പെടുന്ന പലരേയും ശ്രദ്ധിച്ചാൽ അവർ പ്രാപിച്ചത് 'പരിശുദ്ധാത്മാവ്' (Holy Spirit) അല്ല 'ഒച്ചപ്പാടിന്റെ ആത്മാവിനെ' (Noisy Spirit) യാണെന്നു തോന്നിപ്പോകും". ഉവ്വ്, പരിശുദ്ധാത്മാവ് പ്രാഥമികമായും പരിശുദ്ധിയുടെ ആത്മാവാണ്. വിശുദ്ധിയുടെ അഭാവത്തിനു ശബ്ദഘോഷം കൊണ്ടു നഷ്ടപരിഹാരം ചെയ്യാൻ കഴിയും എന്നാണോ നാം കരുതുന്നത്? ഇല്ല, ദൈവത്തെ നമുക്കു കബളിപ്പിക്കാൻ കഴിയുകയില്ല.

ദൈവാത്മാവിന്റെ പ്രവർത്തനങ്ങളിൽ യാതൊരു ശബ്ദവും ഉണ്ടാകാൻ പാടില്ല എന്നല്ല പറഞ്ഞത്. സത്യത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് ഏതെങ്കിലും ഒരു പ്രത്യേക രീതി (pattern) നമുക്കു നിർദ്ദേശിക്കുവാൻ കഴിയുകയില്ല. യേശുതന്നെ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തെക്കുറിച്ച് "കാറ്റ് ഇഷ്ടമുള്ളിടത്ത് ഊതുന്നു....... അത് എവിടെ നിന്നു വരുന്നു എന്നും എവിടേക്കു പോകുന്നു എന്നും അറിയുന്നില്ല" എന്നാണല്ലോ പറഞ്ഞത് (യോഹന്നാൻ 3:8). പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഒരു പ്രത്യേക വിധത്തിലായിരിക്കണമെന്നു നമുക്കു ശഠിക്കാനാവില്ല എന്നു സാരം. വലിയ കൊടുങ്കാറ്റിന്റെ മദ്ധ്യത്തിൽ ദൈവം ഇല്ലായിരുന്നുവെന്നു ഒരിടത്തു രേഖപ്പെടുത്തിയിട്ടുണ്ട്. (1 രാജാക്കന്മാർ 19:11). എന്നാൽ മറ്റൊരു സ്ഥലത്ത് ചുഴലിക്കാറ്റിൽ ദൈവത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നതായി പ്രസ്താവിച്ചിരിക്കുന്നു. (ഇയ്യോബ് 38:1)

പരിശുദ്ധാത്മാവിന്റെ പ്രവർത്തനരീതി വ്യത്യസ്തമാകാം. എന്നാൽ രീതി എന്തായാലും ഫലം ഒന്നുതന്നെയായിരിക്കും. 'പറയാനാവാത്ത സന്തോഷം' (Joy Unspeakable) എന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള തന്റെ ഗ്രന്ഥത്തിൽ മാർട്ടിൻ ലോയിഡ് ജോൺസ് പറയുന്ന ഒരു ഉദാഹരണം ഇങ്ങനെ : കുടയില്ലാതെ ഒരാൾ റോഡിലൂടെ നടക്കുകയായിരുന്നു. പെട്ടെന്ന് ഓർക്കാപ്പുറത്ത് വലിയ മഴ കോരിച്ചൊരിഞ്ഞു. അയാൾ ഓടി വീട്ടിലെത്തിയപ്പോഴേക്കും അടിമുടി നനഞ്ഞു. മറ്റൊരാൾ നേർത്ത മഴച്ചാറ്റലുള്ളപ്പോൾ കുടയില്ലാതെ നടന്നുവരികയാണ്. ചാറ്റമഴ വകവയ്ക്കാതെ മെല്ലെ നടന്ന് അയാളും വീട്ടിലെത്തി. ഒടുവിൽ നോക്കിയപ്പോൾ അയാളും അടിമുടി നനഞ്ഞിരിക്കുന്നു! നോക്കുക: വൻ മഴയായാലും ചാറ്റൽമഴയായാലും ഫലം ഒന്നു തന്നെ. ഉവ്വ്, രീതി എന്തായാലും പരിശുദ്ധാത്മാവിന്റെ പ്രവർത്തന ഫലം എപ്പോഴും ഒന്നാണ് - രൂപാന്തരം! പാഴും ശൂന്യവുമായിരുന്ന ഭൂമിയുടെമേൽ പരിശുദ്ധാത്മാവു പരിവർത്തിച്ചപ്പോൾ വ്യത്യാസമുണ്ടായതും (ഉൽപത്തി 1:1-31) ഉണങ്ങിയ അസ്ഥികളുടെ മേൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനം ഉണ്ടായപ്പോൾ രൂപാന്തരം സംഭവിച്ചതും (യെഹെസ്കേൽ 37:1-10) ഓർക്കുക.

ശക്തമായ എന്തെല്ലാം ശുശ്രൂഷകൾ നാം ചെയ്താലും നമ്മിൽ ഒരു മാറ്റം ഉണ്ടാകുന്നില്ലെങ്കിൽ നാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നവരാണ്.



സന്ദേശം

# പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്

റോബർട്ട് മുറേ മകെയിൻ

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്" (എഫേസ്യർ 4:30).

ഇത്തരം ഒരു കല്പന പലർക്കും ഭോഷത്തമായി തോന്നാം. "നിന്റെ അപ്പനെയോ അമ്മയെയോ ദുഃഖിപ്പിക്കരുത്" എന്നു പറഞ്ഞാൽ നിങ്ങൾക്കതു മനസ്സിലാകും. എന്നാൽ 'പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുതെ'ന്നു പറഞ്ഞാൽ നിങ്ങൾക്കതിന്റെ അർത്ഥം മനസ്സിലായില്ലെന്നു വരാം.

ഇവിടെ ''ആകാത്തതൊന്നും നിങ്ങളുടെ വായിൽ നിന്നു പുറപ്പെടരുതെ"ന്നു പൗലോസ് ക്രിസ്ത്യാനികളെ ഉദ്ബോധിപ്പിക്കുന്നു. അതിനായി അദ്ദേഹം ഉന്നയിക്കുന്ന വാദഗതി ഏത് എഴുത്തുകാരന്റെ പേനയിൽ നിന്നു പുറത്തു വന്നതിലും അത്ഭുതകരമായ ഒന്നാണ്–"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്കു വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത്."

ഈ വാക്കുകളിൽ നിന്ന് പരിശു



*നിങ്ങൾ ഒരു വലിയ നദി മറികടക്കുകയാണെന്നിരിക്കട്ടെ. നിങ്ങളെക്കാൾ ശക്തനും കഴിവുള്ളവനുമായ ഒരുവന്റെമേൽ ചാരിക്കൊണ്ടാണ് നിങ്ങൾ ആ നദി കടക്കുന്നത്. എന്നാൽ നദിയുടെ മദ്ധ്യത്തിൽ എത്തിയപ്പോൾ നിങ്ങൾ സഹായിയുടെ സഹായഹസ്തം തട്ടിയെറിഞ്ഞശേഷം ബാക്കി ദൂരം സ്വയമേ നീന്താൻ തുടങ്ങിയാൽ നിങ്ങൾ ആ സ്നേഹിതനെ ദുഃഖിപ്പിക്കുകയല്ലേ?. ഇതുപോലെയാണു നമ്മൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത്.*

**ഒരു സുഹൃത്തിനെ മാത്രമേ നമുക്കു ദുഃഖിപ്പിക്കാൻ കഴിയൂ. പരിശുദ്ധാത്മാവ് നമ്മുടെ ശത്രുവായിരുന്നെങ്കിൽ, നാം വീണു പോയാൽ അവിടുന്നു സന്തോഷിക്കുമായിരുന്നു. എന്നാൽ നാം വീണാൽ അവിടുന്നു ദുഃഖിക്കുമെന്നത് എന്താണു കാണിക്കുന്നത്? പരിശുദ്ധാത്മാവു നമ്മുടെ ഒരു യഥാർത്ഥ സ്നേഹിതനാണ് എന്നതുതന്നെ.**

ദ്ധാത്മാവിന്റെ വിശുദ്ധ സുഹൃദ്ബന്ധത്തെക്കുറിച്ചും ഈ സ്നേഹിതനെ നാം ദുഃഖിപ്പിക്കുന്ന ചില വിധങ്ങളെക്കുറിച്ചും ചിന്തിക്കാം.

**പരിശുദ്ധാത്മാവും വിശ്വാസിയുടെ ആത്മാവും തമ്മിലുള്ള വിശുദ്ധസൗഹൃദം.**

“പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്” എന്ന വാക്കുകളിൽ നിന്ന് ഇത് എത്രയും വ്യക്തമാണ്. ഒരു സുഹൃത്തിനെ മാത്രമേ നമുക്കു വേദനിപ്പിക്കാൻ കഴിയൂ. പരിശുദ്ധാത്മാവ് നമ്മുടെ ശത്രുവായിരുന്നെങ്കിൽ, നാം വീണുപോയാൽ അവിടുന്നു സന്തോഷിക്കുമായിരുന്നു. എന്നാൽ നാം വീണാൽ അവിടുന്നു ദുഃഖിക്കുമെന്നത് എന്താണു കാണിക്കുന്നത്? പരിശുദ്ധാത്മാവു നമ്മുടെ ഒരു യഥാർത്ഥ സ്നേഹിതനാണ് എന്നതുതന്നെ. നാം ദുഃഖിക്കുന്ന അതേ രീതിയിൽ നിത്യനായ ദൈവം ദുഃഖിക്കുന്നില്ല. കാരണം, ദൈവം നിത്യമായി സന്തുഷ്ടനാണല്ലോ. എന്നാൽ പരിശുദ്ധാത്മാവിന്റെ ദുഃഖവും നമ്മുടെ ദുഃഖവും തമ്മിൽ ചിലസമാനതകളുണ്ട്.

**1. പരിശുദ്ധാത്മാവു വന്നു വിശ്വാസിയുടെ ഹൃദയത്തിൽ വസിക്കുന്നു.**

“ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും. നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ച് അനുഷ്ഠിക്കും.” (യെഹെസ്കേൽ 36:27). അതുകൊണ്ട് യോഹന്നാൻ 14:16 ൽ കർത്താവായ യേശു ഇങ്ങനെ പറയുന്നു:“എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിനു നിങ്ങൾക്കു തരും”. തുടർന്ന് അപ്പോസ്തലനായ പൗലോസ് 1 കൊരിന്ത്യർ 6:19 ൽ നമ്മുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാണെന്നു പറഞ്ഞിരിക്കുന്നു. ദൈവം പറയുന്നു “ഞാൻ നിങ്ങളുടെ ഇടയിൽ സഞ്ചരിച്ചുകൊണ്ടിരിക്കും. ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവും ആയിരിക്കും” (ലേവ്യർ 26:12). പ്രിയസഹോദരീസഹോദരന്മാരേ, എത്ര ഗാഢമായ ഒരു സുഹൃദ്ബന്ധമാണിത്! മറ്റൊരു സ്നേഹിതൻ നമ്മുടെ അയൽപ്പക്കത്തു വസിച്ചെന്നിരിക്കും. അല്ലെങ്കിൽ വീട്ടിൽ വന്നു താമസിച്ചെന്നു വരാം. എന്നാൽ ഇവിടെ ഇതാ ഒരു സ്നേഹിതൻ. അവൻ നമ്മുടെ ഉള്ളിൽ വസിക്കുന്നു! ഇതിനേക്കാൾ വലിയ ഒരു സുഹൃദ്ബന്ധമുണ്ടോ?. യേശു കർത്താവ് സ്വർഗ്ഗത്തിൽ നിന്ന് നമ്മോടൊപ്പം വസിക്കാൻ വന്നപ്പോൾ അവിടുന്നു മാർത്തയോടും മറിയയോടും ലാസറിനോടും ഒപ്പം താമസിച്ചു. പരീശന്റെ ഭവനത്തിൽ അവിടുന്നു ഭക്ഷണത്തിനിരുന്നപ്പോൾ പാപിനിയായ സ്ത്രീയെ തന്റെ പാദം കണ്ണീരുകൊണ്ടു കഴുകുവാനും തലമുടികൊണ്ടു തുവർത്തുവാനും അനുവദിച്ചു. അതു സൗഹൃദമാണ്. പക്ഷേ പരിശുദ്ധാത്മാവു വന്ന് ഈ മൺകൂടാരങ്ങളിൽ വസിക്കുന്നതല്ലേ വലിയ സൗഹൃദം?.





**പരിശുദ്ധാത്മാവു വന്നു വിശ്വാസിയുടെ ഹൃദയത്തിൽ വസിക്കുന്നു.എത്ര ഗാഢമായ സൗഹൃദബന്ധമാണിത്! മറ്റൊരു സ്നേഹിതൻ നമ്മുടെ അയൽപ്പക്കത്തു വസിച്ചെന്നിരിക്കും. അല്ലെങ്കിൽ വീട്ടിൽ വന്നു താമസിച്ചെന്നുവരാം. എന്നാൽ ഇവിടെ ഇതാ ഒരു സ്നേഹിതൻ. അവൻ നമ്മുടെ ഉള്ളിൽ വസിക്കുന്നു! ഇതിനേക്കാൾ വലിയ ഒരു സുഹൃദ്ബന്ധമുണ്ടോ?**

**2. വിശ്വസിക്കുന്ന ആത്മാക്കളെ പരിശുദ്ധാത്മാവു പഠിപ്പിക്കുന്നു.**

എല്ലാസത്യത്തിലും നമ്മെ വഴിനടത്തുന്നതാണു പരിശുദ്ധാത്മാവിന്റെ വലിയ പ്രവൃത്തി (യോഹന്നാൻ 16:12; 1 യോഹന്നാൻ 3:20). നമ്മെ പഠിപ്പിക്കുന്നതും സാവധാനം പഠിക്കുന്നവരെ സഹിക്കുന്നതുമല്ലേ സഹോദരീസഹോദരന്മാരേ, സൗഹൃദത്തിന്റെ മഹത്തായ ഒരു ലക്ഷണം? വിശ്വസിക്കുന്ന ഒരാത്മാവിനോടുള്ള പരിശുദ്ധാത്മാവിന്റെ സുഹൃദ്ബന്ധം ഇങ്ങനെയാണ്; ബൃഹത്തായ മനസ്സുള്ള ശക്തനായ ഒരുവൻ താഴ്മയോടും ക്ഷമയോടും ഒരു കുഞ്ഞിനെ അക്ഷരമാല പഠിപ്പിക്കുന്നതു സങ്കല്പിക്കുക. പടകിൽ ഇരുന്നുകൊണ്ട് തടാകക്കരയിൽകൂടിയിരുന്ന ആളുകളെ യേശുക്രിസ്തു പഠിപ്പിച്ചു. എന്നാൽ നിങ്ങളെ എല്ലാകാര്യവും പഠിപ്പിക്കുകയും, നിങ്ങളുടെ മടയത്തരങ്ങൾ പൊറുക്കുകയും സത്യത്തെ സ്നേഹത്തോടെ സ്വീകരിക്കാൻ നിങ്ങളുടെ ഹൃദയത്തെ തുറക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ സുഹൃദ്ബന്ധം ആഴമേറിയതല്ലേ?.

**3. പരിശുദ്ധാത്മാവ് വിശ്വാസിയെ പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നു.**

വിശ്വാസിയുടെ ഉള്ളിൽ നിന്ന് പരിശുദ്ധാത്മാവു പ്രാർത്ഥിക്കുന്നു. ദൈവത്തെ പിതാവെന്നു വിളിക്കുവാൻ അവിടുന്നു പഠിപ്പിക്കുന്നു (റോമർ 8:15). നമ്മുടെ ബലഹീനതയിലും അവിടുന്നു തുണനില്ക്കും (26-ാം വാക്യം). ഇവിടുത്തെ ഗ്രീക്കു വാക്ക് വളരെ ശ്രദ്ധേയമാണ്. കാരണം ഭാരച്ചുമടിനു താഴെ പരിശുദ്ധാത്മാവു കടന്നുവന്ന് അവിടുന്നു നമ്മുടെ ബലഹീനതയിൽ നമ്മെ സഹായിക്കുമെന്നാണ് ആ വാക്കിന്റെ ശരിയായ അർത്ഥം. അതുകൊണ്ട് സഹോദരീസഹോദരന്മാരേ, പരിശുദ്ധാത്മാവിന്റെ സ്നേഹബന്ധത്തിന്റെ മറ്റൊരു ലക്ഷണം ഇതാണ്- അവിടുന്നു നമ്മിൽ വസിക്കുക മാത്രമല്ല; ‘അബ്ബാ’ എന്നുവിളിക്കാനും നമ്മെ പഠിപ്പിക്കുന്നു. ‘പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കാൻ’ അവിടുന്നു നമ്മെ അഭ്യസിപ്പിക്കുന്നു. പ്രാർത്ഥിക്കാൻ പഠിപ്പിക്കുന്നതു യഥാർത്ഥസൗഹൃദത്തിന്റെ ലക്ഷണമാണ്. പക്ഷേ പരിശുദ്ധാത്മാവിന്റെ സ്നേഹം ഇതിനെക്കാൾ മഹത്താണ്. അവിടുന്നു നമ്മുടെ വായിൽ വാക്കുകളെ തരുന്നു, പ്രാർത്ഥിക്കാനുള്ള വാഞ്ഛ ഹൃദയത്തിൽ നൽകുന്നു. ഒന്നിച്ചു പ്രാർത്ഥിക്കുന്നത് വലിയ സ്നേഹബന്ധമാണ്. എന്നാൽ ഒരുവന്റെ ഉള്ളിൽ വന്നു പ്രാർത്ഥിക്കുന്നതു കൂടുതൽ മഹത്തായ സൗഹൃദത്തിന്റെ ലക്ഷണമാണ്. ദൈവത്തിന്റെ ആത്മാവിന്റെ സ്നേഹബന്ധം ഈ നിലയിലാണ്.

**4. വിശ്വസിക്കുന്ന ഹൃദയത്തെ പരിശുദ്ധാത്മാവു മുദ്രയിടുന്നു.**

‘വീണ്ടെടുപ്പുനാളിനായി നിങ്ങളെ മുദ്രയിട്ടിരിക്കുന്നു’ (എഫേസ്യർ 4:30). ‘വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ നിങ്ങൾ അവനിൽ മുദ്രയിടപ്പെട്ടിരിക്കുന്നു” (എഫേസ്യർ 1:14). ഒരാളുടെ സ്വഭാവത്തിനു മറ്റൊരാളുടെ മേൽ സ്വാധീനശക്തിയുണ്ട്. നാം ആർക്കിടയിലാണോ ജീവിക്കുന്നത്

**നാം ഒരു വിശുദ്ധനോടൊപ്പം താമസിച്ചാൽ അവനിൽ നിന്നു സ്വാധീനശക്തിയുടെ മുദ്ര സ്വീകരിക്കാതിരിക്കാൻ കഴിയുകയില്ല. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവിൽനിന്ന് ആ മുദ്ര എത്ര അധികം നമുക്കു ലഭിക്കും! ഒരു മുദ്ര മെഴുകിൽ പതിക്കുന്നതുപോലെയാണത്. വാഗ്ദത്തത്തിൽ പരിശുദ്ധാത്മാവിനാൽ നാം വീണ്ടെടുപ്പുനാളിനായാണു മുദ്രയിടപ്പെട്ടിരിക്കുന്നത്-അത് തകർക്കുവാൻ കഴിയുകയില്ല.**

അവരിൽനിന്നാണു നാം നമ്മുടെ ജീവിതത്തിന്റെ നിറം സ്വീകരിക്കുന്നത്. നാം ഒരു വിശുദ്ധനോടൊപ്പം താമസിച്ചാൽ അവനിൽ നിന്നു സ്വാധീനശക്തിയുടെ മുദ്ര സ്വീകരിക്കാതിരിക്കാൻ കഴിയുകയില്ല. അങ്ങനെയെങ്കിൽ പരിശുദ്ധാത്മാവിൽനിന്ന് ആ മുദ്ര എത്രയധികം നമുക്കു ലഭിക്കും! ഒരു മുദ്ര മെഴുകിൽ പതിക്കുന്നതുപോലെയാണത്. വാഗ്ദത്തത്തിൻ പരിശുദ്ധാത്മാവിനാൽ നാം വീണ്ടെടുപ്പുനാളിനായാണു മുദ്രയിടപ്പെട്ടിരിക്കുന്നത്-അത് തകർക്കുവാൻ ആർക്കും കഴിയുകയില്ല.

പ്രിയസഹോദരീസഹോദരന്മാരേ, ഞാൻ ചോദിക്കട്ടെ, 'ഈ നല്ല സ്നേഹിതനെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും അറിയാമോ?' ഈ ലോകത്തിന് അവനെ സ്വീകരിക്കാൻ കഴിയുകയില്ല. ഈ ലോകക്കാരനാണെങ്കിൽ നിങ്ങൾക്കും അവനെ സ്വീകരിക്കാൻ സാധ്യമല്ല. നിങ്ങളുടെ ഉള്ളിൽ വാക്കുകളായി പുറത്തുവരാത്ത ഞരക്കങ്ങൾ പരിശുദ്ധാത്മാവു നടത്തുന്നതിനെക്കുറിച്ച് നിങ്ങൾക്കറിയാമോ?. അത് നിങ്ങൾക്ക് അറിയില്ലേ? എങ്കിൽ പ്രിയ സ്നേഹിതാ, നിങ്ങൾ ദൈവത്തിൽ നിന്നു ബഹുകാതം അകലെയാണ്. നിങ്ങൾക്ക് ഈ ചോദ്യത്തെക്കുറിച്ച് എന്തു തോന്നുന്നു?. ഞാൻ പറയുന്നതു വിഡ്ഢിത്തമാണെന്നു നിങ്ങൾ ചിന്തിക്കുന്നുവോ?. "എന്നാൽ പ്രാകൃതമനുഷ്യൻ ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അത് അവനു ഭോഷത്തം ആകുന്നു. ആത്മികമായി വിവേചിക്കേണ്ടതാകയാൽ അത് അവനു ഗ്രഹിപ്പാൻ കഴിയുന്നതുമല്ല." (1 കൊരിന്ത്യർ 2:14). ഈ കാര്യങ്ങൾ നിങ്ങൾക്കു മനസ്സിലാകുന്നില്ലെങ്കിൽ നിങ്ങൾ ഈ ലോകത്തിന്റെ സ്നേഹിതനാണെന്നതാണ് അതിനു കാരണം.

**ആത്മാവു ദുഃഖിക്കുന്ന വഴികൾ**

ഭൂമിയിലായിരുന്നപ്പോൾ ഒരിക്കൽ പരീശന്മാരുടെ ഹൃദയകാഠിന്യത്തിൽ ദുഃഖിച്ച് യേശുക്രിസ്തു ചുറ്റും നോക്കിയതായി നാം വായിക്കുന്നു. യേശുവിന് അന്നു തോന്നിയതാണ് പാപം കാണുമ്പോൾ ഇന്നു പരിശുദ്ധാത്മാവിനും തോന്നുന്നത്. മറ്റൊരിക്കൽ ക്രിസ്തു പത്രോസിനെ നോക്കിയപ്പോൾ പത്രോസ് കരഞ്ഞു എന്നും നാം വായിക്കുന്നു. അത് എന്തുതരം നോട്ടമായിരുന്നുവെന്നു രേഖപ്പെടുത്തിയിട്ടില്ല. പക്ഷേ സംശയമില്ല, അതു ദുഃഖത്തോടെയുള്ള നോട്ടമായിരുന്നു.

**1. ക്രിസ്തുവിന്റെ പ്രവൃത്തികളുടെ സ്ഥാനത്തു പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ മഹത്വപ്പെടുത്തുമ്പോൾ പരിശുദ്ധാത്മാവു ദുഃഖിക്കുകയാണ്.**

ക്രിസ്തുവിന്റെ പ്രവൃത്തിയെ മഹത്വപ്പെടുത്തുക എന്നതാണു പരിശുദ്ധാത്മാവിന്റെ ജോലി (യോഹന്നാൻ 16:14,15). ഇതാണു പരിശുദ്ധാത്മാവിന്റെ പ്രവൃത്തി. തന്നെത്തന്നെ പ്രദർശിപ്പിക്കുവാനല്ല ക്രിസ്തുവിനെ വെളിപ്പെടുത്തുവാനാണു പരിശുദ്ധാത്മാവ് ഇഷ്ടപ്പെടുന്നത്. പെന്തക്കോസ്തു നാളിൽ മൂവായിരംപേർ രക്ഷിക്കപ്പെട്ടപ്പോൾ തീർച്ചയായും അതു പരിശുദ്ധാത്മാ





**ചിലപ്പോഴെങ്കിലും ഒരു വിശ്വാസി ക്രിസ്തുവിന്റെ പ്രവൃത്തികളിൽനിന്നു മാറി പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളിൽ ദൃഷ്ടി ഉറപ്പിച്ചേക്കാം. പക്ഷേ ഇതു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതാണ്. പരിശുദ്ധാത്മാവ് സ്വാർത്ഥതയുടെ ആത്മാവായിരുന്നെങ്കിൽ തന്നെ ഉയർത്തുന്നതിൽ അതു സന്തോഷിക്കുമായിരുന്നു. പക്ഷേ പരിശുദ്ധാത്മാവ് സ്വാർത്ഥതയുടെ ആത്മാവല്ല.**

വിന്റെ ഒരു പ്രവൃത്തിയായിരുന്നു. പക്ഷേ അവിടെ ക്രിസ്തുവിന്റെ പ്രവൃത്തികളുടെ ദിവ്യമികവാണ് പരിശുദ്ധാത്മാവ് എടുത്തുകാട്ടിയത്. എന്തുകൊണ്ടാണു പരിശുദ്ധാത്മാവ് അതു ചെയ്തത്?. കാരണം, ഉന്നതങ്ങളിൽ ദൈവത്തിനു മഹത്വവും ഭൂമിയിൽ സമാധാനവും മനുഷ്യർക്കു നന്മയും നൽകുന്നതു ക്രിസ്തുവിന്റെ പ്രവൃത്തികളാണ്. പക്ഷേ ചിലപ്പോഴെങ്കിലും ഒരു വിശ്വാസി ക്രിസ്തുവിന്റെ പ്രവൃത്തികളിൽനിന്നു മാറി പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളിൽ ദൃഷ്ടി ഉറപ്പിക്കുകയും സമാധാനത്തിന്റെ അടിത്തറയായി അതിനെ കാണുകയും ചെയ്തേക്കാം. പക്ഷേ ഇതു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നതാണ്. പരിശുദ്ധാത്മാവ് സ്വാർത്ഥതയുടെ ആത്മാവായിരുന്നെങ്കിൽ തന്നെ ഉയർത്തുന്നതിൽ അതു സന്തോഷിക്കുമായിരുന്നു. പക്ഷേ പരിശുദ്ധാത്മാവ് സ്വാർത്ഥതയുടെ ആത്മാവല്ല. അതുകൊണ്ട് പരിശുദ്ധാത്മാവിനെ ഇത്രത്തോളം ദുഃഖിപ്പിക്കുന്ന മറ്റൊരു കാര്യമില്ല.

**2. നിങ്ങൾ പൂർണ്ണമായി ആശ്രയിക്കാതിരിക്കുമ്പോൾ പരിശുദ്ധാത്മാവു ദുഃഖിക്കുകയാണ്.**

നിങ്ങളുടെ വിശുദ്ധി മുഴുവൻ നിങ്ങൾ പരിശുദ്ധാത്മാവിൽ നിന്ന് എടുക്കുന്നില്ലെങ്കിൽ അതു പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കും. നിങ്ങളെ വിശുദ്ധീകരിക്കുക-അതാണു പരിശുദ്ധാത്മാവിന്റെ മഹത്തായ പ്രവൃത്തി (യെഹെസ്കേൽ 36:27). വിശുദ്ധിക്കായി നിങ്ങൾ എത്രത്തോളം പരിശുദ്ധാത്മാവിൽ ചാരുമോ അത്രത്തോളം നിങ്ങളും പരിശുദ്ധാത്മാവും സ്നേഹിതരാണ്. എന്നാൽ എപ്പോൾ പരിശുദ്ധാത്മാവിന്റെ മേൽ ചാരുന്നതു നിർത്തുമോ അപ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്. നിങ്ങൾ ഒരു വലിയ നദി മറികടക്കുകയാണെന്നിരിക്കട്ടെ. നിങ്ങളെക്കാൾ ശക്തനും കഴിവുള്ളവനുമായ ഒരുവന്റെ മേൽ ചാരിക്കൊണ്ടാണ് നിങ്ങൾ ആ നദി കടക്കുന്നത്. എന്നാൽ നദിയുടെ മദ്ധ്യത്തിൽ എത്തിയപ്പോൾ നിങ്ങൾ സഹായിയുടെ സഹായഹസ്തം തട്ടിയെറിഞ്ഞശേഷം ബാക്കി ദൂരം സ്വയമേ നീന്താൻ തുടങ്ങിയാൽ നിങ്ങൾ ആ സ്നേഹിതനെ ദുഃഖിപ്പിക്കുകയല്ലേ?. ഇതുപോലെയാണു നമ്മൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത്. "നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും. ഞാൻ ചെയ്തിരിക്കുന്നു. ഞാൻ വഹിക്കയും ഞാൻ ചുമന്നു വിടുവിക്കയും ചെയ്യും" (യെശയ്യാവ് 46:4). എന്നാണ് പരിശുദ്ധാത്മാവിന്റെ വാഗ്ദാനം. എന്നാൽ നമ്മൾ ഇതു നിരസിക്കുമ്പോൾ നാം പരിശുദ്ധാത്മാവിനെ വ്യസനിപ്പിക്കുകയാണ്. പരീക്ഷകളും പരിശോധനകളും മോഹങ്ങളും നമ്മെ വലയം ചെയ്യുമ്പോൾ നാം പരിശുദ്ധാത്മാവിന്റെമേൽ ചാരുന്നില്ലെങ്കിൽ നാം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്. നാം പരിശുദ്ധാത്മാവിനു പകരം മറ്റൊരാളെയോ, നമ്മുടെ വിദ്യാഭ്യാസത്തെയോ, നമ്മുടെ തീരുമാനശക്തിയെയോ,

*(ശേഷം പേജ് 40 ൽ)*

**അനുഭവം**

# വിദേശരാജ്യങ്ങളിൽ സഭകൾ ഉടലെടുക്കുന്നു

സാക് പുന്നൻ

**പ**രിശുദ്ധാത്മാവിനാൽ സ്നാനം ലഭിക്കുമ്പോൾ ശിഷ്യന്മാർ യെരുശലേമിലും, യഹൂദ്യയിലും, ശമര്യയിലും, ഭൂമിയുടെ അറ്റത്തോളവും തന്റെ സാക്ഷികൾ ആകും എന്ന് യേശു പറഞ്ഞു. (പ്രവൃത്തി 1:8). ദൈവം തന്റെ വേല സാവധാനത്തിലും പടിപടിയായുമാണ് ചെയ്യുന്നത്. ക്രമേണ വലുതാകുന്ന വൃത്തങ്ങൾ പോലെ. എന്റെ ക്രിസ്തീയശുശ്രൂഷയിലും ഈ കാര്യം സത്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

**അല്പകാര്യങ്ങളുടെ ദിവസം -37**

ബാംഗ്ലൂരിൽ ഒരു സഭ തുടങ്ങുന്ന കാര്യം മുൻകൂട്ടി ഞങ്ങൾ ചിന്തിച്ചിരുന്നതല്ല. അത് പൂർണ്ണമായും ദൈവത്തിന്റെ പ്രവൃത്തിയായിരുന്നു. അപ്പോഴും ഞങ്ങളിലുടെ ഇന്ത്യയുടെ മറ്റ് ഭാഗങ്ങളിലേയക്ക് ഈ വേല വ്യാപിക്കും എന്ന് ചിന്തിച്ചിരുന്നില്ല. ഇന്ത്യയുടെ വിവിധ ഇടങ്ങളിൽ പ്രാദേശിക സഭകൾ ഉടലെടുക്കുന്നത് കണ്ടപ്പോൾ ഞങ്ങൾക്ക് വളരെ സന്തോഷം തോന്നി. ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നത് ഇന്ത്യയിലേക്ക് മാത്രമാണെന്ന് അന്ന് തോന്നിയിരുന്നു. എന്നാൽ ദൈവത്തിന് ഞങ്ങളെക്കുറിച്ച് മറ്റ് പദ്ധതികളും ഉണ്ടായിരുന്നു.

പല വർഷങ്ങളായിട്ടുള്ള എന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "കർത്താവേ, ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി അന്വേഷിക്കുന്ന ആരെങ്കിലും ഈ പ്രദേശത്ത് ഉണ്ടെങ്കിൽ ഞങ്ങളെ അവരുടെ അടുത്തേയ്ക്ക് അയയ്ക്കേണമേ, അല്ലെങ്കിൽ അവരെ ഞങ്ങളെ അടുത്തേയ്ക്ക് അയയ്ക്കേണമേ. ഇതു രണ്ടും ചെയ്യുവാൻ അങ്ങയ്ക്ക് കഴിയുന്നില്ലെങ്കിൽ ഞങ്ങളുടെ കുറവ് എന്താണെന്ന് പറയേണമേ". ഈ പ്രാർത്ഥന തുടർന്നപ്പോൾ സഭയിൽ ക്രമീകരിക്കേണ്ട പലകാര്യങ്ങളും, ദൈവം ഞങ്ങളെ കാണിച്ചു. അവിടുന്ന് ഞങ്ങളെ കാണിച്ച ഒരു പ്രധാന കാര്യം ഞങ്ങളിൽ നിന്നും നീക്കപ്പെടേണ്ട പരീശമനോഭാവവും, സൗഹാർദ്ദപരമല്ലാത്ത ആത്മാവും ആയിരുന്നു. ഇതിൽ നിന്നും ശുദ്ധീകരണം പ്രാപിക്കുവാൻ ഞങ്ങൾ മനസ്സുവച്ചപ്പോൾ ആത്മീയ വിശപ്പുള്ള ആളുകളെ ദൈവം ഞങ്ങളുടെ അടുത്തേയ്ക്ക് അയയ്ക്കാൻ തുടങ്ങി. ആദ്യം ബാംഗ്ലൂരിൽ നിന്നും, തുടർന്ന് ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നും, ഒടുവിലായി ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും. ഞങ്ങൾ അവരെ തേടിപ്പോയതല്ല, ദൈവം അവരെ അയയ്ക്കുകയായിരുന്നു

അഞ്ചുവ്യത്യസ്ത രാജ്യങ്ങളിൽ സഭകൾ ഉടലെടുക്കാനുണ്ടായ സാഹചര്യങ്ങൾ ഉദാഹരണത്തിനായി





താഴെപ്പറയാം. (മനഃപൂർവ്വമായി രഹസ്യ സ്വഭാവം നിലനിർത്താനായി ഞാൻ രാജ്യങ്ങളുടെയും വ്യക്തികളുടെയും പേരുകൾ ഒഴിവാക്കുകയാണ്.)

ഒന്നാമത്തെ വിദേശരാജ്യം.

ഈ രാജ്യത്ത് ,താമസിച്ച് ജോലിചെയ്തിരുന്ന ഭാരതീയനായ ഒരു ചെറുപ്പക്കാരനായ സഹോദരൻ തന്റെ ബന്ധുക്കളെ സന്ദർശിക്കാനായി മാതൃരാജ്യത്തേക്കു വന്നു. മദ്രാസിൽ ആയിരിക്കുമ്പോൾ ഞങ്ങൾ പ്രസിദ്ധീകരിച്ചിരുന്ന മാസികയുടെ ഒരു കോപ്പി അയൽക്കാരൻ അദ്ദേഹത്തിന് കൊടുത്തു. അതിൽ എന്റെ ഒരു ലേഖനം ഉണ്ടായിരുന്നു. ആ സന്ദേശം ആ സഹോദരന വെല്ലുവിളിക്കുകയും ബാംഗ്ലൂരിൽ വരുമ്പോൾ എന്നെ സന്ദർശിക്കാൻ തീരുമാനിക്കുകയും ചെയ്തു. അദ്ദേഹം വീട്ടിൽ വന്നപ്പോൾ ഞാൻ പട്ടണത്തിൽ ഇല്ലായിരുന്നു. എന്നാൽ എന്റെ പത്നി ആനിയുമായി സംസാരിച്ച അദ്ദേഹം എന്റെ ചില പുസ്തകങ്ങളുമായി താൻ ജോലിചെയ്തിരുന്ന വിദേശരാജ്യത്തേയ്ക്ക് പോയി. ഈ പുസ്തകങ്ങളിൽ താൻ വായിച്ചു ഗ്രഹിച്ച കാര്യങ്ങൾ അദ്ദേഹത്തിന്റെ മനസ്സിനെ ഗണ്യമായി സ്വാധീനിച്ചു. അടുത്ത വർഷം ഇന്ത്യയിലേയ്ക്ക് വന്നപ്പോൾ ആറാഴ്ച ബാംഗ്ലൂരിൽ താമസിക്കയും സഭയുടെ കൂട്ടായ്മ ലഭിക്കുകയും ചെയ്തു. വിദേശത്തേയ്ക്ക് മടങ്ങിപ്പോയപ്പോൾ ജയകരമായ ക്രിസ്തീയജീവിതം അന്വേഷിക്കുന്ന ആരെങ്കിലും ഉണ്ടോ എന്ന് തിരഞ്ഞുകൊണ്ടിരുന്നു. ഒന്നുരണ്ടുപേരെ കണ്ടുമുട്ടാൻ ഇടയായി. ചില വർഷങ്ങൾക്കുശേഷം കേവലം മൂന്നുപേരുള്ള അദ്ദേഹത്തിന്റെ കൊച്ചു കൂട്ടായ്മയിലേയ്ക്ക് ചെല്ലാൻ ഞാൻ തയ്യാറാണോ എന്ന് ചോദിച്ചു. ഞാൻ സമ്മതിക്കുകയും അവിടെപോയി അവരുമായി ദൈവവചനം പങ്കുവയ്ക്കുകയും ചെയ്തു. ആ ചെറിയ തുടക്കത്തിൽ നിന്നും ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ഒരു തുടക്കം ആ പട്ടണത്തിൽ ആരംഭിക്കാൻ ഇടയായി. കഴിഞ്ഞ 20 വർഷങ്ങളായി പലതവണ ഞാൻ അവരെ സന്ദർശിച്ചിട്ടുണ്ട്. സഭയ്ക്ക് വേണ്ടിയുള്ള സമ്മേളനങ്ങളും വെളിയിലുള്ളവർക്കായി പ്രത്യേക മീറ്റിംഗുകളും നടത്താൻ ഇടയായി. ഈ സഭയോട് അനുഗ്രഹിക്കപ്പെട്ട പല സഹോദരീസഹോദരന്മാരെ കൂട്ടി ചേർക്കാൻ ദൈവത്തിന് ഹിതമായി. അപ്പോൾ തന്നെ നമ്മോടൊത്ത് ആയിരിക്കാൻ വിളിക്കപ്പെട്ടിട്ടില്ലാത്ത ചിലരെ അവിടുന്ന് നീക്കിക്കളയുകയും ചെയ്തിട്ടുണ്ട്. ആദ്യം ബാംഗ്ലൂരിൽ വന്ന് ഞങ്ങളെ പരിചയപ്പെട്ട ആ സഹോദരൻ ഇപ്പോൾ പ്രസ്തുത സഭയിലെ മൂപ്പനായി ദൈവസഭയെ നയിക്കുന്നു.

രണ്ടാമത്തെ വിദേശരാജ്യം

1970 കളുടെ ആരംഭത്തിൽ ഈ രാജ്യത്തു നടന്ന ഒരു ക്രിസ്തീയ സമ്മേളനത്തിൽ പ്രസംഗിക്കാനായി ഞാൻ പോയപ്പോൾ അവിടെയുള്ള ഒരു വലിയ സഭയിലെ ഒരു സഹോദരനെ പരിചയപ്പെടാൻ ഇടയായി. ഞാൻ എപ്പോഴെങ്കിലും അതുവഴിപോകുമ്പോൾ തന്നെ സന്ദർസിക്കാൻ അദ്ദേഹം എന്നെ ക്ഷണിച്ചു. പത്തു വർഷങ്ങൾക്കുശേഷം, എന്തകൊണ്ടാണെന്ന് വ്യക്തമല്ലായിരുന്നെങ്കിലും ഈ സഹോദരനെ സന്ദർശിക്കാൻ എന്റെ ഉള്ളിൽ ഒരു ഭാരം ഉണ്ടായി. വിമാനയാത്രയ്ക്കുള്ള പണം അപ്പോൾ എന്റെ കൈവശം ഇല്ലായിരുന്നു. ഞാൻ എന്റെ മോപ്പഡ് (ഇരുചക്രവാഹനം) വിറ്റ് ആ പണം കൊണ്ട് ടിക്കറ്റുവാങ്ങി അവിടേയ്ക്ക് യാത്രയായി. ഒരു ശനിയാഴ്ചയാണ് ഞാൻ അവിടെ എത്തിയത്. അദ്ദേഹത്തിന്റെ സഭയുടെ ഒരു സന്ദർശകമുറിയിൽ ഈ സഹോദരൻ എനിക്ക് താമസസൗകര്യം ഒരുക്കി. ഞായറാഴ്ച രാവിലെ ആ സഭയിൽ വചനം പ്രസം

**പല വർഷങ്ങളായിട്ടുള്ള എന്റെ ഒരു പ്രാർത്ഥന ഇപ്രകാരമാണ്. "കർത്താവേ, ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി അന്വേഷിക്കുന്ന ആരെങ്കിലും ഈ പ്രദേശത്ത് ഉണ്ടെങ്കിൽ ഞങ്ങളെ അവരുടെ അടുത്തേയ്ക്ക് അയയ്ക്കേണമേ, അല്ലെങ്കിൽ അവരെ ഞങ്ങളെ അടുത്തേയ്ക്ക് അയയ്ക്കേണമേ. ഇതു രണ്ടും ചെയ്യുവാൻ അങ്ങയ്ക്ക് കഴിയുന്നില്ലെങ്കിൽ ഞങ്ങളുടെ കുറവ് എന്താണെന്ന് പറയേണമേ" .**

ഗിക്കേണ്ടിയിരുന്ന ആൾ വിമാനം വൈകിയതിനാൽ എത്തിയിട്ടില്ല എന്ന് അറിയാൻ ഇടയായി. ഞാൻ സ്ഥലത്തുണ്ട് എന്നറിഞ്ഞ സഭയിലെ മൂപ്പന്മാർ എന്നോട് വചനം പ്രസംഗിക്കാൻ ആവശ്യപ്പെട്ടു.

ആ സഭയോട് സംസാരിക്കാൻ ദൈവം എനിക്ക് ഒരു വചനം നൽകിയതിനാൽ വലിയ സ്വാതന്ത്ര്യത്തോടെ അന്ന് ദൈവവചനം പ്രസംഗിക്കാൻ കഴിഞ്ഞു. അന്നത്തെ മീറ്റിംഗ് വലിയ അനുഗ്രഹമായിരുന്നതിനാൽ സഭാ മൂപ്പന്മാർ വീണ്ടും എന്നോട് വചനം പ്രസംഗിക്കുവാൻ ആവശ്യപ്പെട്ടു. തുടർന്നു മൂന്നു ദിവസങ്ങൾ പ്രത്യേകയോഗങ്ങൾ അവർ ക്രമീകരിച്ചു. ഓരോ ദിവസത്തെയും രാത്രിയോഗങ്ങൾക്കുശേഷം ആ സഭയിലെ കുറെ ചെറുപ്പക്കാരുമായി ഞാൻ ദീർഘനേരം സമയം ചെലവഴിച്ചു. ആ ചെറുപ്പക്കാർ ദൈവവചന സത്യങ്ങൾക്കായി ദാഹിക്കുന്നവർ ആയിരുന്നതിനാൽ രാത്രി രണ്ടുമണിവരെ ആ സംഭാഷണങ്ങൾ നീണ്ടുപോയിരുന്നു. ആറുമാസങ്ങൾക്കുശേഷം ഈ ചെറുപ്പക്കാരായ സഹോദരന്മാർ ആ വലിയ സഭവിട്ട് വേറെ കൂടുവാൻ തുടങ്ങി. അവരുടെ സഭയായുള്ള ആദ്യ കോൺഫറൻസിന് എന്നെ ക്ഷണിക്കുകയുണ്ടായി. അതിനുശേഷം എല്ലാവർഷവും ഇതുപോലെയുള്ള കോൺഫറൻസുകൾക്കായി ഞാൻ പോകാറുണ്ട്. കാലക്രമേണ, മറ്റു സ്ഥലങ്ങളിൽ എന്നപോലെ ഇവിടെയും ചിലർ സഭവിട്ടു പോകുകയും പുതിയ സഹോദരന്മാർ അവരുടെ സ്ഥാനത്ത് കടന്നുവരികയും ചെയ്തുകൊണ്ടിരുന്നു. എവിടെയും ദൈവപ്രവൃത്തി ഈ വിധത്തിലായിരുന്നു.

മൂന്നാമത്തെ വിദേശരാജ്യം

മറ്റൊരു വിദേശരാജ്യത്ത് ജോലിചെയ്തുകൊണ്ടിരുന്ന ഇന്ത്യക്കാരനായ ഒരു യുവസഹോദരൻ പുതിയ വീഞ്ഞിനെക്കുറിച്ചുള്ള എന്റെ ടേപ്പ് ചെയ്ത സന്ദേശങ്ങൾ (മത്തായി 5,6,7) കേൾക്കാനിയായി. പുതിയ നിയമസഭ എന്ന പുതുയ തുരുത്തിയെപ്പറ്റിയും അതിൽ പരാമർശിച്ചിരുന്നു. ആ സ്നേഹിതൻ ദൈവസന്നിധിയിൽ അനുതപിച്ച്, ജലസ്നാനം സ്വീകരിച്ച് ഒരു ശിഷ്യനായി ജീവിക്കാൻ തീരുമാനിച്ചു. അവധിക്ക് ഇന്ത്യയിൽ എത്തിയപ്പോൾ ഇന്ത്യാക്കാരനായ ഒരു പാസ്റ്റർ, ഞാൻ ദുരുപദേശങ്ങൾ പഠിപ്പിക്കുന്ന ആളാകയാൽ ഞാനുമായിയൊതൊരു സമ്പർക്കവും പാടില്ല എന്ന് മുന്നറിയിപ്പ് നൽകുകയുണ്ടായി. സത്യം അറിയാനുള്ള താത്പര്യത്തോടെ ഈ സഹോദരൻ ബാംഗ്ലൂരിൽ വന്ന് ചില മണിക്കൂറുകൾ എന്നോടൊപ്പം ചെലവഴിക്കുകുയം താൻ കേട്ട ആരോപണങ്ങൾ എല്ലാം അജ്ഞതയിൽ നിന്നും അസൂയയിൽ നിന്നും ഉടലെടുത്ത അസത്യങ്ങൾ ആയിരുന്നു എന്ന് ഗ്രഹിക്കുകയും ചെയ്തു. പിന്നീട് പൊതുയോഗത്തിൽ അദ്ദേഹം എന്നെ ശ്രദ്ധിക്കുകയും കുടുംബജീവിതം ഒരു ശിഷ്യനെ സംബന്ധിച്ചിടത്തോളം എത്രമാത്രം





**ദൈവം ഞങ്ങളെ കാണിച്ച ഒരു പ്രധാന കാര്യം ഞങ്ങളിൽ നിന്നും നീക്കപ്പെടേണ്ട പരീശമനോഭാവവും, സൗഹാർദ്ദപരമല്ലാത്ത ആത്മാവും ആയിരുന്നു. ഇതിൽ നിന്നും ശുദ്ധീകരണം പ്രാപിക്കുവാൻ ഞങ്ങൾ മനസ്സുവച്ചപ്പോൾ ആത്മീയ വിശപ്പുള്ള ആളുകളെ ദൈവം അയയ്ക്കാൻ തുടങ്ങി. ആദ്യം ബാംഗ്ലൂരിൽ നിന്നും, തുടർന്ന് ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ നിന്നും, ഒടുവിലായി ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും.**

പ്രാധാന്യം ഉള്ളതാണെന്ന് ഗ്രഹിക്കുകയും ചെയ്തു. താൻ ജോലിചെയ്തുകൊണ്ടിരുന്ന രാജ്യത്തേക്ക് തന്റെ കുടുംബത്തെ കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യമായിരുന്നതിനാൽ ആ ജോലി രാജിവച്ച് ഇന്ത്യയിലേക്ക് മടങ്ങിവന്ന് കുടുംബജീവിതത്തിൽ ശ്രദ്ധിക്കാൻ തുടങ്ങി. ദൈവം ഈ സഹോദരനെ മാനിച്ച് ഇപ്പോഴത്തെ വിദേശരാജ്യത്ത് കുറെക്കൂടി മെച്ചമായ ഒരു ജോലി നൽകി. കുടുംബസമേതം ഇവിടെ താമസിച്ച് ജോലിചെയ്യുന്ന ഈ സഹോദരൻ ദൈവിക സത്യങ്ങൾക്കായി നിലകൊണ്ടതിനാൽ മറ്റ് രണ്ട് കുടുംബങ്ങൾ കൂടി ചേർന്നുവരാൻ ഇടയായി. ആദ്യമായി അവിടെ നടന്ന കോൺഫറൻസ് ഈ മൂന്നു കുടുംബങ്ങൾക്കു മാത്രമായിരുന്നു. അധിക നാൾ കഴിയും മുന്നേ മറ്റേ രണ്ടു കുടുംബങ്ങളും ഇടർച്ച ഉണ്ടായി വിട്ടുപോയി.എന്നാൽ ദൈവം പുതിയ കുടുംബങ്ങളെ അയച്ചു. ഞാൻ പല തവണ അവരെ സന്ദർശിക്കുകയും അനേകർ പുതുതായി അവരുടെ മദ്ധ്യത്തിലേക്ക് കടന്നുവരുകയും ചെയ്യുന്നു. കഴിഞ്ഞ പല വർഷങ്ങളിലായി അവിടുത്തെ സഭ മുഖാന്തിരം ലോകമെമ്പാടും അനേകായിരം പേർക്ക് ഈ സന്ദേശങ്ങൾ എത്തിക്കുവാൻ ടേപ്പുകളിലൂടെയും സിഡികളിലൂടെയും ഇടയായിവരുന്നു.

നാലാമത്തെ വിദേശരാജ്യം

മുകളിൽ പറഞ്ഞ സഹോദരനോടൊപ്പം അദ്ദേഹത്തെ സ്വാധീനിച്ച രണ്ടു സന്ദേശങ്ങൾ ടേപ്പിൽ കൂടി ശ്രവിച്ച മറ്റൊരു സഹോദരൻ ഉണ്ടായിരുന്നു. താൻ ഉൾപ്പെട്ടുനിന്ന സഭയിൽ നിന്നും വേർപെട്ട് യഥാർത്ഥത്തിലുള്ള പുതിയ നിയമ സഭയുടെ പണിക്കായി അദ്ദേഹം ഒരു തീരുമാനമെടുത്തു. ഈ രാജ്യം സന്ദർശിക്കാനും എനിക്ക് അവസരം കിട്ടിയിട്ടുണ്ട്. അവിടെയുള്ള പ്രാദേശിക സഭയ്ക്ക് വേണ്ടി ചില കോൺഫറൻസുകൾ നടത്താൻ ഇടയായിട്ടുമുണ്ട്. മറ്റു സ്ഥലങ്ങളിലെന്നവണ്ണം ദൈവം ചിലരെ കൂട്ടിച്ചേർക്കുകയും മറ്റുചിലരെ സഭയിൽ നിന്നും നീക്കുകയും ചെയ്യുന്ന പ്രവൃത്തി കഴിഞ്ഞ വർഷങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട്. സഭ ദൈവികപരിപാലനത്തിൽ മുമ്പോട്ടു തന്നെ പോകുന്നു.

അഞ്ചമാത്തെ വിദേശരാജ്യം

ഈ രാജ്യത്ത് ജോലിചെയ്തിരുന്ന രണ്ട് യുവസഹോദരന്മാരെ കാണാൻ മാത്രമാണ് ഞാൻ അവിടെക്ക് പോയത്. ഒന്നോ രണ്ടോ ദിവസങ്ങൾ മാത്രം അവിടെ താമസിക്കാനേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളു. ഞാൻ അവിടെ ആരെയും അറിഞ്ഞിരുന്നില്ല എന്നതിനാൽ പ്രത്യേക മീറ്റിംഗുകൾ ഒന്നും ക്രമീകരിച്ചിരുന്നില്ല. എന്നാൽ അപ്രതീക്ഷിതമായി എന്റെ അവിടെ നിന്നുള്ള യാത്ര നാലഞ്ചുദിവസം വൈകി. മറ്റൊരു രാജ്യത്തേക്കുള്ള എന്റെ വിസ കിട്ടാൻ വൈകിയതാണ് ഈ താമസത്തിനു കാരണം. അവധി ദിവസങ്ങളായതിനാൽ ഇമിഗ്രേഷൻ ഓഫീസ് നാലു ദിവസത്തേക്ക് അടഞ്ഞുകിടന്നിരുന്നു. രാവിലെയും

*(ശേഷം പേജ് 25 ൽ)*

# ഏ.ബി.സിംസൺ: ദർശനവും വിശ്വാസവും സമ്മേളിച്ചപ്പോൾ

മാത്യു ജോർജ്

സ്കോട്ട്ലാൻഡിൽ നിന്നു കാനഡായിൽ കുടിയേറിപ്പാർത്ത മാതാപിതാക്കളുടെ മകനായി ആൽബർട്ട് ബെഞ്ചമിൻ സിംസൺ 1843 ഡിസംബർ 15-ാം തീയതി ഭൂജാതനായി. അമേരിക്കൻ സുവിശേഷീകരണചരിത്രത്തിലെ ഏറ്റവും ബഹുമാന്യമായ ക്രിസ്തീയവ്യക്തിത്വങ്ങളിൽ ഒന്നായിരുന്നു അദ്ദേഹത്തിന്റേത്. തിരക്കുള്ള ഒരു പ്രസംഗകനും പ്രാപ്തനായ ഒരു പാസ്റ്ററുമായിരുന്ന സിംസൺ രണ്ട് പ്രധാന സുവിശേഷവിഹിതപ്രസ്ഥാനങ്ങൾക്ക് അദ്ദേഹം തുടക്കം കുറിച്ചു എന്നുമാത്രമല്ല, എഴുപതിലേറെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കയും ഒരു ക്രൈസ്തവമാസികയുടെ പത്രാധിപരായി 40 വർഷത്തോളം സേവനം അനുഷ്ഠിക്കയും ചെയ്തു. കൂടാതെ നിരവധി സുവിശേഷഗാനങ്ങളും കവിതകളും രചിക്കുവാനും ഈ പ്രതിഭാധനന് ഇടയായിട്ടുണ്ട്.

എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ആദ്യത്തെ ചില വർഷങ്ങൾ കാനഡായിലെ പ്രിൻസ് എഡ്വേർഡ് ദ്വീപിൽ താരതമ്യേന ലളിതമായ സാഹചര്യങ്ങളിൽ കഴിഞ്ഞുപോയി. സിംസന്റെ പിതാവ് ജെയിംസ് സിംസൺ അവിടുത്തെ പ്രസ്ബിറ്റേറിയൻ സഭയിലെ മൂപ്പൻമാരിൽ ഒരുവൻ ആയിരിക്കെത്തന്നെ കപ്പൽ നിർമ്മാണത്തിലും പിൽക്കാലത്ത് ഇറക്കുമതി-കയറ്റുമതിവ്യവസായത്തിലും ഏർപ്പെട്ടവ്യക്തിയായിരുന്നു. മാതാവ് ജെയിൻ ക്ലാർക്ക് സിംസൺ സ്കോട്ട്ലാൻഡിന്റെ മഹത്തായ പൈതൃകത്തിനും തീക്ഷ്ണമായ വിശ്വാസത്തിനും ഉടമയായിരുന്നു. ബാലനായ സിംസണിൽ ശക്തമായ സ്വാധീനം ചെലുത്തിയ ജെയിൻ ശ്രേഷ്ഠരായ അമ്മമാരുടെ നിരയിൽത്തന്നെയാണ്. സമീപഭാവിയിൽ ഉണ്ടാകാവുന്ന സാമ്പത്തിക മാന്ദ്യത്തിൽ നിന്നു രക്ഷപ്പെടാൻ ആ കുടുംബം കാനഡയിലെ ഒന്റേറിയോയിലേക്ക് താമസം മാറ്റി. അവിടെവച്ചാണ് ആൽബർട്ട് ബെഞ്ചമിൻ സിംസൺ തന്റെ പതിനഞ്ചാമത്തെ വയസ്സിൽ കർത്താവായ യേശുക്രിസ്തുവിനെ രക്ഷകനായി കണ്ടുമുട്ടിയത്. സുവിശേഷപ്രസംഗകനായി ദൈവവിളി കേട്ടതും ഈ സ്ഥലത്തുവച്ചുതന്നെയായിരുന്നു.

1865 ൽ ടൊറാന്റോയിലെ നോക്സ് കോളജിൽ ദൈവശാസ്ത്രത്തിൽ ബിരുദമെടുത്തശേഷം ഹാമിൽട്ടൺ എന്ന സ്ഥലത്തെ നോക്സ് പള്ളിയിൽ ആദ്യമായി സിംസൺ സഭാശുശ്രൂഷ ഏറ്റെടുത്തു. കാനഡായിലെ ഏറ്റവും വലിപ്പമുള്ളതും സ്വാധീനശക്തിയുള്ളതുമായ





ഇടവകകളിൽ ഒന്നായിരുന്നു ഹാമിൽട്ടണിലെ നോക്സ് ഇടവക. എട്ടുവർഷത്തെ ശുശ്രൂഷയ്ക്കുശേഷം അമേരിക്കൻ ഐക്യനാടുകളിലെ കെന്റക്കി സംസ്ഥാനത്തെ ലൂയിസ്‌വില്ലായിൽ ചെസ്നട്ട് തെരുവിലെ പ്രെസ്ബിറ്റേറിയൻ പള്ളിയിലേക്ക് ദൈവം സിംസണെ വഴിനടത്തി. 'മെച്ചമായ കാര്യങ്ങൾക്കായുള്ള' സിംസന്റെ ഹൃദയവാഞ്ഛയുടെ പൂർത്തീകരണത്തിന്റെ ഭാഗമായിരുന്നു ഈ പറിച്ചുനടൽ. കാനഡായിലെ അതിശൈത്യമുള്ള കാലാവസ്ഥയിൽ നിന്നും കുറേക്കാലത്തേക്ക് ഒരു മാറ്റം ലഭിച്ചത് മോശമായിക്കൊണ്ടിരുന്ന ആരോഗ്യം വീണ്ടെടുക്കാൻ വലിയ സഹായമായിത്തീർന്നു. തന്റെ ശാരീരികമായ ബലഹീനത കർത്താവായ യേശുക്രിസ്തുവുമായി കുറേക്കൂടെ അടുപ്പവും സ്നേഹവും ഉളവാക്കാനായി ദൈവം ഉപയോഗിക്കുകയാണ് എന്ന് സിംസൺ മനസ്സിലായി. രക്ഷകനോടുള്ള തന്റെ കൂട്ടായ്മ പോലെ തന്നെ ദൈവത്തിലുള്ള ആശ്രയവും ദൃഢതരമാകുകയായിരുന്നു. "ദൈവസന്നിധിയിൽ തനിയേ സമയം ചെലവഴിക്കാൻ കഴിയുന്നില്ലെങ്കിൽ ഞാൻ തികച്ചും ഉപയോഗശൂന്യനാണ്" എന്ന് സിംസൺ ഒരിക്കൽ തന്റെ സ്നേഹിതനും സഹപ്രവർത്തകനുമായ മാക്ആർതറോട് പറയുകയുണ്ടായി. തന്റെ ആത്മാവിനെ തികച്ചും സ്വസ്ഥമാക്കി, നിശ്ശബ്ദതയിൽ, ചിന്തകൾക്കുപോലും വിരാമമിട്ട് ദൈവത്തിന്റെ ആ 'ശാന്തമായ മൃദുസ്വരത്തി'നായി കാതോർക്കുന്ന പരിചയം സിംസൺ നേരത്തേതന്നെ വളർത്തിയെടുത്തിരുന്നു. നഷ്ടപ്പെട്ട ആത്മാക്കളെക്കുറിച്ചുള്ള ആഴമായ സഹാനുഭൂതി അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. സുവിശേഷീകരണത്തിനായുള്ള വാഞ്ഛ തന്റെ രക്തത്തിൽ അലിഞ്ഞുചേർന്നിരുന്നതിനാൽ സിംസണെ തടയാൻ ആർക്കും കഴിയുമായിരുന്നില്ല.



**ഏ.ബി. സിംസൺ:**
***തീക്ഷ്ണമായ വിശ്വാസം, തീവ്രമായസ്നേഹം.***

ആദ്യം എതിർപ്പുകൾ നേരിടേണ്ടിവന്നെങ്കിലും ഞായറാഴ്ചകളിൽ സഭയിലെ വൈകിട്ടത്തെ പതിവുമീറ്റിംഗ് വേണ്ടാ എന്നുവച്ച് എല്ലാ വിശ്വാസികളും കൂടി സുവിശേഷമീറ്റിംഗുകൾക്കായി പബ്ലിക് ലൈബ്രറിഹാളിലേക്ക് പോകാൻ തുടങ്ങി. നഷ്ടപ്പെട്ട പാപികളോട് സിംസൺ സുവിശേഷം പ്രസംഗിക്കുകയും ധാരാളംപേർ ദൈവഭവനത്തിലേക്ക് മടങ്ങിവരികയും ചെയ്തു. ഞായറാഴ്ച വൈകിട്ടത്തെ സന്ദേശങ്ങൾ ലൂയിസ് വില്ലയിലെ പത്രങ്ങൾ ഒന്നാം പേജിൽ പ്രസിദ്ധീകരിക്കാൻ തുടങ്ങി. വൈകാതെ വചനം കേൾക്കാൻ തടിച്ചുകൂടിയ ജനക്കൂട്ടത്തെ ഉൾക്കൊള്ളാൻ സ്ഥലം ഇല്ലാത്ത അവസ്ഥയായി. നല്ല സുവിശേഷഗാനങ്ങളുടെ പ്രാധാന്യം സിംസൺ മനസ്സിലാക്കിയിരുന്നു. സമകാലികരായ സാങ്കേ, ബ്ലിസ്, ക്രോസ്ബി തുടങ്ങിയവരുടെ ക്രിസ്തീയഗാനങ്ങൾ ഈ സുവിശേഷയോഗങ്ങൾക്ക് ജീവൻപകർന്നു. അടുത്ത വർഷത്തെ ശൈത്യകാലത്ത് മുൻവർഷത്തെപ്പോലെ പബ്ലിക്

**തിരക്കുള്ള ഒരു പ്രസംഗകനും പ്രാപ്തനായ ഒരു പാസ്റ്ററുമായിരുന്ന സിംസൺ രണ്ട് പ്രധാന സുവിശേഷവിഹിതപ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചു എന്നു മാത്രമല്ല, എഴുപതിലേറെ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കയും ഒരു ക്രൈസ്തവമാസികയുടെ പത്രാധിപരായി 40 വർഷത്തോളം സേവനം അനുഷ്ഠിക്കയും ചെയ്തു. കൂടാതെ നിരവധി സുവിശേഷഗാനങ്ങളും കവിതകളും രചിക്കുവാനും ഈ പ്രതിഭാധനന് ഇടയായിട്ടുണ്ട്.**

ലൈബ്രറിഹാൾ സുവിശേഷമീറ്റിംഗുകൾക്കായി രാഷ്ട്രീയഇടപെടൽ മൂലം ലഭിക്കാതെ വന്നപ്പോൾ മെക്കാളെ തിയേറ്റർ വാടകയ്ക്കെടുത്ത് സുവിശേഷയോഗങ്ങൾ നടത്താൻ സിംസൺ തയ്യാറായി. ഈ തീരുമാനം യാഥാസ്ഥിതികരായ സഭാജനങ്ങളിൽനിന്നും ശക്തമായ എതിർപ്പ് ക്ഷണിച്ചു വരുത്തി. എങ്കിലും സിംസൺ കുലുങ്ങിയില്ല. ചെസ്നട്ട് സഭയുടെ പുതിയ ആരാധനാസ്ഥലത്തിന്റെ പണിയുടെ കാര്യത്തിലും പാസ്റ്ററായ സിംസൺ തന്റെ ബോദ്ധ്യത്തിൽ ഉറച്ചുനിന്നു. സഭാകമ്മറ്റിയുടെ താത്പര്യപ്രകാരം വളരെ മോടിയോടെ പണിത പുതിയ ആലയം 50000 ഡോളർ കടത്തോടെയാണ് പൂർത്തിയാക്കിയത്. കടം തീരാത്തിടത്തോളം ആലയത്തിന്റെ പ്രതിഷ്ഠ നടത്തില്ലെന്ന് സിംസൺ ശഠിച്ചു. ബ്രോഡ്വേ ടാബർനാക്കിൾ എന്ന് അറിയപ്പെട്ട ഈ മനോഹരസൗധം സിംസൺ ശുശ്രൂഷ ഒഴിഞ്ഞ് അധികം കഴിയുംമുമ്പേ അഗ്നിക്ക് ഇരയായി. എന്നാൽ പണികഴിഞ്ഞ് മൂന്നു വർഷങ്ങൾക്കുള്ളിൽ അപ്രതീക്ഷിതമായ വിധത്തിൽ കടം പൂർണ്ണമായും തീർക്കാൻ കഴിഞ്ഞിരുന്നു.

ജന്മസ്ഥലമായ ഹാമിൽട്ടൺ ആദ്യത്തെ എട്ടുവർഷം സിംസന്റെ യരുശലേമായിരുന്നെങ്കിൽ ലൂയിസ് വില്ല തന്റെ യഹൂദ്യ ആയിരുന്നു എന്നു പറയാം. ശമര്യയിലേക്കും തുടർന്ന് ഭൂലോകത്തിന്റെ അറ്റത്തോളവും ക്രിസ്തുവിന്റെ സാക്ഷിയാകാനുള്ള സമയമായി എന്ന ആന്തരിക ബോദ്ധ്യം അദ്ദേഹത്തിനുണ്ടായി. കുട്ടിക്കാലത്ത് ജോൺ ഗദി എന്ന മിഷനറിവീരൻ സിംസണെ അനുഗ്രഹിച്ച് മിഷനറിവേലയ്ക്കായി സമർപ്പിച്ച കാര്യം മാതാവ് ഇടയ്ക്കിടെ ഓർപ്പിക്കുമായിരുന്നു. ഒരു രാത്രിയിൽ പ്രത്യേകമായ ഒരു ദർശനത്തിലൂടെ ചൈനയിലെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലക്ഷോപലക്ഷം ജനങ്ങളെ ദൈവം അദ്ദേഹത്തിനു കാണിച്ചു കൊടുത്തു. മുഴങ്കാലിന്മേൽ വിറയലോടെ ദൈവത്തെ അഭിമുഖീകരിക്കവേ സിംസൺ സമ്മതിച്ചു: “അതേ കർത്താവേ, ഞാൻ പോകാം”. ജനസമൂഹങ്ങളുടെ സുവിശേഷകനായി മാറിക്കഴിഞ്ഞിരുന്നു സിംസൺ അപ്പോഴേക്കും. തുടർന്ന് അദ്ദേഹം ഏതെങ്കിലും ഒരു പ്രത്യേക സഭയുടെ വകയല്ല മറിച്ച് തന്നെ ആവശ്യമുള്ള ഏവരുടേയും, നഷ്ടപ്പെട്ട മുഴുലോകത്തിന്റെയും സ്വന്തമായിത്തീരുകയായിരുന്നു. 1879 ന്റെ പ്രാരംഭമാസങ്ങൾ എ.ബി.സിംസന്റെ ജീവിതത്തിൽ വളരെ പ്രധാനപ്പെട്ടവയായിരുന്നു. മിഷനറിവേലയ്ക്കുള്ള വിളി ശക്തമാകയും അതിനെപ്പറ്റിയുള്ള പദ്ധതികൾക്ക് കൂടുതൽ വ്യക്തത കൈവരുകയും ചെയ്ത കാലഘട്ടം. ലോകസുവിശേഷീകരണത്തിനായി ഒരു പുത്തൻ മാസിക പ്രസിദ്ധീകരിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. മിഷനറിപ്രവർത്തനങ്ങളുടെ വാർത്തകളും ചിത്രങ്ങളും അടങ്ങിയ ഒരു മിഷനറിപ്രസിദ്ധീകരണം. ലൂയിസ് വില്ലപോലെയുള്ള ഒരു സ്ഥലം തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് അനുയോജ്യമ





ല്ലെന്ന് ദൈവത്തോടൊപ്പം സിംസണും അറിഞ്ഞു. ന്യൂയോർക്കിലെ പതിമൂന്നാം തെരുവിലെ സഭയിലെ പാസ്റ്റർ സ്ഥലം മാറിപ്പോയപ്പോൾ പിൻഗാമിയായി എ.ബി.സിംസൺ നിയമിതനായി. പുതിയസഭയിൽ വളരെ മാറ്റങ്ങൾ ഉണ്ടായി. എന്നാൽ എല്ലാ തരക്കാരെയും ഉൾക്കൊള്ളാൻ അവർ മടിച്ചു. വ്യവസ്ഥാപിതസഭകളുടെ ചട്ടക്കൂട്ടിനുള്ളിൽ തന്റെ ലോകസുവിശേഷീകരണ സ്വപ്നങ്ങൾക്ക് സ്ഥാനമില്ലെന്ന് വൈകാതെ അദ്ദേഹത്തിന് വ്യക്തമായി.

ന്യൂയോർക്കിൽ സഭാശുശ്രൂഷ ഏറ്റെടുത്ത് ഒരു വർഷം കഴിഞ്ഞപ്പോൾ സിംസന്റെ ആരോഗ്യനില വളരെ മോശമായി. ഒരിക്കലും അദ്ദഹം അരോഗദൃഢഗാത്രനായിരുന്നില്ല. പതിനാലാമത്തെ വയസ്സിൽ നാഡീവ്യൂഹം ആകെ തകരാറിലായി മരണത്തിന്റെ വക്കത്ത് എത്തിയതാണ്. ലൂയിസ് വില്ലയിലെ സഭാശുശ്രൂഷാവേളയിലും ശാരീരികമായ കഠിനവേദനയുടെ മദ്ധ്യത്തിലായിരുന്നു അദ്ദേഹം ശുശ്രൂഷ ചെയ്തത്. ചരമശുശ്രൂഷകൾ ചെയ്യുമ്പോൾ പലപ്പോഴും താൻ അവിടെതന്നെ വീണ് ശവക്കുഴികാണുമോ എന്ന് തോന്നിയ രംഗങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരു പ്രമുഖ ഡോക്ടർ അദ്ദേഹത്തിന് എണ്ണപ്പെട്ട ദിവസങ്ങളേ ശേഷിച്ചിട്ടുള്ളൂ എന്ന് പറയുവാൻ ഇടയാകും വണ്ണം ആരോഗ്യം അത്രകണ്ട് മോശമായിരുന്നു. ശാരീരികബലഹീനതയോടൊപ്പം മാനസികമായ നിരാശ പലപ്പോഴും ആ കാലത്ത് തന്നെ വേട്ടയാടിയിരുന്നു. ഒരിക്കൽ സാൽറ്റാഗാ സ്പ്രിംഗ്സ് എന്ന സ്ഥലത്ത് വിശ്രമജീവിതം നയിക്കവേ കറുത്തവർഗ്ഗക്കാരായ ക്രിസ്ത്യാനികളുടെ ഒരു ക്യാമ്പ് മീറ്റിംഗിൽ പാടിക്കേട്ട ഒരു ഉണർവ്വുഗാനത്തിന്റെ അടികളാണ് ഭാവിയിലെ ഈ മിഷനറി വീരനെ നിരാശക്കുഴിയിൽ നിന്നുകരകയറ്റാൻ ദൈവം ഉപയോഗിച്ചത്.

**ഒരു വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് തുറസ്സായ ഒരു സ്ഥലത്തുവച്ച് മുട്ടുകുത്തി ദൈവമുഖം അന്വേഷിക്കവേ, ക്രിസ്തുവിന്റെ സൗഖ്യദായകശക്തി തന്റെമേൽ ആവസിച്ചു. അവിടെ നിന്നും പൂർണ്ണസൗഖ്യമുള്ളവനായിട്ടാണ് സിംസൺ മടങ്ങിയത്. പിന്നീടുള്ള അദ്ദേഹത്തിന്റെ 35 വർഷങ്ങൾ കഠിനാധ്വാനത്തിന്റെ വർഷങ്ങളായിരുന്നു. ഈ കാലമത്രയും അത്ഭുതരോഗശാന്തിയേപ്പറ്റി അദ്ദേഹം പ്രസംഗിച്ചു.**

‘‘എന്റെ യേശു കർത്താധികർത്താവാണ്

അവനെപ്പോൽ പ്രവർത്തിക്കുന്നവൻ മറ്റാരുമില്ല.” എന്ന് അവസാനിച്ച ആ വരികളെപ്പറ്റി സിംസൺ കൂടെക്കൂടെ പറയുമായിരുന്നു. തന്റെ ആത്മാവ് നിരാശയിൽ നിന്നും കഴുകനെപ്പോലെ ഉയർത്തെഴുന്നേൽക്കുകയായിരുന്നു. ന്യൂയോർക്കിലേക്കു മടങ്ങിയ സിംസണെ രോഗം ബുദ്ധിമുട്ടിച്ചുകൊണ്ടേയിരുന്നു. രണ്ടുപെൺമക്കളും മൂന്ന് ആൺമക്കളും അടങ്ങുന്ന കുടുംബം. ചെറുപ്പക്കാരിയായ ഭാര്യയെ ഈ കുട്ടികളുടെ ഉത്തരവാദിത്വം ഏല്പിച്ചു യാത്രയാകുന്നത് മുപ്പത്തേഴുകാരനായ സിംസണ് താങ്ങാൻ പ്രയാസമായിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ലക്ഷങ്ങളുടെ കരച്ചിൽ തന്റെ ഹൃദയത്തെ വേട്ടയാടിക്കൊണ്ടിരുന്നു.

1881-ാമാണ്ട് ഉഷ്ണകാലത്ത് സിംസൺ മെയിൻ പട്ടണത്തിൽ ഡോ. കുള്ളിസ് എന്ന രോഗശാന്തിവരമുള്ള ദൈവദാസന്റെ മീറ്റിംഗുകളിൽ സംബന്ധിക്കാൻ ഇടയായി. അത്ഭുതരോഗസൗഖ്യങ്ങളുടെ സാക്ഷ്യങ്ങൾ എ.ബി. സിംസണിൽ വിശ്വാസം ഉളവാക്കി. ദൈവവചനത്തിൽ ദൈവികരോഗശാ

**ന്യൂയോർക്കിൽ എത്തിയ ആദ്യനാളുകളിൽ 'സുവിശേഷം എല്ലാദേശങ്ങളിലും' (Gospel in All lands) മാസിക തുടങ്ങിവച്ചെങ്കിലും അനാരോഗ്യം മൂലം അതിന്റെ പ്രവർത്തനം തുടരാൻ കഴിഞ്ഞില്ല. എന്നാൽ സ്വതന്ത്രമായ പ്രവർത്തനം തുടങ്ങിയശേഷം 'വചനം, വേല, ലോകം' എന്ന വിചിത്രമായ പേരിൽ ഒരു മിഷനറി പ്രസിദ്ധീകരണം തുടങ്ങി. ഈ മാസികയിലൂടെയാണ് ഒരു മിഷനറി നേതാവ് എന്ന നിലയിൽ സിംസൺ ലോകശ്രദ്ധ ആകർഷിച്ചത്.**

ന്തിക്കുള്ള അടിസ്ഥാനം അദ്ദേഹം കണ്ടെത്തി. ഒരു വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് തുറസ്സായ ഒരു സ്ഥലത്തുവച്ച് മുട്ടുകുത്തി ദൈവമുഖം അന്വേഷിക്കവേ, ക്രിസ്തുവിന്റെ സൗഖ്യദായക ശക്തി തന്റെമേൽ ആവസിച്ചു. അവിടെ നിന്നും പൂർണ്ണസൗഖ്യമുള്ളവനായിട്ടാണ് സിംസൺ മടങ്ങിയത്. പിന്നീടുള്ള അദ്ദേഹത്തിന്റെ 35 വർഷങ്ങൾ കഠിനാധ്വാനത്തിന്റെ വർഷങ്ങളായിരുന്നു. ഈ കാലമത്രയും അത്ഭുത രോഗശാന്തിയേപ്പറ്റി അദ്ദേഹം പ്രസംഗിച്ചു. യേശുക്രിസ്തുവിന്റെ രക്തം മുഖാന്തരമുള്ള രക്ഷ എന്ന സത്യം തന്നെ എപ്പോഴും തന്റെ പ്രധാന സന്ദേശം ആയിരുന്നെങ്കിലും വേദന അനുഭവിക്കുന്ന മനുഷ്യശരീരങ്ങൾക്ക് യേശുവിന്റെ ക്രൂശിലുള്ള വിടുതൽ ഒരിക്കലും താൻ മറച്ചുവച്ചില്ല.

1881 ൽ ന്യൂയോർക്കിലെ പ്രസ്ബിറ്റേറിയൻ സഭയുടെ പാസ്റ്റർ ആയിരിക്കുമ്പോഴാണ് സിംസൺ രോഗസൗഖ്യം പ്രാപിക്കയും വചനപ്രകാരം വിശ്വാസസ്നാനം സ്വീകരിക്കയും ചെയ്തത്. നല്ലമനഃസാക്ഷിയോടെ ശിശുസ്നാനം തുടർന്ന് നടത്തുവാൻ കഴിയാതിരുന്നതും അവിടെ നിന്നുള്ള രാജിക്ക് കാരണമായിരുന്നു. അയ്യായിരം ഡോളർ പ്രതിവർഷം പ്രതിഫലം കിട്ടിയിരുന്നത് വേണ്ടെന്ന് വച്ച അദ്ദേഹം ഏഴംഗങ്ങളുള്ള കുടുംബത്തെ സംരക്ഷിക്കാൻ ദൈവമുഖത്തേക്കുമാത്രം നോക്കി. ന്യൂയോർക്കിൽ കാലിഡോണിയൻ ഹാൾ തുച്ഛമായ വാടക നൽകി സുവിശേഷയോഗങ്ങൾക്കായി എടുത്ത സിംസൺ, തുടർന്നുള്ള എട്ടു വർഷങ്ങൾ സുവിശേഷീകരണത്തിന്റെ പുത്തൻപരീക്ഷണങ്ങളിലായിരുന്നു. യാഥാസ്ഥിതികമനഃസ്ഥിതിക്ക് അറുതി വരുത്തി കുചേലകുബേരവ്യത്യാസമില്ലാതെ ക്രിസ്തീയസഹോദരങ്ങൾ രക്ഷാദൂതുമായി ജനസമൂഹത്തിലേക്ക് ഇറങ്ങിച്ചെന്ന വർഷങ്ങൾ! 1889 ആയപ്പോഴേക്കും ഗോസ്പൽ ടാബർനാക്കിൾ എന്ന മിഷനറിപ്രസ്ഥാനത്തിനുള്ള ആസ്ഥാനത്തിന്റെ പണിപൂർത്തിയായി. എട്ടുവർഷം മുമ്പ് ഈ പുതിയ വേല തുടങ്ങുമ്പോൾ ശക്തമായ സുവിശേഷീകരണത്തിനുള്ള പദ്ധതികളല്ലാതെ പുതിയ ഒരു സഭ ഉണ്ടാക്കുക എന്ന ചിന്തയേ ഇല്ലായിരുന്നു.

തുടർന്നുള്ള 20 വർഷത്തെ ഗോസ്പൽ ടാബർനാക്കിളിന്റെ അഭൂതപൂർവ്വമായ വളർച്ചയ്ക്ക് മാനുഷികമായ വിശദീകരണങ്ങൾ ഒന്നുമില്ല. ന്യൂയോർക്കിൽ എത്തിയ ആദ്യനാളുകളിൽ 'സുവിശേഷം എല്ലാദേശങ്ങളിലും' (Gospel in All lands) മാസിക തുടങ്ങിവച്ചെങ്കിലും അനാരോഗ്യം മൂലം അതിന്റെ പ്രവർത്തനം തുടരാൻ കഴിഞ്ഞില്ല. എന്നാൽ സ്വതന്ത്രമായ പ്രവർത്തനം തുടങ്ങിയശേഷം 'വചനം, വേല, ലോകം' എന്ന വിചിത്രമായ പേരിൽ ഒരു മിഷനറി പ്രസിദ്ധീകരണം തുടങ്ങി. ഈ മാസികയിലൂടെയാണ് ഒരു മിഷനറിനേതാവ് എന്ന നിലയിൽ സിംസൺ ലോകശ്രദ്ധ ആകർഷിച്ചത്. 1855 ൽ ലണ്ടൻ പട്ടണത്തിൽ നടന്ന ഒരു കോൺഫറൻസിൽ സംബന്ധിച്ചു മടങ്ങിയെത്തിയ സിംസൺ അധികം

*(ശേഷം പേജ് 42 ൽ)*



ചിന്തയ്ക്ക്

# ദൈവപ്രസാദത്തിന്റെ തെളിവ്

**എസ്. ന്യൂട്ടൺ**

**"എ**ന്റെ ശത്രു എന്നെച്ചൊല്ലി ജയഘോഷം കൊള്ളാതിരിക്കുന്നതിനാൽ നിനക്ക് എന്നിൽ പ്രസാദമായിരിക്കുന്നു എന്നു ഞാൻ അറിയുന്നു" (സങ്കീർത്തനം 41:11).

ദൈവത്തിനു തങ്ങളിൽ പ്രസാദമുണ്ടയോ ഇല്ലയോ എന്ന് പലർക്കും ഉറപ്പില്ല. ഈ മേഖലയിൽ തങ്ങളെത്തന്നെ ചതിക്കുന്നതിൽ നിന്ന് ഒരാൾക്ക് എങ്ങനെ രക്ഷപ്രാപിക്കാം? ദൈവത്തിനു നമ്മിൽ പ്രസാദമുണ്ടെങ്കിൽ, ഈ വാക്യത്തിന്റെ അടിസ്ഥാനത്തിൽ, നമ്മുടെ ശത്രുക്കൾ നമ്മെച്ചൊല്ലി ജയഘോഷം കൊള്ളുകയില്ല.

പഴയ നിയമത്തിൽ, യിസ്രായേൽ മക്കൾ ദൈവത്തെ അനുസരിച്ച സമയത്തെല്ലാം, അവർക്കു ജയമുണ്ടായി. യോശുവാ, ദാവീദ് എന്നിവരുടെ കാലത്ത് യിസ്രായേലിന്റെ ശത്രുക്കളാരും - ഫെലിസ്ത്യർ, മിസ്രയീമ്യർ, അമോര്യർ, മോവാബ്യർ എന്നിവരൊന്നും - യിസ്രായേലിന്റെ മേൽ ജയം നേടിയില്ല. ദൈവ അവരോടൊപ്പം ഉണ്ടെന്നും അവരെ പിന്തുണയ്ക്കുന്നുണ്ടെന്നും ഉള്ളതിന്റെ വ്യക്തമായ തെളിവായിരുന്നു ഇത്. പലപ്രാവശ്യവും ദൈവം അവരെ പ്രകൃത്യതീതമായ നിലയിൽ സഹായിച്ചു. ഫലം ശത്രുക്കൾക്കാർക്കും അവരുടെ മുൻപിൽ നില്ക്കാൻ കഴിഞ്ഞില്ല. അവരുടെ ശത്രുക്കളെല്ലാം അമ്പേ പരാജയപ്പെട്ടപ്പോൾ അത് യിസ്രായേലിനെ സംബന്ധിച്ചിടത്തോളം ദൈവം തങ്ങളുടെ മേൽ പ്രസാദിച്ചിരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവായി.

ഇന്നു പല വിശ്വാസികളും ദൈവം തങ്ങളിൽ സന്തുഷ്ടനാണെന്നു കരുതുന്നു. കാരണം, നല്ല വിദ്യാഭ്യാസം നല്ല ജോലി, മെച്ചപ്പെട്ട കുടംബജീവിതം നല്ല വീട്, ഭൗതിക സമ്പത്ത് എന്നിവയെല്ലാം തങ്ങൾക്കുണ്ട്. പക്ഷേ ഇതൊരു ചതിയാണ്. കാരണം, ഇതൊന്നും സത്യത്തിൽ ദൈവപ്രസാദത്തിന്റെ തെളിവല്ല. അങ്ങനെയെങ്കിൽ ദൈവത്തെ അറിയാത്ത പലർക്കും ഇതെല്ലാമുണ്ട്. ദൈവം അവരിലും പ്രസാദിച്ചിരിക്കുന്നുവെന്നു പറയണമല്ലോ.

പുതിയ നിയമത്തിൽ നമ്മുടെ ശത്രുക്കൾ മനുഷ്യരല്ല. നമ്മുടെ ജഡത്തിലുള്ള മോഹങ്ങൾ, നമ്മുടെ സ്വയം, ലോകം, സാത്താൻ എന്നിവയാണ് നമ്മുടെ ശത്രുക്കൾ. ദൈവത്തിന്റെ കൃപ ഒരുവന്റെ മേൽ വരുമ്പോൾ, അവന് ഈ ശത്രുക്കളെ ജയിക്കാൻ കഴിയുന്നു. നാം കൃപയ്ക്കധീനരായാൽ പാപം നമ്മുടെ മേൽ കർത്തൃത്വം നടത്തുകയില്ലെന്ന് എഴുതിയിരിക്കുന്നു. താഴ്മയുള്ളവർക്ക് ദൈവം കൃപ നൽകുന്നുവെന്നും എഴുതപ്പെട്ടിരിക്കുന്നു (റോമർ 6:14;1 പത്രോസ് 5:5).

ദൈവം നമ്മിൽ പ്രസാദിച്ചിരിക്കുന്നുവെന്നതിന്റെ ഏറ്റവും വ്യക്തമായ തെളിവ്, പാപം ചെയ്യാൻ ഇടയാക്കുന്ന നമ്മുടെ ജഡത്തിലെ എല്ലാ ശത്രുക്കളേയും ജയിക്കാൻ അവിടുന്നു കൃപ നൽകുന്നു എന്നതാണ്.

**പുതിയ നിയമത്തിൽ നമ്മുടെ ശത്രുക്കൾ മനുഷ്യരല്ല. നമ്മുടെ ജഡത്തിലുള്ള മോഹങ്ങൾ, നമ്മുടെ സ്വയം, ലോകം, സാത്താൻ എന്നിവയാണ് നമ്മുടെ ശത്രുക്കൾ. ദൈവത്തിന്റെ കൃപ ഒരുവന്റെ മേൽ വരുമ്പോൾ, അവന് ഈ ശത്രുക്കളെ ജയിക്കാൻ കഴിയുന്നു. നാം കൃപയ്ക്കധീനരായാൽ പാപം നമ്മുടെ മേൽ കർത്തൃത്വം നടത്തുകയില്ലെന്ന് എഴുതിയിരിക്കുന്നു.**

ദൈവത്തിന്റെ കൃപ നമ്മുടെ ജീവിതത്തിൽ ഇല്ലെങ്കിൽ സങ്കല്പിക്കാവുന്ന ഏറ്റവും താഴത്തെ തലത്തിലേക്കു നാം താണുപോകുകയും ഏതെങ്കിലും പാപത്തിൽ വീണുപോകുകയും ചെയ്യും. നമ്മുടെ സമചിത്തത നഷ്ടപ്പെടുക, ചിന്താജീവിതത്തിൽ അശുദ്ധി വരിക, അസ്വസ്ഥത, കാഠിന്യം, പാരുഷ്യം, അക്ഷമ, വാദപ്രതിവാദം, ബഹുമാനമില്ലായ്മ, മത്സരം, നിഗളം, നമ്മെക്കുറിച്ചു തന്നെ ഉന്നതചിന്തകൾ, നാവിനു നിയന്ത്രണമില്ലായ്മ.... ഇവയെല്ലാം ദൈവം നമ്മിൽ പ്രസാദിക്കുന്നില്ലെന്നതിനുള്ള തെളിവാണ്.

ഒരു വ്യക്തിക്കു കൃപ ലഭിക്കുമ്പോൾ, പാപത്തിന് അവന്റെ മേലുള്ള പിടി അയയും. ദിവസവും അവിടുത്തെ കൃപയ്ക്കു നമ്മെ അർഹരാക്കുന്ന യഥാർത്ഥതാഴ്മയ്ക്കായി നമുക്ക് അന്വേഷിക്കാം. അങ്ങനെയെങ്കിൽ ശത്രുവിന് ഒരിക്കലും ഒരിക്കലും നമ്മുടെ മേൽ ജയം ലഭിക്കുകയില്ല.

ജഡത്തിലെ മോഹങ്ങൾക്കു നമ്മുടെ മേൽ ശക്തിയുള്ളിടത്തോളം കാലം, നമുക്കു ദൈവം കൃപ നൽകുന്നില്ലെന്നു വ്യക്തമാണല്ലോ; ദൈവം നമ്മെ താഴ്മയുള്ളവരായി കണക്കാക്കുന്നില്ലെന്നും.

ദൈവം നമ്മെ പിന്തുണയ്ക്കുവാനും നമുക്കു സഹായം ചെയ്യുവാനുമാണ് ആഗ്രഹിക്കുന്നത്. തന്നിൽ ഏകാഗ്രചിത്തന്മാരായിരിക്കുന്നവർക്ക് വേണ്ടി തന്നെത്താൻ ബലവാനെന്നു കാണിക്കേണ്ടതിന് കർത്താവിന്റെ കണ്ണ് ഭൂമിയിലെല്ലാടവും അങ്ങോട്ടും ഇങ്ങോട്ടും സഞ്ചരിക്കുന്നു (2 ദിനവൃത്താന്തം 16:9). ദൈവം നമുക്കു സഹായം ചെയ്യുവാൻ സദാ സന്നദ്ധനാണെന്നുസാരം. എന്നാൽ നിർഭാഗ്യകരമെന്നുപറയട്ടെ, മിക്ക വിശ്വാസികളിലും അവിടുന്നു ഹൃദയത്തിൽ താഴ്മ കണ്ടെത്തുന്നില്ല.

സദൃശവാക്യം 18:12 ൽ 'നാശത്തിനു മുൻപേ ഉന്നതഭാവം' എന്നു വായിക്കുന്നു. എന്നുവച്ചാൽ എല്ലാ പരാജയത്തിനും പിന്നിൽ ഒരു കാരണമേയുള്ളു-നിഗളം. അതാണു കൃപ സ്വീകരിക്കുന്നതിൽ നിന്നു നമ്മെ തടയുന്നത്.

യേശുവിനെക്കുറിച്ച് ദൈവകൃപയും അവന്റെ മേൽ ഉണ്ടായിരുന്നു എന്നു രേഖപ്പെടുത്തിയിരിക്കുന്നു (ലൂക്കോസ് 2:40). യേശു നിരന്തരം താഴ്മയുള്ളവനായിരുന്നു. അതുകൊണ്ട് ദൈവം അവനെ എപ്പോഴും താങ്ങി. ഫലം, ഒരിക്കൽ പോലും പാപത്തോടു തോൽവി ഉണ്ടായില്ല.

വരും ദിനങ്ങളിൽ യേശുവിനെ അനുഗമിക്കാൻ ദൈവം നമുക്കു കൃപ നൽകട്ടെ. അങ്ങനെയെങ്കിൽ എല്ലാ ദിവസവും നമുക്കു താഴ്മയിലായിരിക്കാൻ കഴിയും. പാപത്തിന്റെ മേൽ ജയം നേടാനുള്ള കൃപ അങ്ങനെ ലഭ്യമാകും. ജഡത്തിലെ ഒരു ശത്രുവിന്റെ മുമ്പിലും നാം തോൽക്കേണ്ട കാര്യമില്ല.

■



വചനം

## ക്രിസ്തുവിൽനിന്ന് അകന്നുപോകുന്നത് എങ്ങനെ തടയാം?-II

# 'എന്റെ ആടുകളെ മേയ്ക്ക'

**ഡേവിഡ് വിൽക്കേഴ്സൺ**

'**ഈ** അന്ത്യകാലം വിശ്വാസത്യാഗത്തിന്റെ ഒരു കാലഘട്ടമാണ്. നല്ല പലവിശ്വാസികളും വീണുപോവുകയോ ക്രമേണ ക്രിസ്തുവിൽനിന്ന് അകന്നുപോകുകയോ ചെയ്യുന്നു. അതുകൊണ്ട് ക്രിസ്തുവിൽ നിന്ന് അകന്നുപോകാതിരിക്കാനും "ഇത്ര വലിയ രക്ഷ" അഗണ്യമാക്കാതിരിക്കാനും വേണ്ടി നമുക്ക് എന്തു ചെയ്യാനാവും? പൗലോസ് നമ്മോട് അതിനുള്ള വഴി എങ്ങനെയെന്ന് പറയുന്നു. "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു." (എബ്രായർ 2:1) ദൈവവചനം നമുക്ക് 'വേഗത്തിൽ വായിക്കാൻ' കഴിയും എന്നതിൽ ദൈവത്തിനു വലിയ മതിപ്പില്ല. ഒരുപാട് അദ്ധ്യായങ്ങൾ ഒരു ദിവസം വായിക്കുന്നതോ ബൈബിളിലൂടെ പെട്ടെന്ന് കടന്നുപോകാൻ കഴിയുന്നതോ നമുക്ക് ഒരു തൃപ്തി തന്നെന്നു വരാം. പക്ഷേ, ഇതിലും പ്രധാനം നാം വായിക്കുന്നത് നമ്മുടെ ആത്മീയകാതുകൾക്കൊണ്ട് കേൾക്കുക എന്നതും അതെക്കുറിച്ച് ധ്യാനിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ അത് ശ്രവിക്കുക എന്നതുമാണ്.

ദൈവവചനത്തിൽ ഉറച്ചുനിൽക്കുക എന്നത് പൗലോസിന് ഒരു ചെറിയ കാര്യമല്ലായിരുന്നു. അവൻ സ്നേഹപൂർവ്വം താക്കീത് നൽകുന്നു. "അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു" (എബ്രായർ 2:1). പൗലോസ് ഇങ്ങനെയും പറയുന്നു. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്‌വിൻ." (2 കൊരിന്ത്യർ 13:5)

ഈ വിശ്വാസികളെല്ലാം വഷളന്മാരാണെന്ന് മുദ്രയടിക്കുകയല്ല പൗലോസ് ചെയ്യുന്നത്. പകരം, ക്രിസ്തുവിനെ സ്നേഹിക്കുന്നവരായിരിക്കെ സ്വയം പരിശോധിക്കാനും ആത്മീയ ശോധന നടത്താനും പ്രേരിപ്പിക്കുകയാണ്." നിങ്ങൾക്ക് ക്രിസ്തുവിനോടുകൂടെയുള്ള നിങ്ങളുടെ നടപ്പിനെക്കുറിച്ച് ധാരാളമായി അറിയാം. നിങ്ങൾ സ്നേഹിക്കപ്പെടുന്നുവെന്നും, അവൻ നിങ്ങളിൽ നിന്നു പുറം തിരിഞ്ഞു പോയിട്ടില്ലെന്നും, അവൻ നിങ്ങളെ വീണ്ടെടുത്തുവെന്നുമെല്ലാം നിങ്ങൾക്കറിയാം. പക്ഷേ, നിങ്ങൾ നിങ്ങളോടു തന്നെ ഇങ്ങനെ ചോദിക്കുക ക്രിസ്തുവുമായിട്ടുള്ള കൂട്ടായ്മ ഇപ്പോൾ എങ്ങനെയിരിക്കുന്നു?" അതെല്ലാവിധ ഉത്സാഹത്തോടും നിങ്ങൾ പരിരക്ഷിക്കുന്നുണ്ടോ? നിങ്ങളുടെ ദുർഘട സമയങ്ങളിൽ അവനിൽ ചാരുന്നുണ്ടോ?"

"ആദ്യവിശ്വാസം അവസാനത്തോളം മുറുകെപ്പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായിത്തീർന്നിരിക്കുന്നുവല്ലോ." (എബ്രായർ 3:14)

**ക്രിസ്തീയ നടപ്പിൽ ഒരകൽച്ച ഉണ്ടാ**

**ദൈവവചനം നമുക്ക് 'വേഗത്തിൽ വായിക്കാൻ' കഴിയും എന്നതിൽ ദൈവത്തിനു വലിയ മതിപ്പില്ല. ഒരു പാട് അധ്യായങ്ങൾ ഒരു ദിവസം വായിക്കുന്നതോ ബൈബിളിലൂടെ പെട്ടെന്ന് കടന്നുപോകാൻ കഴിയുന്നതോ നമുക്ക് ഒരു തൃപ്തി തന്നെന്നു വരാം. പക്ഷേ, ഇതിലും പ്രധാനം നാം വായിക്കുന്നത് നമ്മുടെ ആത്മീയ കാതുകൾക്കൊണ്ട് കേൾക്കുക എന്നതും അതെക്കുറിച്ച് ധ്യാനിക്കുമ്പോൾ നമ്മുടെ ഹൃദയങ്ങളിൽ അത് ശ്രവിക്കുക എന്നതുമാണ്.**

**യിട്ടുള്ളത് നിങ്ങൾ തിരിച്ചറിയുന്നുണ്ടോ?**

ഒരുപക്ഷേ, നിങ്ങൾ അതു മനസ്സിലാക്കുന്നുണ്ടായിരിക്കാം. "ചെറിയ തോതിൽ ഒരകൽച്ച എന്റെ ജീവിതത്തിൽ ഞാൻ കാണുന്നു. മയങ്ങാൻ ഒരു പ്രേരണ. എനിക്കറിയാം എന്റെ പ്രാർത്ഥന കുറഞ്ഞു കുറഞ്ഞു വരുന്നു. എന്റെ കർത്താവുമായിട്ടുള്ള നടപ്പ് നടക്കേണ്ടതുപോലെയല്ല."

ഞാൻ പരിശുദ്ധാത്മാവിനോട് 'ഉപേക്ഷ'യിൽ നിന്ന് എന്നെത്തന്നെ എങ്ങനെ കാക്കാനാകും എന്ന് കാണിച്ചു തരാൻ ആവശ്യപ്പെട്ടപ്പോൾ പത്രോസിന്റെ വീഴ്ചയെപ്പറ്റിയും അവന്റെ പിന്നീടുള്ള പുതുക്കത്തെപ്പറ്റിയും ധ്യാനിക്കുവാനാണ് പരിശുദ്ധാത്മാവ് ആവശ്യപ്പെട്ടത്. ഈ മനുഷ്യൻ ക്രിസ്തുവിനെ തള്ളിപ്പറഞ്ഞു, പ്രാകിക്കൊണ്ട്, "ഇവനെ ഞാൻ അറിയില്ല" എന്ന് തന്നെ കുറ്റംവിധിക്കുന്നവരോട് പറഞ്ഞു.

എന്താണ് ഇവിടെ സംഭവിച്ചത്? പത്രോസിനെ ഈ അവസ്ഥയിലേക്ക് എത്തിച്ചത് എന്താണ്? അത് അഹങ്കാരമായിരുന്നു. സ്വയംനീതികരണത്തിന്റെയും പൊങ്ങച്ചത്തിന്റെയും ഫലം. ഈ ശിഷ്യൻ തന്നോടും മറ്റുള്ളവരോടും പറഞ്ഞു. "എനിക്ക് യേശുവിനോടുള്ള സ്നേഹത്തിൽ ഒരിക്കലും തണുത്തു പോകാൻ കഴിയില്ല. എന്നെ സംബന്ധിച്ച് മുന്നറിയിപ്പിന്റെ ആവശ്യമില്ലാത്ത ഒരിടത്തു വിശ്വാസത്തിൽ ഞാൻ എത്തിയിരിക്കുന്നു. മറ്റുള്ളവർ വിണേക്കാം പക്ഷേ, ഞാൻ എന്റെ കർത്താവിനുവേണ്ടി മരിക്കും."

എങ്കിലും പത്രോസ് പോരാട്ടം ഉപേക്ഷിക്കുന്നതിൽ ശിഷ്യന്മാരിൽ ഒന്നാമതായിരുന്നു. അവൻ തന്റെ വിളി ഉപേക്ഷിച്ച് പഴയ തൊഴിലിലേക്ക് തിരിഞ്ഞു. മറ്റുള്ളവരോടിങ്ങനെ പറഞ്ഞു. "ഞാൻ മീൻ പിടിക്കാൻ പോകുന്നു." അവൻ യഥാർത്ഥത്തിൽ പറഞ്ഞതിതാണ്. "എനിക്കിത് കൈകാര്യം ചെയ്യാനാവില്ല. ഞാൻ തോല്ക്കില്ല എന്ന് ഓർത്തു. പക്ഷേ, ഞാൻ തോറ്റതു പോലെ ആരും തോറ്റിട്ടില്ല. ഈ ബുദ്ധിമുട്ടുകൾ ഇനി നേരിടാൻ എനിക്ക് വയ്യ."

യേശുവിനെ തള്ളിപ്പറഞ്ഞതിനെക്കുറിച്ച് ഇതിനകം പത്രോസ് പശ്ചാത്തപിച്ചു കഴിഞ്ഞിരുന്നു. ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് അടച്ചിട്ട മുറിയിൽ പ്രത്യക്ഷപ്പെട്ട് പരിശുദ്ധാത്മാവിനെ സ്വീകരിക്ക എന്നു പറഞ്ഞ് അവരുടെ മേൽ ഊതിയപ്പോൾ പത്രോസ് ക്രിസ്തുവിന്റെ സ്നേഹത്തിൽ പുനഃസ്ഥാപിക്കപ്പെടുകയായിരുന്നു. പത്രോസിനോട് എല്ലാം ക്ഷമിച്ചു. അകൽച്ചയിൽ നിന്ന് അവൻ സൗഖ്യമാക്കപ്പെട്ടു. ആത്മാവ് അവന്റെ മേൽ ഊതപ്പെട്ടു. എങ്കിലും അവന്റെയുള്ളിൽ ഒരു സംഘർഷമുണ്ടായിരുന്നു.

യേശു കടൽത്തീരത്ത് ശിഷ്യന്മാരെ കാത്തിരുന്നപ്പോൾ പത്രോസിന്റെ ജീവിതത്തിൽ ഒരു വിഷയം തീരുമാനമാകാതെ കിടന്നിരുന്നു. പത്രോസ് പുനഃസ്ഥാപിക്കപ്പെട്ട് രക്ഷ







*ഇത്ര വലിയ രക്ഷ ഗണ്യമാക്കാതിരിക്കുന്ന അപകടം എനിക്കു വരാം. എങ്ങനെ? എന്നെത്തന്നെ മാനുഷികാവശ്യങ്ങളിൽ നിന്ന് അടച്ചു കളയുമ്പോൾ... ഞാൻ നഷ്ടപ്പെടുന്നവരെക്കുറിച്ചും ആവശ്യക്കാരെക്കുറിച്ചും ചിന്തയില്ലാതിരുന്നാൽ ഞാൻ അപകടത്തിന്റെ വക്കിലാണ്.*

യിൽ സുരക്ഷിതനായിരുന്നാൽ മാത്രം മതിയായിരുന്നില്ല. ഭക്തനായ മറ്റൊരു വിശ്വാസി ചെയ്യുന്നതുപോലെ ഉപവാസവും പ്രാർത്ഥനയും അവനു പോരായിരുന്നു. പത്രോസിന്റെ ജീവിതത്തിൽ ക്രിസ്തുവിനു തിരുത്തുവാനുള്ള വിഷയം ഉപേക്ഷയായിരുന്നു. ഞാൻ വിശദീകരിക്കാം:

അവർ തീരത്ത് തീയുടെ ചുറ്റുമിരുന്ന് ഭക്ഷണം കഴിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തപ്പോൾ യേശു പത്രോസിനോട് മൂന്നു പ്രാവശ്യം ചോദിച്ചു. "ഇവരിൽ അധികമായി നീ എന്നെ സ്നേഹിക്കുന്നുവോ?" ഓരോ തവണയും പത്രോസ് മറുപടി പറഞ്ഞു. "അതേ, കർത്താവേ എനിക്ക് നിന്നോട് പ്രിയമുണ്ടെന്ന് നീ അറിയുന്നുവല്ലോ" ക്രിസ്തു ഇങ്ങനെ പ്രതികരിച്ചു. "എന്റെ ആടുകളെ മേയ്ക്ക". ശ്രദ്ധിക്കുക, ഇത്തവണ യേശു അവനെ ഉണർന്നിരുന്ന് പ്രാർത്ഥിക്കാനോ ദൈവവചനം വായിക്കുന്നതിൽ ഉത്സുകനായിരിക്കാനോ ഓർമ്മിപ്പിച്ചില്ല. ഈ കാര്യങ്ങളൊക്കെയും നേരത്തെ നന്നായി പഠിപ്പിച്ചിട്ടുണ്ടെന്ന് ക്രിസ്തുവിനറിയാമായിരുന്നു. അല്ല, ഇപ്പോൾ പത്രോസിനോടാവശ്യപ്പെട്ടത് "എന്റെ ആടുകളെ മേയ്ക്ക" എന്നാണ്.

ഈ പദസമുച്ചയം കൊണ്ട് യേശു പത്രോസിനോട് ഉപേക്ഷയ്ക്കെതിരെ എങ്ങനെ സുരക്ഷിതനായിരിക്കാൻ കഴിയും എന്ന് പഠിപ്പിക്കുകയായിരുന്നു. അവിടുന്ന് പറഞ്ഞതിന്റെ ചുരുക്കം ഇതാണ്: "നീ നിന്റെ വീഴ്ചയെക്കുറിച്ച് മറക്കണം, നീ എന്നിൽ നിന്ന് അകന്നു എന്നതും മറക്കണം. നീ ഇപ്പോൾ എന്നിലേക്ക് മടങ്ങി വന്നു, ഞാൻ നിന്നോടു ക്ഷമിക്കുകയും നിന്നെ പുനഃസ്ഥാപിക്കുകയും ചെയ്തു. അതുകൊണ്ട് നിന്റെ സംശയങ്ങളിൽ നിന്നും, വീഴ്ചകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കേണ്ട സമയമാണിത്. അങ്ങനെ

**പ്രാർത്ഥനയിലും ദൈവവചനത്തിലും നിങ്ങൾ നിർബന്ധബുദ്ധിയോടെ പിടിച്ചുനിൽക്കുന്നവരാണെങ്കിൽ നിങ്ങളുടെ ആത്മാവ് അഭിവൃദ്ധിപ്രാപിക്കും. പക്ഷേ നിങ്ങളുടെ പടിവാതിൽക്കൽ ഉള്ള ഓരോ ആവശ്യങ്ങളിലേക്കും കണ്ണുതുറക്കാൻ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടേണ്ട സമയമാണിപ്പോൾ. അവൻ അവസരങ്ങളിലേക്ക് നിങ്ങളെ വഴി നടത്താൻ വിശ്വസ്തനാണ്.**

ചെയ്യേണ്ടത് എന്റെ ജനത്തെ അവഗണിച്ചുകൊണ്ടല്ല. അവരെ ശുശ്രൂഷിച്ചുകൊണ്ടാണ്. എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിന്നെ അയയ്ക്കുന്നു."

സത്യത്തിൽ, എനിക്ക് വേണമെങ്കിൽ ഒരുപാട് പ്രാർത്ഥനയ്ക്കായി എന്നെത്തന്നെ ഏൽപ്പിക്കാം. ആവേശമുള്ള ഒരു ബൈബിൾ വിദ്യാർത്ഥിയാകാം. എന്റെ ശരീരം അനുസരണത്തിൻ കീഴിലാക്കാം. തിന്മയുടെ പ്രദർശനം ഒഴിവാക്കാം. കൂടെക്കൂടെ ഉപവസിക്കാം. ക്രിസ്തുവിനെ വികാരഭരിതമായി സ്നേഹിക്കാം. ഇതൊക്കെ ചെയ്താലും എനിക്കു ലഭിച്ചിട്ടുള്ള ഇത്ര വലിയ രക്ഷ ഗണ്യമാക്കാതിരിക്കുന്ന അപകടം എനിക്കു വരാം. എങ്ങനെ? സ്വന്തം ഭൗതികാവശ്യങ്ങളിൽ മാത്രം മുഴുകി ജീവിക്കുമ്പോൾ. ഞാൻ ഇതെല്ലാം ചെയ്തിട്ടും നഷ്ടപ്പെടുന്നവരെക്കുറിച്ചും ആവശ്യക്കാരെക്കുറിച്ചും ചിന്തയില്ലാതിരിക്കയോ ക്രിസ്തുവിന്റെ ശരീരത്തിൽ മുറിവേൽക്കുന്നവരെ അവഗണിക്കുകയോ ചെയ്താൽ ഞാൻ 'സന്യാസിഞണ്ടിനെ'പ്പോലെ എന്റെ ആവശ്യങ്ങളിലും സുരക്ഷിതത്വത്തിലും മാത്രം ശ്രദ്ധിക്കുന്ന ഒരുവനായിത്തീരും.

പാസ്റ്റർമാർ എന്നോട് വളരെ ദുഃഖത്തോടെ പറഞ്ഞിട്ടുണ്ട്. "എനിക്ക് വേലക്കാരെയോ സന്നദ്ധസേവകരെയോ ഇപ്പോൾ ഒരുകാര്യത്തിനും കാണാൻ കഴിയുന്നില്ല. സഭ പിരിഞ്ഞാലുടൻ ആളുകൾ തങ്ങളുടെ കാറുകളുടെ അടുത്തേയ്ക്ക് പായുകയാണ്, ഞങ്ങളുടെ ഒരു ശുശ്രൂഷയ്ക്കും ഒരു സഹായവും ചെയ്യാതെ" എത്ര പരിതാപകരമായ അവസ്ഥയാണ് ആ സഭയുടേത്! ആത്മീയലോകം ഇന്നു ബലഹീനരെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. ഒരിക്കൽ ശക്തരായിരുന്ന മനുഷ്യർ പിന്നീട് 'സന്യാസിഞണ്ടു'കളുടെ മാർഗ്ഗം സ്വീകരിച്ചു.

മറ്റുള്ളവരുടെ ആവശ്യങ്ങളിൽ നമ്മുടേതിനേക്കാൾ കൂടുതൽ ശ്രദ്ധിക്കാനാണു നമ്മുടെ വിളി - എന്നതിന് ഒരുദാഹരണം അപ്പോസ്തല പ്രവൃത്തികളിൽ കാണാം. പെന്തക്കോസ്തു ദിനത്തിലെ പരിശുദ്ധാത്മപകർച്ചയ്ക്കു ശേഷം ജനം അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും അപ്പം നുറുക്കിയും പ്രാർത്ഥന കഴിച്ചും പോന്നു (അപ്പൊ. പ്രവൃത്തികൾ 2:42) അപ്പൊസ്തലന്മാർ മറ്റുള്ളവരെ വചനത്തിലും പ്രാർത്ഥനയിലും നിലനിൽക്കാൻ സഹായിച്ചത് എത്ര നന്നായിരുന്നു!

പിന്നീട് പത്രോസും യോഹന്നാനും 'ദൈവാലയ'ത്തിലേക്ക് പ്രാർത്ഥിക്കാൻ ചെന്നപ്പോൾ മുടന്തനായ ഒരു മനുഷ്യൻ അവരോട് ഭിക്ഷ യാചിക്കുന്നത് കണ്ടു. വാസ്തവത്തിൽ ശിഷ്യന്മാർ മുമ്പ് ദൈവാലയത്തിൽ പോയിട്ടുള്ളപ്പോൾ ഈ മനുഷ്യൻ പലപ്പോഴും അവിടെ ഭിക്ഷ യാചിക്കുന്നത് കണ്ടിട്ടുള്ളതാണ്.

പക്ഷേ ഇത്തവണ പത്രോസ് ഈ യാചകനെ യേശുവിന്റെ വചനത്തിന്റെ വെളിച്ചത്തിൽ കണ്ടു. "എന്റെ ആടുകളെ മേയ്ക്ക". ശിഷ്യൻ പ്രതികരിച്ചു. വചനം പറയുന്നു "അവനെ





ഉറ്റുനോക്കി" (3:4). ഈ പ്രാവശ്യം അവന്റെ വിളി പത്രോസ് അഗണ്യമാക്കിയില്ല. അവൻ തീരുമാനിച്ചു. "എനിക്ക് എന്തെങ്കിലും ചെയ്യണം." പത്രോസ് അവനെ വലങ്കൈക്കു പിടിച്ചെഴുന്നേൽപ്പിക്കാൻ തുടങ്ങി. നിങ്ങൾക്ക് ബാക്കി കഥ അറിയാം, മുടന്തൻ എഴുന്നേറ്റ് തുള്ളിച്ചാടി ദൈവത്തെ സ്തുതിച്ചു. അവൻ പൂർണ്ണമായും സൗഖ്യപ്പെട്ടു. ഞാൻ നമ്മുടെ കണ്ണുകൾ പലപ്പോഴും ആ പ്രത്യേക ഇനത്തിൽപ്പെട്ട മീനിന്റേതുപോലെയാണ്. അതിന് കാഴ്ചയുള്ളതുപോലെ തോന്നിച്ചാലും അതു സത്യത്തിൽ കാണുന്നില്ല. യഥാർത്ഥത്തിൽ യേശുവിന് നമ്മെക്കൊണ്ട് സാധിപ്പിക്കേണ്ട ഒരുപാട് ആവശ്യങ്ങൾ നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ട്. പക്ഷേ നമുക്ക് അത് കാണാൻ ആത്മീയ കണ്ണുകൾ വേണം.

പ്രാർത്ഥനയിലും ദൈവവചനത്തിലും നിങ്ങൾ നിർബന്ധബുദ്ധിയോടെ പിടിച്ചുനിൽക്കുന്നവരാണെങ്കിൽ നിങ്ങളുടെ ആത്മാവ് അഭിവൃദ്ധി പ്രാപിക്കും. പക്ഷേ നിങ്ങളുടെ പടിവാതിൽക്കൽ ഉള്ള ഓരോ ആവശ്യങ്ങളിലേക്കും കണ്ണുതുറക്കാൻ പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടേണ്ട സമയമാണിപ്പോൾ. അവൻ അവസരങ്ങളിലേക്ക് നിങ്ങളെ വഴി നടത്താൻ വിശ്വസ്തനാണ്. അതുപോലെതന്നെ നിങ്ങൾ പലപ്പോഴായി അതിനു മുൻപിലൂടെ പോയിട്ടുള്ളതും എന്നാൽ ഒരിക്കലും 'കണ്ടിട്ടി'ല്ലാത്തതുമായ ആവശ്യം അവിടുന്നു കാണിച്ചു തരും. നിങ്ങൾ ഇങ്ങനെയുള്ള നടത്തിപ്പിനോട് പ്രതികരിച്ചാൽ ഒരിക്കലും ദൈവത്തിൽ നിന്ന് അകന്നുപോകയില്ല. ഇതാണ് രക്ഷാവ്യവസ്ഥ, സുരക്ഷയുടെ മതിൽ: "എന്റെ ആടുകളെ മേയ്ക്ക".

**കടപ്പാട്: വേൾഡ് ചലഞ്ച്**
**മൊഴിമാറ്റം: ശില്പ**

## വിദേശരാജ്യങ്ങളിൽ സഭകൾ ഉടലെടുക്കുന്നു

*പേജ് 13 ൽ നിന്ന് തുടർച്ച*

ഉച്ചയ്ക്കും വൈകിട്ടും ഞാൻ സന്ദർശിച്ച ഈ സ്ഥലത്ത് മീറ്റിംഗുകൾ നടത്താൻ എനിക്ക് പ്രേരണയുണ്ടായി. ഇത് വാസ്തവത്തിൽ മനുഷ്യ ദൃഷ്ടിയിൽ യാദൃച്ഛികമെന്ന് തോന്നിയാലും ദൈവം ക്രമീകരിച്ച ഒരു കോൺഫറൻസായിരുന്നു. ആ ദിവസങ്ങളിൽ ദൈവഭക്തിയുള്ള ഒരു ജീവിതത്തിനായി അന്വേഷിച്ചുകൊണ്ടിരുന്ന അനുഗൃഹീതനായ ഒരു സഹോദരനെ കണ്ടുമുട്ടാൻ ഇടയായി. ഇപ്പോൾ ആ സഹോദരന്റെ നേതൃത്വത്തിൽ വളർച്ചയുള്ള ഒരു സഭ ആ സ്ഥലത്തുണ്ട്. ദൈവമക്കളുടെ ഓരോ ചുവടുകളും (തടസ്സങ്ങളും) കർത്താവിനാൽ ക്രമീകരിക്കപ്പെടുന്നതാകുന്നു എന്നുള്ളത് എത്ര സത്യമാണ്! (സങ്കീ. 37:23) കർത്താവിന് മഹത്വമുണ്ടാകട്ടെ.

തന്റെ വേലയിൽ നമ്മെ നടത്തുന്ന കാര്യത്തിൽ കർത്താവ് പരമാധികാരി തന്നെ. സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും അവിടുത്തെ കൈകളിലത്രേ. ഭൂലോകത്തിലൊക്കെയും പോയി സകലജാതികളെയും ശിഷ്യരാക്കിക്കൊള്ളാൻ അവിടുന്ന് നമ്മോട് കല്പിച്ചത് ഈ കാരണത്താലാണ്. അവിടുത്തെ സാന്നിദ്ധ്യവും വാഗ്ദാനം ചെയ്തിരിക്കുന്നു. (മത്താ. 28:18-20). കഴിഞ്ഞ 31 വർഷങ്ങളായി ശിഷ്യത്വത്തിന്റെ മാർഗ്ഗത്തിലേക്ക് ആളുകളെ നടത്തുവാനുള്ള എന്റെ എല്ലാ യാത്രകളിലും വിശ്വസ്തനായി കർത്താവ് എന്നോടൊപ്പം ഉണ്ടായിരുന്നു. ഈ രാജ്യങ്ങളിലെല്ലാം അവിടുത്തെ സഭകളെ നടത്തുവാൻ ദൈവഭക്തരായ ഇടയന്മാരെ ദൈവം എഴുന്നേൽപ്പിക്കുകയും ചെയ്തു. ഹല്ലേലുയ്യാ!

കൈചൂണ്ടി

# ഉത്തമ കുടുംബം

**സാക്പുന്നൻ**

**ദൈ**വം തന്നെ യോജിപ്പിച്ച ആദിമകുടുംബത്തെ അടിസ്ഥാനമാക്കി ഒരുത്തമകുടുംബത്തെപ്പറ്റിചിന്തിക്കാം.

"യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി" (ഉല്പത്തി 2:15). ഈ സംഭവത്തിന് ശേഷം അവന് തക്കതായൊരു 'തുണ'യെയും ദൈവം കൊടുത്തു. അതിനാൽ ആ മനോഹരദിവസം ആദാമിന് ദൈവത്തിൽനിന്നു രണ്ട് സമ്മാനങ്ങൾ ലഭിച്ചു എന്നു പറയാം. ഒന്നാമത്തെ സമ്മാനം-തോട്ടം. അതിൽ ആദാം വേല ചെയ്യുകയും കാക്കുകയും വേണം! രണ്ടാമത്തെ സമ്മാനം-ഒരു തുണ അല്ലെങ്കിൽ ഭാര്യ. അവളോടും നല്ലൊരു ബന്ധം സ്ഥാപിച്ചുകൊണ്ട്, അവളെയും ആദാം പോറ്റിപ്പുലർത്തുകയും കാക്കുകയും വേണം! തനിക്കു നൽകപ്പെട്ട ഭാര്യയെയും ഏദൻതോട്ടത്തെയും കാത്തുസംരക്ഷിക്കേണ്ട മഹനീയമായ ഉത്തരവാദിത്വമാണ് ആ ദിവസം ദൈവത്തിൽനിന്ന് ആദാമിന് ലഭിച്ചത്.

എന്നാൽ മഹനീയമായ ഈ ഉത്തരവാദിത്വം നിറവേറ്റുന്നതിൽ ആദാമിന് പിഴവ് പറ്റി. വലിയ തോൽവിതന്നെ അവനു നേരിട്ടു. ജാഗ്രതയോടെ സംരക്ഷിക്കേണ്ട ആ തോട്ടത്തിൽ സാത്താൻ പ്രവേശിക്കുവാൻ ആദാം അനുവദിച്ചു!. അപ്പോൾ എന്തു സംഭവിച്ചു? ഒരു പൂന്തോട്ടമായിരിക്കേണ്ട ആ തോട്ടം മരുഭൂമിയായി മാറി. "മുള്ളും പറക്കാരയും" അവിടെ വളർന്നു. ഈയൊരു ഗതികേട് തോട്ടത്തിനു മാത്രമല്ല, ആദാമും ഹവ്വയും തമ്മിലുള്ള ബന്ധത്തിനും ഉണ്ടായി. അതേ, അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽനിന്ന് മാംസവുമായ ആദാം-ഹവ്വ ബന്ധത്തെ വേർപെടുത്താനായി അവരുടെ മധ്യത്തിലും സാത്താൻ പ്രവേശിച്ചു (ഉല്പത്തി2:23,24; 3:1)!. നോക്കുക: ദൈവം യോജിപ്പിച്ചതിനെ വേർപെടുത്തുവാൻ 'ഒരുവൻ' എപ്പോഴും ജാഗരിച്ചുകൊണ്ടിരിക്കുന്നു. 'അവർ ഏകദേഹമായിത്തീരും' എന്ന വചനത്തിനു ശേഷം അടുത്ത വാക്യത്തിൽതന്നെ 'തോട്ടത്തിൽ സാത്താൻ പ്രവേശിച്ചു'വെന്നാണു രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് നാമൊരിക്കലും മറക്കരുത്. പാമ്പിന്റെ രൂപത്തിൽ സാത്താൻ തോട്ടത്തിൽ കടന്നതിന്റെ ഒരേയൊരുദ്ദേശ്യം 'ദൈവം യോജിപ്പിച്ചവരെ വേർപെടുത്തുക' എന്നതായിരുന്നു!.

വിവാഹബന്ധത്തിന്റെ തുടക്കത്തിലാണോ സാത്താനെപ്പറ്റി ചിന്തിക്കേണ്ടത്? എന്ന് നാം ചോദിച്ചേക്കാം. എന്നാൽ സാത്താൻ നാം മുകളിൽ കണ്ടതുപോലെ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നവനാണ്. ആദാമിനും ഹവ്വയ്ക്കും സംഭവിച്ചതുപോലെ നിങ്ങളുടെ ദാമ്പത്യജീവിതത്തിലും സാത്താൻ വേഗത്തിൽ പ്രവർത്തിക്കുകയില്ലെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? അതുകൊണ്ട് അവനെപ്പറ്റി ദാമ്പത്യജീവിതത്തിന്റെ തുടക്കത്തിൽ തന്നെ നാം ജാഗ്രതയോടെയിരിക്കേണ്ടതുണ്ട്.

അതേ, സാത്താൻ ദൈവത്തെയും നമ്മെയും തമ്മിൽ വേർപെടുത്തുമെന്ന് മാത്രമല്ല ഈ ലോകത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധത്തെയും അവൻ വേർപെടുത്തുന്നു. ഈ വേർപെടുത്തുന്ന പ്രവൃത്തിയാണ് ആദാമിനും ഹവ്വയ്ക്കും ഇടയിൽ സാത്താൻ ചെയ്യുവാൻ ശ്രമിച്ചത്. അവനെ തോട്ടത്തിനുള്ളിൽ കടക്കാൻ അനുവദിച്ചതാണ് ആദാമിന്റെ ആദ്യത്തെ വലിയ തെറ്റ്. എന്തുകൊണ്ടെന്നാൽ സാത്താൻ പ്രവേശിക്കുന്ന സ്ഥലം 'മനോഹമായ തോട്ടമായിരുന്നാലും' അത് വളരെ പെട്ടെന്നുതന്നെ മരുഭൂമിയായി മാറും! നിങ്ങളുടെ ദാമ്പത്യജീവിതമാകുന്ന പൂന്തോട്ടം മരുഭൂമിയായിത്തീരുന്നത് നിങ്ങൾക്കെങ്ങനെ അനുവദിക്കാൻ കഴിയും.?


**സാത്താൻ ദൈവത്തെയും നമ്മെയും തമ്മിൽ വേർപെടുത്തുമെന്ന് മാത്രമല്ല ഈ ലോകത്തിൽ മനുഷ്യർ തമ്മിലുള്ള ബന്ധത്തെയും അവൻ വേർപെടുത്തുന്നു. ഈ വേർപെടുത്തുന്ന പ്രവൃത്തിയാണ് ആദാമിനും ഹവ്വയ്ക്കും ഇടയിൽ സാത്താൻ ചെയ്യുവാൻ ശ്രമിച്ചത്. സാത്താൻ പ്രവേശിക്കുന്ന സ്ഥലം 'മനോഹമായ തോട്ടമായിരുന്നാലും' അത് വളരെ പെട്ടെന്നുതന്നെ മരുഭൂമിയായി മാറും! നിങ്ങളുടെ ദാമ്പത്യജീവിതമാകുന്ന പൂന്തോട്ടം മരുഭൂമിയായി തീരുന്നത് നിങ്ങൾക്കെങ്ങനെ അനുവദിക്കാൻ കഴിയും.?**


നമ്മുടെ തോട്ടം എങ്ങനെ മരുഭൂമിയായി മാറുമെന്നു വിവരിക്കുന്ന മുന്നറിയിപ്പ് സദൃശവാക്യങ്ങൾ 24:30, 31-ൽ കാണാം. "ഞാൻ മടിയന്റെ കണ്ടത്തിനരികെയും ബുദ്ധിഹീനന്റെ മുന്തിരിത്തോട്ടത്തിനു സമീപെയും കൂടിപ്പോയി. അവിടെ മുള്ളുപടർന്നു പിടിച്ചിരിക്കുന്നതും തൂവ നിറഞ്ഞു നിലം മൂടിയിരിക്കുന്നതും അതിന്റെ കൻമതിൽ ഇടിഞ്ഞിരിക്കുന്നതും കണ്ടു. ഞാൻ അതു നോക്കി വിചാരിക്കുകയും അത് കണ്ട് ഉപദേശം പ്രാപിക്കുകയും ചെയ്തു". നിങ്ങൾ ഉണർന്നിരുന്ന് തോട്ടത്തിൽ ശ്രദ്ധ ചെലുത്താതിരുന്നാൽ ആ തോട്ടം എത്രവേഗം മോശമായിത്തീരും! നിങ്ങൾ വഴിയരികിലൂടെ കടന്നുപോകുമ്പോൾ ഒരു വീട്ടിനരികിൽ മനോഹരമായ പൂന്തോട്ടവും മറ്റൊരുവീട്ടിനരികിൽ കാടും മുൾച്ചെടിയും ഒരു പക്ഷേ കണ്ടിരിക്കാം. എന്നാൽ മനോഹരമായ ആ പൂന്തോട്ടം തനിയേ ഉണ്ടായിവന്നതല്ല! ആ വീട്ടിലുള്ളവർ തോട്ടത്തിൽ വിത്തു വിതച്ച് കളയെടുത്തു നനച്ച്...ഇങ്ങനെ നിശ്ചയമായും വളരെ ക്ലേശിച്ചാണ് അതിനെ മനോഹരമായ തോട്ടമാക്കിത്തീർത്തത്.

മറ്റൊരുവന്റെ വീടിനുമുന്നിൽ നിങ്ങൾ കണ്ട മുൾച്ചെടിക്കാടുകൾ എങ്ങനെ വന്നു? ആ വീട്ടിലുള്ളവർ കാടും, പടലും, മുള്ളുമൊക്കെ വിതച്ച് അദ്ധ്വാനിച്ചിട്ടാണോ അത് ഉണ്ടായത്? അല്ല. അത് തനിയേ തന്നെ കാടും, പടലും, മുള്ളുമൊക്കെ നിറഞ്ഞതായിട്ട് മാറി. അതെ മുള്ളും, പറക്കാരയും നിറഞ്ഞ മരുഭൂമിയായ ജീവിതം ഉണ്ടാകുവാനായിട്ട് നിങ്ങൾ ഒന്നും തന്നെ ചെയ്യേണ്ടതില്ല! എന്നാൽ നിങ്ങളുടെ തോട്ടം മനോഹരമായ ഒരു പൂന്തോട്ടമായിരിക്കണമെങ്കിൽ അതിന് നിങ്ങൾ തീർച്ചയായും അദ്ധ്വാനിക്കേണ്ടതുണ്ട്.

ഇതുപോലെ തന്നെയാണ് വിവാഹജീവിതവും. ഒരുവന്റെ വിവാഹജീവിതം പൂന്തോട്ടമായും മറ്റൊരുവന്റെ വിവാഹജീവിതം മരുഭൂമിയായും ഇരിക്കുന്നത് നാം ഇന്നു കാണുന്നുണ്ടല്ലോ. മനോഹരമായ പൂന്തോട്ടമായി ഇരിക്കുന്ന തോട്ടത്തിൽ (കുടുംബത്തിൽ)

**ഒരു രാത്രികൊണ്ട് നിങ്ങളുടെ കുടുംബജീവിതം പൊടുന്നനെ മരുഭൂമിയായി മാറുന്നില്ല. തുടക്കത്തിൽ ചില മാസങ്ങളോളം വിവാഹബന്ധം നന്നായിരിക്കുന്നതു നിങ്ങൾ കാണുന്നു! അപ്പോൾ "എല്ലാം നന്നായിട്ടാണല്ലോ ഇരിക്കുന്നത്" എന്ന് നിങ്ങൾ ആത്മഗതം ചെയ്ത് തോട്ടത്തെ ശ്രദ്ധിക്കാതെ അലസമായിരിക്കുന്നു. അപ്പോഴാണ് നിങ്ങളുടെ ഭാര്യാഭർത്തൃബന്ധത്തിൽ ദാരിദ്ര്യം വഴിപോക്കനെപ്പോലെ ഉള്ളിൽ നുഴഞ്ഞുകയറി പിന്നെ ആയുധമണിഞ്ഞ തസ്കരനായി മാറി സൗഭാഗ്യബന്ധങ്ങളെ കവർന്നുകളയുന്നത്!!**

ഭർത്താവും, ഭാര്യയും ചേർന്ന് നിശ്ചയമായും അദ്ധ്വാനിച്ച് വളർത്തി. ഉണർന്നിരുന്ന് ജാഗ്രതയോടെ തോട്ടത്തെ സംരക്ഷിക്കണം. മറിച്ച് നിങ്ങളുടെ വിവാഹബന്ധം മരുഭൂമിയായി മാറാൻ നിങ്ങളെന്താണ് ചെയ്യേണ്ടത്? അതിനായി നിങ്ങൾ ഭാര്യാഭർത്താക്കന്മാർ തമ്മിൽ ശബ്ദമുയർത്തി വഴക്കുണ്ടാക്കണമെന്നൊന്നുമില്ല. നിങ്ങൾ ഒന്നും ചെയ്യാതിരുന്നാൽതന്നെയും നിങ്ങളുടെ കുടുംബബന്ധം മരുഭൂമിയായി മാറും!

സദൃശവാക്യങ്ങളിൽ നാം കണ്ട ആ മനുഷ്യൻ, മുള്ളും പറക്കാരയും മറ്റും തന്റെ തോട്ടത്തിൽ വിതച്ചുകൊണ്ടിരിക്കുകയായിരുന്നില്ല. പകരം, അവൻ ഒന്നും ചെയ്യാതെ ഉറങ്ങിക്കൊണ്ടിരുന്നു. പിന്നെ അവൻ എഴുന്നേററ് നോക്കിയപ്പോൾ തന്റെ തോട്ടം മുഴുവൻ മുള്ള് പടർന്ന്, കൻമതിൽ ഇടിഞ്ഞ് ...പാഴായിക്കിടക്കുന്നു!.

ആ മനുഷ്യൻ ഇനിയും കുറെക്കൂടെ ഉറങ്ങാം....കുറേക്കൂടെ നിദ്ര കുറെക്കൂടെ കൈകെട്ടിക്കിടക്ക" എന്ന് പറയുന്നത് കണ്ടില്ലേ? ഇതുപോലെ നാം ഒന്നും ചെയ്യാതെ, അലസരായിരിക്കുമ്പോൾ കുടുംബത്തിൽ കുറേശ്ശെ കുറേശ്ശെ മുള്ളും പറക്കാരയും മുളയ്ക്കാൻ തുടങ്ങുന്നു. അതേ, ഒരു രാത്രികൊണ്ട് നിങ്ങളുടെ കുടുംബജീവിതം പൊടുന്നനെ മരുഭൂമിയായി മാറുന്നില്ല. തുടക്കത്തിൽ ചില മാസങ്ങളോളം വിവാഹബന്ധം നന്നായിരിക്കുന്നതു നിങ്ങൾ കാണുന്നു! അപ്പോൾ "എല്ലാം നന്നായിട്ടാണല്ലോ ഇരിക്കുന്നത്" എന്ന് നിങ്ങൾ ആത്മഗതം ചെയ്ത് തോട്ടത്തെ ശ്രദ്ധിക്കാതെ അലസമായിരിക്കുന്നു. അപ്പോഴാണ് നിങ്ങളുടെ ഭാര്യാഭർത്തൃബന്ധത്തിൽ ദാരിദ്ര്യം വഴിപോക്കനെപ്പോലെ ഉള്ളിൽ നുഴഞ്ഞുകയറി...പിന്നെ ആയുധമണിഞ്ഞ തസ്കരനായി മാറി സൗഭാഗ്യബന്ധങ്ങളെ കവർന്നുകളയുന്നത്!! ഈ കാര്യങ്ങൾ സാത്താൻ ഉടനടി ചെയ്കയില്ല. അവൻ മെല്ലെ വന്നാലും നിശ്ചയമായും ഉള്ളിൽ പ്രവേശിക്കും. എന്നാൽ അവൻ ഒരിക്കൽ ഉള്ളിൽ വന്നാൽ ആയുധമണിഞ്ഞ തസ്കരനായ് മാറി നിങ്ങളുടെ കുടുംബബന്ധത്തിന്റെ വസന്തത്തെ മോഷ്ടിക്കയും, കൊല്ലുകയും, മുടിക്കുകയും ചെയ്യും.

അതിനാൽ നാം തോട്ടത്തെ പരിപോഷിപ്പിക്കുകയും നല്ല ബന്ധത്തെ സൂക്ഷിക്കയും ചെയ്യുന്നത് എപ്പോൾ അവഗണിക്കുന്നുവോ അപ്പോൾ ആ തോട്ടം മരുഭൂമിയായി മാറും. സാത്താൻ ആ തോട്ടത്തിൽ പ്രവേശിക്കാതെ സൂക്ഷിക്കുന്നതിനായിട്ടാണ് ദൈവമായ കർത്താവ് മനുഷ്യനെ ആ തോട്ടത്തിൽ ആക്കിവെച്ചത്. എന്നാൽ സാത്താൻ ഉള്ളിൽ പ്രവേശിച്ചു. അതിനുശേഷം എന്തുസംഭവിച്ചുവെന്നു നമുക്കറിയാം..!! ഒരു പൂന്തോട്ടം എങ്ങനെ മരുഭൂമിയായി മാറിയെന്നാണ് ഉല്പത്തി മൂന്നാം അധ്യായം നമ്മോട് പറയുന്ന





**നാം തോട്ടത്തെ പരിപോഷിപ്പിക്കുകയും നല്ല ബന്ധത്തെ സൂക്ഷിക്കയും ചെയ്യുന്നത് എപ്പോൾ അവഗണിക്കുന്നുവോ അപ്പോൾ ആ തോട്ടം മരുഭൂമിയായി മാറും. സാത്താൻ ആ തോട്ടത്തിൽ പ്രവേശിക്കാതെ സൂക്ഷിക്കുന്നതിനായിട്ടാണ് ദൈവമായ കർത്താവ് മനുഷ്യനെ ആ തോട്ടത്തിൽ ആക്കിവെച്ചത്. എന്നാൽ സാത്താൻ ഉള്ളിൽ പ്രവേശിച്ചു. അതിനുശേഷം എന്തുസംഭവിച്ചുവെന്നു നമുക്കറിയാം..!!**

ത്, ആദാം ഹവ്വമാരുടെ മനോഹരമായ ബന്ധം എങ്ങനെ പാഴും ശൂന്യവുമായിത്തീർന്നു?

പൂന്തോട്ടമായ കുടുംബബന്ധം മരുഭൂമിയായി മാറുന്നതിനുള്ള ആദ്യപങ്ക് ഭാര്യയ്ക്കാണ്! അതേ, വഴങ്ങാത്ത മാത്സര്യത്തിന്റ ആത്മാവിനെ സാത്താനിൽനിന്നും ഹവ്വാ സ്വീകരിച്ചുവല്ലോ!! എന്നാൽ ഇതേ ഭാര്യയ്ക്കു തന്നെ ഈ മരുഭൂമിയെ ഒരു പൂന്തോട്ടമായി മാറ്റുവാനും കഴിയും.!!

തോട്ടം മരുഭൂമിപോലെയായിത്തീർന്നതിന്റെ ആദ്യകാരണം ഉൽപത്തി 3:6 ൽ നാം കാണുന്നു. മനുഷ്യവർഗ്ഗത്തിന്റെ ഭാവിഭാഗധേയം നിർണ്ണയിച്ച ഒരു സുപ്രധാനതീരുമാനം അവിടെ ഒരു സ്ത്രീകൈക്കൊള്ളുകയാണ്! അവൾ അന്നെടുത്ത ആ തീരുമാനം തന്റെ ഭർത്താവിനോട് ഒരു ആലോചനപോലും ചോദിക്കാതെയാണു കൈക്കൊണ്ടത്. ഇവിടെയാണ് പാപം പ്രവേശിച്ചത്! ഇവിടെയാണ് മരുഭൂമി തുടങ്ങിയത്. ഭാര്യമാരായ എല്ലാവരും എപ്പോഴും ഈ വസ്തുത മനസ്സിൽ വച്ചിരിക്കണം. പഴം പറിച്ചുതിന്നപ്പോൾ ഹവ്വ സാത്താനിൽനിന്നും സത്യത്തിൽ എന്താണ് സ്വീകരിച്ചതെന്നറിയാമോ? അധികാരത്തിന് കീഴ്പ്പെടാൻ ആഗ്രഹമില്ലാത്ത മാത്സര്യമുള്ള 'സാത്താന്റെ ആത്മാവിനെ' തനിക്കായിട്ട് വാങ്ങുകയാണ് അവൾ ചെയ്തത്.

ഹവ്വ വഞ്ചിക്കപ്പെട്ട സമയത്ത് യഥാർത്ഥത്തിൽ അവൾ തനിയെ ആയിരുന്നില്ല. അവളോടുകൂടെ ആദാമും ഉണ്ടായിരുന്നിരിക്കണം. അതുകൊണ്ടാണല്ലോ 'സ്ത്രീ ആ വൃക്ഷഫലം തിന്മാൻ നല്ലതെന്ന് കണ്ട് ഫലം പറിച്ചു തിന്നു ഭർത്താവിനും കൊടുത്തു; അവനും തിന്നു!' (ഉൽപ 3:6) എന്ന് നാം വായിക്കുന്നത്. ഈ സാഹചര്യത്തിൽ ദൈവം കുടുംബത്തിന് തലയായിവച്ചിരുന്ന അധികാരത്തെ ഭാര്യകൈയാളുന്നത് തന്റെ കൺമുമ്പിൽ തന്നെ ആദാം കണ്ടു. ദൈവം തന്നോടു കല്പിച്ച പ്രകാരം ഹവ്വയോട് 'ആ ഫലം പറിക്കരുത്. അത് പാപമാണ്!' എന്ന് വിലക്കിയോ? ഇല്ല. അവൻ തന്റെ ഭാര്യയെ തടഞ്ഞില്ല. അതിനാലാണ് വളരെ ദുഃഖത്തോടെ "നീ നിന്റെ ഭാര്യയുടെ വാക്കു അനുസരിച്ചുവല്ലോ?" എന്ന് ദൈവം ആദാമിനോട് പറഞ്ഞത്. (ഉൽപ.3:17). അതേ, ഇപ്പോഴും അനേക ഭർത്താക്കന്മാർ സാത്താൻ തങ്ങളുടെ ഭാര്യമാരെ സ്വാധീനിച്ച് അവൾ തലയായിരുന്ന് ചെയ്യുന്നകാര്യങ്ങളെ വെറുതെ നോക്കിക്കൊണ്ടിരിക്കുകയാണ്. ഒരു സുപ്രധാനപാഠം ഇവിടെ നമുക്ക് പഠിക്കുവാൻ കഴിയും. ആദിയിൽ ദൈവം കുടുംബത്തിൽ ഭർത്താവിനെ തലയായി നിയമിച്ചു. ശിരസ്സായ ആ അധികാരത്തിനു ഭാര്യ സന്തോഷത്തോടെ കീഴടങ്ങിയിരിക്കുക എന്നതായിരുന്നു ദൈവനിശ്ചയം. അവൾ കീഴടങ്ങിയിരിക്കാതെ സ്വയം ഒരു തീരുമാനം എടുക്കരുത്. ഹവ്വയോ തന്റെ ഭർത്താവിനോട് ഒരു ആലോചനപോലും ചോദിച്ചില്ല.

**വീട്ടിൽ ദൈവത്തിന്റെ പ്രതിനിധിയായുള്ള തന്റെ ഭർത്താവിന്റെ അധികാരത്തിനു വിരോധമായിട്ടൊരു സ്ത്രീ മാത്സര്യആത്മാവുള്ളവളായിരുന്നാൽ അവൾ യഥാർത്ഥത്തിൽ തന്റെ വീടു സ്വന്ത കൈകളാൽ പൊളിച്ചുകളയുന്നവളാണ്. ഇതുപോലുള്ള ഒരുവളെ "ഭോഷത്തമുള്ളവളെന്നോ അല്ലെങ്കിൽ ഭ്രാന്ത്ബാധിച്ചവളെന്നോ"പറയുന്നതിൽ യാതൊരു തെറ്റുമില്ല, എന്തുകൊണ്ടെന്നാൽ ഇവൾ തന്റെ വീടിന്റെ ജനലും, ചുവരുകളുംഎല്ലാം ഒരു ഭ്രാന്തിയെപ്പോലെ ഇടിച്ചു പൊളിച്ചുകൊണ്ടിരിക്കുന്നു! ഇനി എന്ത് സംഭവിക്കും? പൂന്തോട്ടം വളരെ വേഗം തന്നെ മരുഭൂമിയായിത്തീരും.**

ആദാം അവളോടുകൂടെ തോട്ടത്തിൽ ഉണ്ടായിരുന്നിട്ടും തന്റെ 'ഭർത്താവിനോട് ചോദിച്ചാലോ' എന്ന് ഒന്നു ചിന്തിക്കുകപോലും ചെയ്യാതെ, സാത്താനോട് കൂടിയാലോചിച്ച് അവൾ തന്നെ ഒരു തീരുമാനമെടുത്തു. അതേ, ആദ്യമായി ഇവിടെയാണ് പൂന്തോട്ടമായിരുന്ന അവരുടെ ജീവിതം മരുഭൂമിയായി മാറിത്തുടങ്ങിയത്.

പ്രിയപ്പെട്ട സഹോദരിമാരേ, നിങ്ങളും നിങ്ങളുടെ കുടുംബത്തിൽ ഇന്ന് ഹവ്വയുടെ സ്ഥാനത്ത് വന്നിട്ടുണ്ടെങ്കിൽ, അന്ന് ഏദെൻ തോട്ടത്തിൽ ഉണ്ടായ കുഴപ്പം നിങ്ങളുടെ കുടുംബത്തിലും സംഭവിക്കും. ഹവ്വ തന്റെ ഹൃദയത്തിൽ സാത്താന്റെ മാത്സര്യമുള്ള ആത്മാവിനെ സ്വീകരിക്കുകയാണു ചെയ്തത്.

ഇതുപോലെ ഒരു ഭാര്യ മാത്സര്യമുള്ള ഒരു ആത്മാവിനധീനപ്പെട്ടാൽ പിന്നെ അവൾ എന്തുചെയ്യുമെന്നറിയാമോ? തനിക്കു ലഭിച്ചു കീഴടങ്ങാത്ത ആത്മാവിനെ തന്റെ കുഞ്ഞുങ്ങളിലേക്കും പകരും! ഇതാണ് ഉൽപത്തി നാലാം അധ്യായത്തിൽ നാം കാണുന്നത്. ഹവ്വയുടെ മൂത്ത പുത്രനായ കയീൻ അധികാരത്തിന് വിരോധമായി മത്സരിച്ചു. ഈ ആത്മാവ് അവന് എവിടെനിന്നാണ് ലഭിച്ചത്? അല്പം പോലും സംശയിക്കേണ്ട, അവന് തന്റെ അമ്മയിൽ നിന്നുമാണത് ലഭിച്ചത്! ആ ആത്മാവ് അവന്റെയുള്ളിൽ ശക്തിയോടെ പ്രവർത്തിച്ച് സ്വന്ത സഹോദരനെ കൊല്ലുന്നതിലേക്ക് അവനെ നടത്തി.

ഇതുപോലെ കുഞ്ഞുങ്ങളുടെ പ്രവൃത്തികൾ മൂലം തന്നെക്കുറിച്ചു വെളിച്ചം കിട്ടുന്ന ഒരു മാതാവ് ഇന്നു തന്നെത്താൻ താഴ്ത്തി, തന്റെ ഉള്ളിലുള്ള ആ ദുഷ്ടാത്മാവിനെ ദൈവമുൻപാകെ ന്യായം വിധിക്കണം! കള്ളൻ മോഷ്ടിക്കാനും, കൊല്ലാനും മുടിക്കാനുമാണ് വരുന്നത്. അതേ ഉൽപത്തി നാലാം അധ്യായത്തിന്റെ അവസാനത്തിൽ ഹാബേൽ കൊല്ലപ്പെട്ടു. കയീനും വീട്ടിന് വെളിയിൽ അലഞ്ഞുതിരിയുന്നവനായി മാറി. കണ്ടില്ലേ? പൂന്തോട്ടമായിരുന്ന ആ ഭവനം അല്പകാലത്തിനുള്ളിൽ മരുഭൂമിയായിത്തീർന്നു.!

സഹോദരിമാരേ, നിങ്ങൾ തന്നെത്താൻ താഴ്ത്തി കീഴ്പ്പെട്ടിരിക്കുന്ന കാര്യം ലജ്ജാകരമെന്നു കരുതുന്നുവോ? എങ്കിൽ ഈ സമയം യേശുക്രിസ്തുവിന്റെ നല്ല മാതൃക ആലോചിച്ചുനോക്കുക. താഴ്മയുള്ള, കീഴ്പ്പെട്ടിരിക്കുന്ന, ആത്മാവുണ്ടായിരുന്നതുകൊണ്ടാണ് യേശു മാത്സര്യത്തിന്റെ





ആത്മാവുള്ള സാത്താന്റെ മേൽ പൂർണ്ണജയം പ്രാപിച്ചത്.

അങ്ങനെയാണെങ്കിൽ ഏതു ആത്മാവാണ് വലിയത്? അതിന്റെ ഉത്തരം ഇപ്പോൾ നിങ്ങൾക്കുതന്നെ അറിയാം. അതിനാൽ സഹോദരിമാരായ നിങ്ങൾക്ക് ആത്മീയജീവിതത്തിൽ അഭിവൃദ്ധിയുള്ള ഭാര്യമാരായി തീരാനാഗ്രഹമുണ്ടെങ്കിൽ "കീഴ്പ്പെട്ടിരിക്കുന്ന ആത്മാവിനെ" എല്ലാ സാഹചര്യങ്ങളിലും ലഭിപ്പാൻ തക്കവണ്ണം അന്വേഷിക്കുക" തനിക്കു ലഭിച്ചിരിക്കുന്ന അധികാരത്തിന് കീഴടങ്ങിയിരിക്കുന്ന ആത്മാവ് ക്രിസ്തുവിന്റേതാണ്. അതുകൊണ്ടാണ് 1 പത്രോ.3:1 ൽ "അതുപോലെതന്നെ (യേശുവേപ്പോലെതന്നെ) ഭാര്യമാരേ, നിങ്ങളുടെ സ്വന്തഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ" (NASB) എന്നുപറഞ്ഞിരിക്കുന്നത്. ഇതുപോലെ കീഴടങ്ങിയിരിക്കുന്നതിൽനിന്നു വലിയ ശക്തി ലഭിക്കും. നിങ്ങളുടെ ഭർത്താക്കന്മാർ തിരുവചനത്തിന് കീഴ്പ്പെടുന്നവരല്ലെങ്കിൽകൂടി അങ്ങനെയുള്ളവർക്കും എപ്പോഴും കീഴടങ്ങിയിരിക്കാൻ തുടർന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക:

ദൈവവചനത്തിനു കീഴടങ്ങാത്ത ഒരുവൻ, സാത്താന്റെ അടിമയും അവന്റെ മകനുമാണ്. ദൈവവചനം അനുസരിക്കാത്തവനാണു നിങ്ങളുടെ ഭർത്താവെങ്കിൽ, ഭയങ്കര സിംഹമായിരിക്കുന്ന സാത്താന്റെ ഒരു മകനായി അയാൾ തീർന്നിരിക്കുന്നു. അവിശ്വാസിയായ ഭർത്താവ്, സാത്താന് സ്വന്തമായ സിംഹക്കുട്ടിയായാണു നിങ്ങളുടെ വീട്ടിൽ ഇരിക്കുന്നത്. ഗർജ്ജിക്കുന്ന സിംഹത്തിനരികിൽ നിന്നും ഈ സിംഹക്കുട്ടിയെ ആർക്കാണ് വേർപെടുത്താൻ കഴിയുക? അങ്ങനെ വേർപെടുത്തി ആ സിംഹക്കുട്ടിയെ ദൈവരാജ്യത്തിൽ കൊണ്ടുവന്ന് അതിലെ അംഗമാക്കുവാൻ ആർക്കു കഴിയും. അതേ, അടങ്ങികീഴ്പ്പെട്ടിരിക്കുന്ന ഒരു ഭാര്യയ്ക്കാണ് ഇതിനുള്ള ശക്തിയുള്ളത്. ആ ശക്തി എങ്ങിനെയുള്ളതാണെന്നറിയാമോ? ഉപദേശത്തിന്റേതായ ഒരു വാക്കുപോലും ഉരിയാടാതെ തന്റെ ഭർത്താവിന് രക്ഷ നേടിക്കൊടുക്കുവാൻ ഒരുവളെ പ്രാപ്തയാക്കുന്നതാണ് ആ ശക്തി! ഗർജ്ജിക്കുന്ന ഭയങ്കരസിംഹത്തിൽ നിന്ന് തന്റെ ഭർത്താവിനെ ഇവൾ രക്ഷിക്കുന്നു!!

"സ്ത്രീകളിൽ ജ്ഞാനമുള്ളവൾ തന്റെ വീടു പണിയുന്നു; ഭോഷത്തമുള്ളവളോ അതു സ്വന്തകൈകളാൽ പൊളിച്ചുകളയുന്നു" (സദൃശവാക്യങ്ങൾ 14:1). ഈ വചനത്തിൽ പുരുഷന്മാരിൽ ജ്ഞാനമുള്ളവൻ എന്നല്ല എഴുതിയിരിക്കുന്നത്. കാരണം, ഒരു സ്ത്രീയ്ക്ക് കീഴടക്കത്തിന്റെ ആത്മാവുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണ് വീട് പണിയപ്പെടുന്നത്.

വീട്ടിൽ ദൈവത്തിന്റെ പ്രതിനിധിയായുള്ള തന്റെ ഭർത്താവിന്റെ അധികാരത്തിനു വിരോധമായിട്ടൊരു സ്ത്രീ മാത്സര്യആത്മാവുള്ളവളായിരുന്നാൽ അവൾ യഥാർത്ഥത്തിൽ തന്റെ വീടു സ്വന്ത കൈകളാൽ പൊളിച്ചുകളയുന്നവളാണ്. ഇതുപോലുള്ള ഒരുവളെ "ഭോഷത്തമുള്ളവളെന്നോ അല്ലെങ്കിൽ ഭ്രാന്തുബാധിച്ചവളെന്നോ" പറയുന്നതിൽ യാതൊരു തെറ്റുമില്ലതന്നെ! എന്തുകൊണ്ടെന്നാൽ ഇവൾ തന്റെ വീടിന്റെ ജനലും, ചുവരുകളും, എല്ലാം ഒരു ഭ്രാന്തിയെപ്പോലെ ഇടിച്ചു പൊളിച്ചുകൊണ്ടിരിക്കുന്നു! ഇനി എന്ത് സംഭവിക്കും? പൂന്തോട്ടം വളരെ വേഗം തന്നെ മരുഭൂമിയായി മാറും. "ദൈവം യോജിപ്പിച്ചതിനെ വേർപിരിക്കുന്ന" കൊടിയ വഞ്ചന ഇങ്ങനെയാണ് സാത്താൻ ഒരു കുടുംബത്തിൽ ആരംഭിക്കുന്നത്.

**മൊഴിമാറ്റം: ക്രിസ്റ്റി. (തുടരും)**

ഭാവന

# 'ദൈവത്തിന് ന്യായംവിധിക്കാൻ എന്തവകാശം?'

**അ**ന്ത്യന്യായവിധിയുടെ ദിവസം.

ദൈവം ന്യായവിധിയുടെ സിംഹാസനത്തിൽ ഇരുന്നു. പുസ്തകങ്ങൾ തുറക്കപ്പെട്ടു. വിവിധകാലങ്ങളിൽ ലോകത്ത് ജനിച്ചുമരിച്ച കോടിക്കണക്കിനു ജനങ്ങൾ ദൈവവിധിക്ക് കാതോർത്ത് സിംഹാസനത്തിനു മുൻപാകെ കൂട്ടം കൂടി നിന്നു.

അവർ അസ്വസ്ഥരായിരുന്നു. പലരും ഭൂമിയിൽ തങ്ങൾ അന്യായമായി അനുഭവിച്ച കഷ്ടങ്ങളെപ്പറ്റി കൂട്ടംതിരിഞ്ഞ് ചർച്ചചെയ്യുവാൻ തുടങ്ങി. തർക്കങ്ങൾ, അഭിപ്രായപ്രകടനങ്ങൾ, പിറുപിറുപ്പ്...രംഗം മെല്ലെ ചൂടുപിടിച്ചു.

'ദൈവത്തിന് നമ്മെ ന്യായംവിധിക്കാൻ എന്തധികാരം? എന്തവകാശം? ഭൂമിയിലെ കഷ്ടപ്പാടുകളെക്കുറിച്ച് സ്വർഗ്ഗത്തിലിരിക്കുന്ന ദൈവത്തിന് എന്തറിയാം?' ആൾക്കൂട്ടത്തിൽ നിന്ന് ഒരഭിപ്രായം മെല്ലെ ശക്തിപ്രാപിക്കുകയായിരുന്നു. പലരും അതിനെ പിൻതാങ്ങി സംസാരിച്ചു.

'നോക്ക്, ഇതുകണ്ടോ?' ക്ഷോഭിക്കുന്ന ഒരു ചെറുപ്പക്കാരൻ മുന്നോട്ടു വന്നു. അയാൾ ഉടുപ്പഴിച്ച് തന്റെ ദേഹത്ത് കരിവാളിച്ചു കിടക്കുന്ന പാടുകൾ എല്ലാവരേയും കാട്ടിക്കൊണ്ടുപറഞ്ഞു. 'ഒരു തെറ്റും ചെയ്യാഞ്ഞിട്ടും യഹൂദനായി ജനിച്ചുപോയി എന്ന ഒറ്റക്കാരണത്താൽ എനിക്ക് ഏൽക്കേണ്ടിവന്ന പീഡനങ്ങളാണിത്.' ജർമ്മനിയിൽ ഹിറ്റ്ലറുടെ നാസി തടങ്കൽപാളയത്തിൽ ക്രൂരമായ മർദ്ദനത്തിന് വിധേയനായ ആ ചെറുപ്പക്കാരന്റെ കണ്ണുകളിൽ രോഷം ആളി.

'ഇതിനെക്കുറിച്ചെന്തുപറയുന്നു.?' ഒരു കറുത്തവർഗ്ഗക്കാരൻ മുന്നോട്ടുവന്ന് തന്റെ ഉടുപ്പിന്റെ കോളർ താഴ്ത്തിക്കാണിച്ചു. അവന്റെ കഴുത്തിൽ വട്ടത്തിൽ ചുട്ടുപൊള്ളിച്ച പാടുകൾ. 'കറുത്തതൊലിയോടെ ജനിച്ചുപോയി എന്ന ഒററക്കാരണത്താൽ അടിമക്യാമ്പിൽ ഞങ്ങൾ എന്തെന്തുദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നു.!' അമർഷം ചവച്ചുതുപ്പിയ വാക്കുകൾ.

അതൊരു തുടക്കം മാത്രമായിരുന്നു. അന്യായമായി പീഡിപ്പിക്കപ്പെട്ടപലരും മുന്നോട്ടുവന്ന് സംസാരിക്കുവാൻ തുടങ്ങി. ലോകത്ത് തങ്ങൾക്ക് ഈ ദുരിതങ്ങൾ അനുവദിച്ച ദൈവത്തെക്കുറിച്ച് എല്ലാവർക്കും പരാതികളുണ്ടായിരുന്നു.

'ദൈവം എത്ര ഭാഗ്യവാനാണ്' അവർ ഏകാഭിപ്രായക്കാരായി. 'മർദ്ദനവും, ജയിലും, ഭയവും, വിശപ്പും കണ്ണുനീരുമില്ലാത്ത സ്വർഗ്ഗത്തിൽ സുഖമായങ്ങുവാഴുകയല്ലേ? സത്യത്തിൽ ദൈവത്തിനു മനുഷ്യരെക്കുറിച്ച് എന്തറിയാം? ഭൂമിയിൽ പാവപ്പെട്ട മനുഷ്യർ അനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങളെക്കുറിച്ച് ദൈവത്തിന് വല്ല അനുഭവജ്ഞാനവും ഉണ്ടോ?'

ചർച്ചകൾക്കൊടുവിൽ നിന്ദിതരും പീഡിതരുമായ ഓരോ സംഘവും തങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പീഡിപ്പിക്കപ്പെട്ട ഓരോരുത്തരെ നേതാക്കന്മാരായി തിരഞ്ഞെടുത്തു. നാസിതടങ്കൽപാളയത്തിൽ നിന്ന് ഒരു യഹൂദൻ, ആഫ്രിക്കയിൽ നിന്ന് ഒരു കറുത്തവർഗ്ഗക്കാരൻ, ഇന്ത്യയിൽ നിന്ന് വർണ്ണവിവേചനത്തിന്

*(ശേഷം പേജ് 39 ൽ)*



# ആ പാദമുദ്രകളിൽ പദമൂന്നി...



**ചാൾസ് എം. ഷെൽഡൺ**
**മൊഴിമാറ്റം:ബോബി ചെറിയാൻ**

*വായിച്ചു തുടങ്ങുംമുൻപ്......*

***റെയ്മണ്ട് ഒന്നാം സഭയിലെ ശുശ്രൂഷകനാണ് ഹെൻട്രി മാക്സ്വെൽ. ഞായറാഴ്ച. 'യേശുവിനെ അനുഗമിക്കുക' എന്ന പ്രസംഗത്തിനുശേഷം അദ്ദേഹം ഇരുന്നപ്പോൾ തൊഴിലന്വേഷിച്ച് നടന്ന ഒരാൾ പ്രസംഗപീഠത്തിലേക്ക് കയറിവന്നു. ഒരു അച്ചടിത്തൊഴിലാളിയായ അയാൾക്ക് പത്തുമാസംമുമ്പ് തൊഴിൽ നഷ്ടപ്പെട്ടു. ദാരിദ്ര്യംമൂലം ഭാര്യമരിച്ചു. ഏകമകളെ ഒരു സ്നേഹിതന്റെ വീട്ടിൽ ആക്കിയിട്ട് ജോലിയന്വേഷിച്ച് വന്നതാണ് അയാൾ. യേശുവിനെ അനുഗമിക്കുക എന്ന പ്രസംഗം അയാൾ സദസ്സിൽ ഇരുന്ന് കേട്ടു. പിന്നീട് 'നിങ്ങൾ പ്രായോഗികതലത്തിൽ എങ്ങനെയാണ് യേശുവിനെ അനുഗമിക്കുന്നത്?' എന്ന ചോദ്യം സഭാജനങ്ങളോട് അയാൾ ഉന്നയിച്ചു. എന്നാൽ സംസാരം പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ഹൃദയാഘാതംമൂലം അയാൾ മരിച്ചു. പിറ്റേ ആഴ്ച റവ.ഹെൻട്രി മാക്സ്വെൽ തന്റെ സഭാജനങ്ങൾക്ക് ഒരു ആഹ്വാനം നൽകി-അടുത്ത ഒരു വർഷത്തേക്ക് 'യേശു ആയിരുന്നെങ്കിൽ എന്തുചെയ്യുമായിരുന്നു' എന്നു ചോദിച്ചശേഷം മാത്രമേ ഏതു പ്രവൃത്തിയും ചെയ്യാവൂ എന്ന പ്രതിജ്ഞ എടുക്കുക. സഭയിലെ ഒരു സംഘം വിശ്വാസികൾ അങ്ങനെ പ്രതിജ്ഞ എടുത്തു. നഗരത്തിലെ ഡെയ്ലി ന്യൂസ് പത്രത്തിന്റെ പത്രാധിപർ നോർമൻ ആകൂട്ടത്തിൽ ഒരാളായിരുന്നു. അദ്ദേഹം തന്റെ പ്രതിജ്ഞയനുസരിച്ച് പത്രത്തിൽ ചില മാറ്റങ്ങൾ വരുത്തുവാൻ തുടങ്ങി.***

*തുടർന്നുവായിക്കുക....*

## 5

**ഞാ**യറാഴ്ച പ്രഭാതം. റെയ്മണ്ടിലെ പ്രഥമ സഭയിൽ ആളുകൾ വന്നു കൂടി. പ്രസംഗപീഠത്തിനു സമീപം തന്റെ പതിവു കസേരയിൽ ഇരുന്നിരുന്ന എഡ്വാർഡ് നോർമൻ എന്ന പത്രാധിപർ ഏവരുടേയും ശ്രദ്ധാകേന്ദ്രമായിക്കഴിഞ്ഞിരുന്നു. തന്റെ ഞായറാഴ്ചപ്പത്രം നിർത്തുന്നതിനെപ്പറ്റി അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന പ്രസ്താവന വായനക്കാരെ ഞെട്ടിച്ചിരുന്നു.

റെയ്മണ്ടിലെ സാധാരണ ജനജീവിതത്തെ ഉലയ്ക്കുന്ന സംഭവങ്ങളൊന്നും സമീപകാലത്തുണ്ടായിട്ടില്ല. എന്നാലിപ്പോൾ ഞായറാഴ്ചപ്പത്രത്തിന്റെ കാര്യം മാത്രമല്ല അലക്സാണ്ടർ പവേഴ്സിന്റെ റെയിൽ റോഡ് കടകളിലും മിൽട്ടൺ റൈറ്റിന്റെ കടകളിലുമൊക്കെ സംഭവിക്കുന്ന അപൂർവ്വകാര്യങ്ങൾ റെയ്മണ്ടിനെ ഉലയ്ക്കാൻ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു.

ഹെൻറിമാക്സ്വെൽ നിശ്ചയ

ദാർഢ്യത്തോടും പ്രശാന്തതയോടുംകൂടെ എല്ലാം അഭിമുഖീകരിച്ചു. തന്റെ പ്രാർത്ഥനകളും പ്രസംഗങ്ങളും ലക്ഷ്യവേധിയായിരുന്നു. “യേശു ആണെങ്കിൽ എങ്ങനെ പ്രസംഗിക്കും? എന്തു പറയും?” എന്ന ചോദ്യത്തിനു മുമ്പിൽ ഒരാഴ്ചമുഴുവനും സ്വയം പരിശോധിച്ചിട്ടു വരുന്ന ഒരു പ്രസംഗകൻ എത്രകാലാനുസൃതവും ഉചിതവുമായി സംസാരിക്കുമോ അതുപോലെ. അതു രണ്ടു ഞായറാഴ്ചകൾക്കുമുമ്പുവരെ അദ്ദേഹം പ്രസംഗിച്ചതുപോലെ ആയിരുന്നില്ല. കഴിഞ്ഞ ചൊവ്വാഴ്ച മരിച്ച ആ അപരിചിതന്റെ ശവക്കുഴിയ്ക്കരികിൽ നിന്നു കൊണ്ട് “മണ്ണു മണ്ണോടും....ചേരട്ടെ” എന്നു പറയുമ്പോൾ തന്റെ ആത്മാവിന്റെ തേങ്ങൽ സഭയോടു യേശു സംസാരിക്കുന്നതു പോലെ സംസാരിക്കുന്നതിനെക്കുറിച്ചായിരുന്നു. അവാച്യമായ എന്തോ ഒന്ന് തന്റെ അന്തരാത്മാവിനെ അതിനുവേണ്ടി ഉദ്യമിപ്പിച്ചുകൊണ്ടിരുന്നു. അങ്ങനെ ഇതാ ആ ഞായറാഴ്ച വന്നിരിക്കുന്നു.

സംസാരിച്ചു തീർന്നപ്പോൾ അദ്ദേഹത്തിനു വേണ്ടത്ര തൃപ്തി ലഭിച്ചില്ല. എങ്കിലും അത്തരം ഒരു സന്ദേശം ആ സഭയിലാരും അതിനുമുമ്പൊരിക്കലും കേട്ടിരുന്നില്ല. പാപത്തോടുള്ള ശാസന, പ്രത്യേകിച്ചും കാപട്യം, ദ്രവ്യാഗ്രഹം, സ്വാർത്ഥത ഇവയ്ക്കെതിരെയുള്ള ശാസനയുടെ ശബ്ദമായിരുന്നു. ഇതുമുമ്പൊരിക്കലും ആ സഭയ്ക്കു കേൾക്കേണ്ടി വന്നിട്ടില്ല. എന്നാൽ ജനത്തോടുള്ള സ്നേഹത്തിലായിരുന്നു ശാസനയും പ്രബോധനവും. “ആത്മപ്രേരിതമായ ഒരു പ്രസംഗം” ജനം നിരീക്ഷിച്ചു. അതങ്ങനെ തന്നെയായിരുന്നുതാനും.

പ്രസംഗശേഷം പതിവുപോലെ റേച്ചൽ വിൻസ്ലോ പാടാനെഴുന്നേറ്റു. ആരെയും കയ്യടിക്കാൻ പ്രേരിപ്പിക്കുന്ന തരത്തിലായിരുന്നില്ല പാട്ട്. ഭക്തിസാന്ദ്രമായ നിശ്ശബ്ദതയിലേക്കും ധ്യാനത്തിന്റെ ആഴത്തിലേക്കും ഹൃദയങ്ങളെ വലിച്ചു കൊണ്ടു പോകുന്ന തരത്തിലായിരുന്നു.

യോഗം അവസാനിയ്ക്കുമ്മുമ്പേ അതിനുശേഷം ഒരു പ്രത്യേക ആലോചനായോഗം കൂടുന്നതിനെക്കുറിച്ച് മാക്സ്വെൽ അറിയിക്കയുണ്ടായി. കഴിഞ്ഞയാഴ്ച പ്രത്യേകമായി കൂടിയവരും പുതുതായി പ്രതിജ്ഞ ചെയ്യാൻ താത്പര്യമുള്ളവരും പഠനമുറിയിൽ കൂടുവാൻ അദ്ദേഹം നിർദ്ദേശിച്ചു. പോകുന്നവരെയൊക്കെ യാത്രയാക്കി അദ്ദേഹം പഠനമുറിയിലേക്കു ചെന്നു. ധാരാളം യുവജനങ്ങൾ പുതുതായി വന്നതു കണ്ട് അദ്ദേഹം അത്ഭുതപ്പെട്ടു. അവരിൽ ബിസിനസ്സുകാരും ഉദ്യോഗസ്ഥരുമുണ്ടായിരുന്നു.

യോഗാരംഭപ്രാർത്ഥനയിൽ ദൈവാത്മാവിന്റെ സാന്നിദ്ധ്യവും ആവാസവും ഓരോരുത്തരും അനുഭവിച്ചറിയുകയും തങ്ങൾ വച്ചിരിക്കുന്ന ലക്ഷ്യവും ചുവടുകളും ദൈവഹിതാനുസൃതമെന്ന ബോദ്ധ്യവും ഉറപ്പും തന്മൂലം ഓരോരുത്തർക്കും ലഭിക്കയും ചെയ്തു.

സംശയനിവാരണങ്ങളും ഉപദേശങ്ങളും ആലോചനകളുമായിരുന്നു മുഴുവൻ സമയവും. കേവലം ഒരു സഭാംഗത്വത്തിലുപരി ഒരിക്കലും ലഭിച്ചിട്ടില്ലാത്ത പ്രത്യേകമായ ഒരു കൂട്ടായ്മാനുഭവം അവർ അനുഭവിച്ചറിയുകയായിരുന്നു. നോർമന്റെ തീരുമാനങ്ങളെ അവർക്കു മനസ്സിലാക്കാൻ കഴിയുമായിരുന്നു. പല ചോദ്യങ്ങൾക്കും അദ്ദേഹം മറുപടി നൽകി.

“താങ്കളുടെ ഞായറാഴ്ചപ്പത്രം നിർത്തുന്നതിന്റെ ഭവിഷ്യത്ത് എന്തായിരിക്കും?”

അലക്സാണ്ടർ പവേഴ്സ് ചോദിച്ചു.

“എനിക്കറിഞ്ഞുകൂടാ. വരിക്കാരുടെ എണ്ണവും പരസ്യങ്ങളും തീരെക്കുറയുമായിരിക്കും. ഞാനതു പ്രതീ





*ജീവിതത്തിലെ തൃപ്തിയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. അതിന്റെ ഉറവിടവും കാരണങ്ങളും എന്ന വിഷയത്തെക്കുറിച്ച് ചിന്തിച്ചു. അവർ തൊഴിലാളികളാണെന്നോ തനിക്കും അവർക്കുമിടയിൽ ഒരു അന്തരമുണ്ടെന്നോ ഉള്ള യാതൊരു സൂചനയും വാക്കുകളിലുണ്ടാകാതെ വളരെ ശ്രദ്ധയോടെ അദ്ദേഹം സംസാരിച്ചു.*



ക്ഷിക്കുന്നു.” “താങ്കൾക്കതിൽ ദുഃഖമോ ഭയമോ സംശയമോ ഉണ്ടോ? യേശു ആയിരുന്നെങ്കിൽ അങ്ങനെ ചെയ്യുമായിരുന്നില്ല എന്ന ആശങ്കയുണ്ടോ?” മാക്സ്വെൽ ചോദിച്ചു. “ഒട്ടുമില്ല..... ഞാനൊന്നു ചോദിക്കട്ടെ......യേശു ആയിരുന്നെങ്കിൽ ഞായറാഴ്ച പ്രഭാതത്തിൽ ഒരു പത്രമിറക്കുമായിരുന്നു എന്ന് നിങ്ങൾ കരുതുന്നുണ്ടോ?”

ആരുമൊന്നും മറുപടി പറഞ്ഞില്ല. നിശ്ശബ്ദത കനത്തു. “നാമെല്ലാം ഒരുപോലെ ചിന്തിക്കുന്നു.” ജാസ്പർചേസ് നിശ്ശബ്ദതയെ ഭഞ്ജിച്ചു. “യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്നോർത്ത് കഴിഞ്ഞ ആഴ്ചയിൽ പലതിനും മുമ്പിൽ ഞാൻ കുഴങ്ങിയിട്ടുണ്ട്. പലകാര്യങ്ങളിലും അതു കണ്ടെത്തുക എളുപ്പമല്ല.”

“എന്റെ കാര്യവും അങ്ങനെതന്നെ.” വെർജീനിയാ പേജ് പറഞ്ഞു. വെർജീനിയയ്ക്ക് തന്റെ പ്രതിജ്ഞ എങ്ങനെ പാലിക്കാൻ കഴിയുമെന്നു എല്ലാവരും അത്ഭുതപ്പെട്ടിരുന്നു. “എന്റെ സമ്പത്തിന്റെ കാര്യത്തിൽ എങ്ങനെ ഈ സമസ്യയ്ക്ക് ഉത്തരം കണ്ടെത്തുമെന്നതാണ് എന്നെ അലട്ടുന്നത്. നമ്മുടെ കർത്താവ് പണമോ വസ്തുവകകളോ ഒരിക്കലും തന്റെ ഉടമസ്ഥതയിൽ വച്ചിരുന്നില്ല. എനിക്ക് ഇക്കാര്യത്തിൽ ഒരു മാതൃക ലഭിപ്പാൻ തക്കവണ്ണം തന്നിൽ ഞാനൊന്നും കാണുന്നില്ല. ഞാൻ പ്രാർത്ഥിക്കയും കാര്യങ്ങളെ പഠിക്കയും ചെയ്തുകൊണ്ടിരിക്കയാണ്. അവിടുന്ന് എന്തു ചെയ്യുമായിരുന്നു എന്നതിന്റെ ഒരംശം മാത്രമേ എനിക്കു കാണാൻ കഴിയുന്നുള്ളു എന്നു ഞാൻ വിചാരിക്കുന്നു. ഒരു ദശലക്ഷം ഡോളർ ലഭിച്ചാൽ അവിടുന്നെന്തു ചെയ്യുമായിരുന്നു? എന്റെ തൃപ്തിയ്ക്കൊത്തവണ്ണം ഒരുത്തരം കണ്ടെത്താൻ എനിക്കു കഴിയുന്നില്ല.”

“അതിന്റെ ഒരംശം കൊണ്ട്

എന്തു ചെയ്യാൻ കഴിയുമെന്നു ഞാൻ പറയാം." റേച്ചൽ വിൻസ്ലോ പറഞ്ഞു.

"അതൊന്നുമല്ല എന്നെ വിഷമിപ്പിക്കുന്നത്" വെർജീനിയ മന്ദഹസിച്ചു. "എന്റെ പ്രവൃത്തികളെ അവിടുത്തെ ജീവനോടു ഏറ്റവുമധികം ചേർത്തു നിർത്താൻ കഴിയുമാറ് എന്റെ സമ്പത്തും അതിന്റെ വിനിമയവും കൈകാര്യം ചെയ്യാൻ കഴിയുന്ന ഒരു പ്രമാണം കണ്ടെത്തുക എന്നതാണ്."

"അതിനു കുറെ സമയമെടുക്കും" മാക്സ്‌വെൽ പ്രതിവചിച്ചു. കൂടിയിരുന്നവരൊക്കെയും അതെക്കുറിച്ചു ചിന്തിക്കയായിരുന്നു. മിൽട്ടൺ റൈറ്റ് തന്റെ അനുഭവങ്ങൾ അവതരിപ്പിച്ചു. തന്റെ ജോലിക്കാരുമായി ഒരു പുതിയ ബന്ധം ക്രമേണ ഉണ്ടാക്കിയെടുക്കുന്നതിന്റെ ശ്രമത്തിലായിരുന്നു അദ്ദേഹം. അവർക്കും തനിക്കും ഒരു പുതിയ ലോകത്തിലെത്തിയ അനുഭവം അതു നൽകിയെന്ന് അദ്ദേഹം അനുസ്മരിച്ചു. പല യുവാക്കളും തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ചു. ദൈനംദിന കാര്യങ്ങൾ എങ്ങനെ ക്രിസ്തുവിന്റെ ആത്മാവിൽ ചെയ്യാം എന്നതായിരുന്നു പ്രമേയം. അതിനു യേശുവിനെ അറിയുന്നതും അവിടുത്തെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചുള്ള ഉൾക്കാഴ്ചയുമായിരുന്നു ആവശ്യം. മിക്കവർക്കും ഇല്ലാതിരുന്നതും അതുതന്നെ.

പ്രാർത്ഥനയോടെ അവർ പിരിഞ്ഞു. റേച്ചൽ വിൻസ്ലോയും വെർജീനിയാ പേജും ഒന്നിച്ചാണു പോയത്. എഡ്‌വാർഡ് നോർമനും മിൽട്ടൺ റൈറ്റും സംഭാഷണത്തിൽ പരിസരം മറന്ന് നോർമന്റെ വീട് കടന്നു മുമ്പോട്ടു പോവുകയും പിന്നീട് തിരികെ വരികയും ചെയ്തു. ജാസ്പർ ചേസും എൻഡവർ സൊസൈറ്റിയുടെ പ്രസിഡന്റും ദീർഘനേരം ആ മുറിയുടെ കോണിൽത്തന്നെ സംഭാഷണത്തിൽ മുഴുകി നിന്നു. എല്ലാവരും പോയശേഷം അലക്സാണ്ടർ പവേഴ്സും ഹെൻറി മാക്സ്‌വെല്ലും ശേഷിച്ചു.

"താങ്കൾ നാളെ എന്റെ കടകളിലേക്കു വന്ന് എന്റെ പദ്ധതികളെ മനസ്സിലാക്കുകയും എന്റെ ആളുകളോടു സംസാരിക്കയും വേണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ താങ്കൾക്ക് അവരോട് അടുത്തു ചെല്ലാൻ കഴിയുമെന്ന് എനിയ്ക്കു തോന്നുന്നു.'' പവേഴ്സ് പറഞ്ഞു.

"അതെക്കുറിച്ച് എനിക്കറിയില്ല. എങ്കിലും ഞാൻ വരാം." മാക്സ്‌വെൽ തെല്ലുപരിഭ്രമത്തോടെ പറഞ്ഞു.

ഇരുന്നൂറു മുന്നൂറു തൊഴിലാളികളോടു ചേർന്നു നിന്ന് സംസാരിക്കാൻ തനിക്കെങ്ങനെ കഴിയും? യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു എന്ന ചോദ്യത്തിനു മുമ്പിൽ അദ്ദേഹം ഒരു നിമിഷം പകച്ചു. തന്റെ ബലഹീനതയെ ശാസിച്ചു. അങ്ങനെ ആ സംഭാഷണം അവസാനിച്ചു.

പിറ്റേന്നു മാക്സ്‌വെൽ കടന്നു ചെല്ലുമ്പോൾ പവേഴ്സ് തന്റെ ഓഫീസിലുണ്ടായിരുന്നു. പന്ത്രണ്ടിന് ഏതാനും നിമിഷങ്ങൾ ബാക്കി.

"മുകളിലേക്കു വരിക. ഞാൻ എന്താണു ചെയ്യാൻ ശ്രമിക്കുന്നതെന്നു കാട്ടിത്തരാം."

യന്ത്രങ്ങൾ ഇരിക്കുന്ന മുറികടന്ന് ഒരു കോണികയറി മുകളിലുള്ള വിശാലമായ മുറിയിലേക്ക് അവർ ചെന്നു. മുമ്പ് അതൊരു സ്റ്റോർ മുറിയായി കമ്പനി ഉപയോഗിച്ചിരുന്നു. ഇപ്പോൾ പവേഴ്സിന്റെ ഉപയോഗത്തിനായി അതു വിട്ടു കൊടുത്തിരിക്കുന്നു.

"ഒരാഴ്ച മുമ്പ് പ്രതിജ്ഞ എടുത്തപ്പോൾ ഇവിടെ കുറച്ചു മേശകളും ഒരു കാപ്പിപ്പാത്രവും വച്ച് തൊഴിലാളികൾക്ക് ഭക്ഷണം കഴിക്കുവാനുള്ള ഒരിടമാക്കി ഇതിനെ മാറ്റണമെന്നു ഞാൻ തീരുമാനിച്ചു. കൂടാതെ ആഴ്ചയിൽ രണ്ടുമൂന്നു ദിവസമെങ്കിലും തങ്ങൾക്കു പ്രയോജനകരമായ ഒരു വിഷയത്തി





ന്മേൽ പത്തുപതിനഞ്ചു മിനിട്ട് സംസാരിക്കുന്നതിനുള്ള ഒരു വേദിയാക്കി ഇതിനെ മാറ്റാനും ഞാൻ ആഗ്രഹിക്കുന്നു.

"തൊഴിലാളികൾ അത്തരം കാര്യങ്ങൾക്കു താത്പര്യം കാട്ടുമോ?'' മാക്സ്‌വെൽ അത്ഭുതത്തോടെ ചോദിച്ചു.

"തീർച്ചയായും." പവേഴ്സ് പറഞ്ഞു. "എനിക്കവരെ നന്നായി അറിയാം. അവർ ബുദ്ധിമാന്മാരാണ്. സഭയ്ക്ക് അവരെയൊന്നും വേണ്ടാ. "യേശു എന്തു ചെയ്യുമായിരുന്നു" എന്ന ചോദ്യത്തിന് ഇവർക്കു വേണ്ടി ആത്മീയവും ഭൗതികവുമായ ആശ്വാസം അവിടുന്ന് ഒരുക്കുമായിരുന്നു എന്ന് എനിക്കുതോന്നി. ഈ മുറിയുടെ സൗകര്യത്തിലൂടെ ചെയ്യുന്നതു തീർത്തും ഒരു ചെറിയ കാര്യമാണ്. എന്നാൽ എന്റെ ബുദ്ധിയിൽ ആദ്യം ഉദിച്ച ഒരു പ്രതികരണമാണത്. അതു നടപ്പാക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഉച്ചസമയത്ത് അവർ കടന്നുവരുമ്പോൾ താങ്കൾ അവരോടു സംസാരിക്കുക".

തൊഴിലാളികളോടു സംസാരിക്കുവാനാവശ്യപ്പെട്ടപ്പോൾ തന്റെ ഉള്ളിലുണ്ടായ അസ്വസ്ഥതയെ ഓർത്ത് മാക്സ്‌വെൽ ലജ്ജിച്ചു. കുറിപ്പില്ലാതെ പ്രസംഗിക്കുക. അതും തൊഴിലാളികളോട്. അതിന്റെ സാദ്ധ്യതയെക്കുറിച്ച് അദ്ദേഹത്തിനു ഭയം തോന്നി. തനിക്കു പരിചിതമായ ഒരു പരിഷ്കൃത സമൂഹത്തെ വിട്ട് താഴേക്കിടയിലുള്ള ഒരു വലിയ കൂട്ടത്തെ അഭിമുഖീകരിക്കുക എന്ന അഗ്നിപരീക്ഷയ്ക്കു മുമ്പിൽ അദ്ദേഹം നിർജീവനായി.

ഉച്ചമണി മുഴങ്ങിയതോടെ ഏകദേശം മുന്നൂറുപേരുടെ ഒരു കൂട്ടം അവിടെ കടന്നുവന്നു. പൊടിയും പുകയുമില്ലാത്ത, വായു സഞ്ചാരമുള്ള, ഒരു അന്തരീക്ഷം. ആവിക്കുഴലുകൾ കടന്നു പോകുന്നതിനാൽ സുഖകരമായ ഒരു ചൂടും ആ മുറിയ്ക്കുണ്ടായിരുന്നു.

ലളിതമായ ഭാഷയിൽ പവേഴ്സ് തന്റെ പദ്ധതികൾ അവരോടറിയിച്ചു. ഒപ്പം മാക്സ്‌വെല്ലിനെ പരിചയപ്പെടുത്തുകയും ചെയ്തു. കരിയും അഴുക്കും പിടിച്ച മുഖങ്ങളുള്ള ആ തൊഴിലാളികളുടെ മുമ്പിൽ നിന്നപ്പോൾ തന്നിലുണ്ടായ വികാരങ്ങൾ മാക്സ്‌വെൽ ഒരിക്കലും മറക്കില്ല. മറ്റു നൂറുകണക്കിനു ശുശ്രൂഷകരെപ്പോലെ സമാനമായ വിദ്യാഭ്യാസവും നിലവാരവും മറ്റു സമാനതകളും ഉള്ള ഒരു ഉന്നതസമൂഹത്തോടു മാത്രമേ അദ്ദേഹം സംസാരിച്ചിട്ടുള്ളു. ഇത് അദ്ദേഹത്തിന് ഒരു പുതിയ അനുഭവമാണ്. തന്റെ സന്ദേശവും അതിന്റെ പ്രായോഗികതയും സാദ്ധ്യമായിരിക്കുന്നത് താൻ എടുത്തിരിക്കുന്ന പുതിയ തീരുമാനങ്ങളിലും അതു ജീവിതത്തിലുണ്ടാക്കിയ പുതിയ വഴിത്തിരിവിലും മാത്രമാണ്.

ജീവിതത്തിലെ തൃപ്തിയെക്കുറിച്ചാണ് അദ്ദേഹം സംസാരിച്ചത്. അതിന്റെ ഉറവിടവും കാരണങ്ങളും എന്ന വിഷയത്തെക്കുറിച്ച് ചിന്തിച്ചു. അവർ തൊഴിലാളികളാണെന്നോ തനിക്കും അവർക്കുമിടയിൽ ഒരു അന്തരമുണ്ടെന്നോ ഉള്ള യാതൊരു സൂചനയും വാക്കുകളിലുണ്ടാകാതെ വളരെ ശ്രദ്ധയോടെ അദ്ദേഹം സംസാരിച്ചു.

കൂടിവന്നവർ സന്തുഷ്ടരായി. അവർ മടങ്ങും മുൻപേ അദ്ദേഹത്തിനു ഹസ്തദാനം ചെയ്തിട്ടാണു മടങ്ങിയത്. വീട്ടിൽ മടങ്ങിയെത്തിയപ്പോൾ അദ്ദേഹം ഭാര്യയോട് ഇതൊക്കെയും വിവരിച്ചു. അവർക്കു ഹസ്തദാനം ചെയ്യുമ്പോൾ ജീവിതത്തിലൊരിക്കലും ലഭിച്ചിട്ടില്ലാത്ത ഒരു സന്തോഷം തനിക്കു ലഭിച്ചെന്ന് അദ്ദേഹം പറഞ്ഞു. തന്റെ ക്രിസ്തീയാനുഭവങ്ങളിൽ വച്ച് ഏറ്റവും പ്രാധാന്യമേറിയ അനുഭവവും അന്നത്തേതു തന്നെയാണെന്ന്

അദ്ദേഹം പറഞ്ഞു.

റെയ്മണ്ടിലെ സഭയും തൊഴിലാളികളും തമ്മിലുള്ള വിടവിൽ ഒരു പാലം പണിയുന്നതിന്റെ ആദ്യപടിയായിത്തീർന്നു ആ സംഭവം. അലക്സാണ്ടർ പവേഴ്സ് സംതൃപ്തനായിരുന്നു. ചെറിയ കാര്യങ്ങൾകൊണ്ടു വലിയ നേട്ടങ്ങളുണ്ടാക്കിയതിന്റെ സന്തോഷമായിരുന്നു അദ്ദേഹത്തിന്. “യേശു ആയിരുന്നു എങ്കിൽ എങ്ങനെയോ അങ്ങനെതന്നെ.” അദ്ദേഹം തന്നോടുതന്നെ പറഞ്ഞു.

കമ്പനിയുടെ സ്റ്റോറുകളിലേക്കുള്ള ‘വാങ്ങൽ നിർദ്ദേശങ്ങൾ’ എന്ന ദ്ദേഹം കരുതിയ ഒരു നീണ്ട കവർ ഏകദേശം നാലുമണിയോടെ തുറക്കുകയുണ്ടായി. വേഗത്തിൽ കണ്ണോടിച്ചപ്പോൾ മനസ്സിലായി അതുതനിക്കുള്ളതല്ല എന്നും ചരക്കു കടത്തു വിഭാഗം സൂപ്രണ്ടിനുള്ളതാണെന്നും.

തനിക്കുള്ളതല്ലെങ്കിലും അദ്ദേഹം ആ കത്തു വായിച്ചു. അമേരിക്കൻ ഐക്യനാടുകളുടെ വാണിജ്യനിയമങ്ങളെ ലംഘിച്ചു കൊണ്ടാണു തങ്ങളുടെ കമ്പനി പ്രവർത്തിക്കുന്നതെന്നതിന്റെ തെളിവുകളായിരുന്നു ആ കത്തിൽ. നികുതികൾ നൽകുന്നതിൽ കാട്ടിയ വീഴ്ചകൾ എല്ലാ നിയമങ്ങളെയും കാറ്റിൽ പറത്തിക്കൊണ്ടായിരുന്നു. റെയിൽ റോഡിലെ വ്യാപാരക്കൂട്ടുകെട്ടുകളെയും നിക്ഷേപങ്ങളെയും തടയുന്നതിന് വേണ്ടി പാസ്സാക്കിയ നിയമങ്ങളുടെ നഗ്നമായ ലംഘനമായി തങ്ങളുടെ സ്ഥാപനം നിലകൊള്ളുന്നു. തന്റെ കൈയിലിരിക്കുന്ന കത്തും രേഖകളും തങ്ങൾ കമ്മീഷന്റെയും രാജ്യത്തിന്റെയും നിയമങ്ങളെ മനഃപൂർവ്വമായും ബുദ്ധിപരമായും ലംഘിച്ചു എന്നു ബോദ്ധ്യപ്പെടുത്താൻ പോന്നതായിരുന്നു.

പെട്ടെന്ന് ഒരു ചോദ്യം തന്റെയുള്ളിൽ മിന്നി. “യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?”ആ ചോദ്യത്തെ തത്ക്കാലം തടവിലിടാൻ അദ്ദേഹം ശ്രമിച്ചു. ഇതൊന്നും തന്റെ അധികാരത്തിൽപ്പെടുന്ന കാര്യങ്ങളല്ല. വർഷങ്ങളായി എല്ലാ റെയിൽറോഡുകളിലും ഇതൊക്കെത്തന്നെയാണു നടക്കുന്നതെന്ന് എല്ലാവർക്കും അറിവുള്ളതാണ്. ഇതു തന്റെ വിഭാഗത്തിന്റെ പരിധിയിലുള്ള ഒരു കാര്യവുമല്ല.

എന്നാൽ ഈ രേഖകൾ എല്ലാം വെളിപ്പെടുത്താൻ പോന്നതാണ്. അതു തന്റെ കൈകളിലെത്തിയിരിക്കുന്നു. ഒരു മോഷ്ടാവ് അയൽക്കാരന്റെ ഭവനത്തിൽ കടക്കുന്നതുകണ്ടാൽ അതു തന്റെ കാര്യമല്ല എന്നുകണ്ട് മിണ്ടാതിരിക്കാൻ പറ്റുമോ? പോലീസിനെ അറിയിക്കാൻ തനിക്കു ചുമതലയില്ലേ? വലിയ ഒരു കമ്പനിയായതുകൊണ്ടു നിയമലംഘനം നടത്തിയും പൊതുജനത്തെ കബളിപ്പിച്ചും വൻ ലാഭമുണ്ടാക്കാനും തുടർന്നു പ്രശ്നങ്ങളൊന്നും കൂടാതെ പോകാനും കഴിയുന്ന ഒരു നിയമം ഈ രാജ്യത്തുണ്ടോ?. “യേശു ആയിരുന്നെങ്കിൽ എന്തു ചെയ്യുമായിരുന്നു?” തന്റെ കുടുംബവും തന്നോടൊപ്പമുണ്ട്. കമ്മീഷനെ കാര്യങ്ങൾ ധരിപ്പിക്കാൻ താൻ ശ്രമിച്ചാൽ തന്റെ ജോലി നഷ്ടപ്പെടും. തന്റെ ഭാര്യയും മക്കളും ഈ സമൂഹത്തിൽ എല്ലാ സുഖസൗകര്യങ്ങളും മാന്യതയും അനുഭവിക്കുന്നവരാണ്. ഈ നിയമരാഹിത്യത്തിന് എതിരേ കോടതിയിൽ താൻ സാക്ഷിയായാൽ തന്റെ ജോലിയും പദവിയും നഷ്ടമാകുമെന്നു മാത്രമല്ല, തന്റെ ഉദ്ദേശ്യശുദ്ധിയെ ആരും മനസ്സിലാക്കുകയുമില്ല. അപമാനവും ഒറ്റപ്പെടലുമായിരിക്കും അനന്തരഫലം. ഒരു കാര്യം ഉറപ്പാണ്. ഇതുതന്നെ സംബന്ധിക്കുന്ന ഒരു കാര്യമേയല്ല. തനിക്ക് ഈ കത്ത് ചരക്കുകടത്തു വിഭാഗത്തിലേക്ക് അയച്ചുകൊണ്ട് ബുദ്ധിപൂർവ്വം നിശ്ശബ്ദനായിരിക്കാം. നിയമലംഘനവും വെട്ടിപ്പും നടക്കട്ടെ. തനിക്കെന്താണ്? തന്റെ





മുമ്പിലുള്ള കാര്യങ്ങൾ നന്നായും കാര്യക്ഷമമായും നടത്തിയാൽപ്പോരേ തനിക്ക്? അതിവിപുലമായ ഈ റെയിൽറോഡ് ബിസിനസ്സിൽ, ക്രിസ്തീയനിലവാരത്തിലുള്ള ജീവിതം അസാദ്ധ്യമാക്കിത്തീർക്കുന്നതരത്തിലുള്ള ഇടപാടുകളുടെ ബാഹുല്യമുള്ള ഈ കമ്പനിയിൽ, ഒരു വ്യക്തിക്ക് എന്തുചെയ്യാൻ കഴിയും?

ആറുമണിക്കു മണിമുഴങ്ങി യന്ത്രത്തിന്റെ ഗർജ്ജനവും ചീകുളികളുടെ തട്ടുംമുട്ടും നിലച്ചു. തൊഴിലാളികൾ ആയുധങ്ങൾ താഴെവച്ച് സ്ഥലംവിട്ടു. എൻജിനീയറും അദ്ദേഹത്തിന്റെ ആളുകളും പോകുവാൻ അരമണിക്കൂർ കൂടി താമസിക്കും. അവർ പുറത്തുപോകുന്നതു മറ്റൊരു വഴിയിലൂടെയാണ്. “ഞാനിപ്പോൾ പോകുന്നില്ല. എനിക്കല്പം ജോലിതീർക്കുവാനുണ്ട്.” പവേഴ്സ് തന്റെ ക്ലാർക്കുമാരോടായിപറഞ്ഞു.

ഏഴുമണിക്ക് സൂപ്രണ്ടിന്റെ ഓഫീസിലെത്തുന്നവരെ കാത്തിരിക്കുന്നത് ഒരു അസാധാരണ കാഴ്ചയാണ്. മേശപ്പുറത്തെ പേപ്പറുകൾക്കു മുകളിൽ ഇരുകൈകളും വച്ച് അതിൽ മുഖമമർത്തി മുഴങ്കാലിൽ നിൽക്കുന്ന സൂപ്രണ്ട്.

(തുടരും) ■

## ദൈവത്തിന് എന്തവകാശം? *പേജ് 32 ൽ നിന്ന് തുടർച്ച*

വിധേയനായ ഒരു ദലിതൻ, ഹിരോഷിമയിൽ നിന്നൊരാൾ, എത്യോപ്യയിൽ നിന്ന് പട്ടിണി കിടന്ന് മരിച്ച ഒരു വൃദ്ധൻ....അവർ കൂട്ടായ ചർച്ചകൾക്കുശേഷം ലളിതമായ ഒരു തീരുമാനം കൈക്കൊണ്ടു: ദൈവം തങ്ങളുടെ ന്യായാധിപനാകാനുള്ള യോഗ്യതനേടണമെങ്കിൽ തങ്ങൾ സഹിച്ചതെല്ലാം ആദ്യം ദൈവവും അനുഭവിച്ചേ മതിയാകൂ.

അവർ ദൈവത്തെ ഭൂമിയിലേക്ക് അയക്കാൻ തീരുമാനിച്ചു. എന്നാൽ ദൈവം തന്റെ ദിവ്യമായ കഴിവുകളൊന്നും ഭൂമിയിൽ തനിക്കനുകൂലമായി ഉപയോഗിക്കാതിരിക്കാൻ അവർ ചില നിബന്ധനകൾ വച്ചു: ■ അവൻ ഒരു യഹൂദനായി പിറക്കട്ടെ. ■അവന്റെ ജനനം സമൂഹത്തിനൊരു പരിഹാസവിഷയമാകട്ടെ. ■വിശപ്പും ദാഹവും ദാരിദ്ര്യവും അദ്ധ്വാനത്തിന്റെ ഭാരവും ഒരു വലിയ കുടുംബത്തിന്റെ പ്രാരാബ്ധവും അവൻ അനുഭവിക്കട്ടെ. ■മൗലികമായ ഒരു നിലപാട് സ്വീകരിക്കുന്നതുമൂലം രാഷ്ട്രീയ സമുദായമേധാവികൾ അവനെ വെറുക്കുകയും ഒറ്റപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്യട്ടെ. ■തെറ്റായ ആരോപണങ്ങൾ അവനുനേരെ ഉന്നയിക്കുകയും മുൻവിധിയുള്ള ജൂറിമാർ അവന്റെ കേസു കേൾക്കുകയും ഭീരുവായ ഒരുന്യായാധിപൻ അവനു ശിക്ഷവിധിക്കുകയും ചെയ്യട്ടെ. ■ഏകാന്തത എന്തെന്നും എല്ലാവരാലും കൈവിടപ്പെടുന്നതിന്റെ തീവ്രവേദന എന്തെന്നും അവൻ അനുഭവിച്ചറിയട്ടെ. ■കൊടിയപീഡനങ്ങളേറ്റ് അതിന്റെ അന്ത്യത്തിൽ നിന്ദിതനായ ഒരു കുറ്റവാളിയെപ്പോലെ അവൻ മരിക്കട്ടെ.

ഓരോ നേതാവും മുന്നോട്ടുവന്ന് ശിക്ഷയുടെ ഓരോഭാഗവും പ്രഖ്യപിക്കുമ്പോഴും ആൾക്കൂട്ടത്തിൽനിന്ന് അംഗീകാരത്തിന്റെ കൈയടികളും ഹർഷാരവങ്ങളും ഉയർന്നു. പക്ഷേ അവസാനത്തെയാളും ശിക്ഷ പ്രഖ്യാപിച്ചു കഴിഞ്ഞപ്പോൾ പൊടുന്നനെ എല്ലാവരും നിശ്ശബ്ദരായി. ഒരു വാക്കുപോലും ആരും ഉരിയാടിയില്ല. ആരും അനങ്ങിയില്ല. എല്ലാവരും ഞെട്ടലോടെ ആ യാഥാർത്ഥ്യം പെട്ടെന്ന് ഓർത്തുപോയി: ദൈവം ‘മനുഷ്യപുത്രനായി’ അവതരിച്ച് നേരത്തെ തന്നെ ഈ ശിക്ഷകളെല്ലാം അനുഭവിച്ചുകഴിഞ്ഞിരിക്കുന്നല്ലോ.

ø

# പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്

*പേജ് 9 ൽ നിന്ന് തുടർച്ച*

നമ്മുടെ പഴയ അനുഭവങ്ങളെയോ ആശ്രയിക്കുമ്പോൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്. അല്ലെങ്കിൽ പരീക്ഷവരുമ്പോൾ “ഞാൻ നല്ല നിലയിൽ വളർത്തപ്പെട്ടവനാണ്. എനിക്ക് എതിർത്തുനിൽക്കാൻ കഴിയും” എന്നു നിങ്ങൾ പറയുകയാണെങ്കിലും നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്.

**3. പരിശുദ്ധാത്മാവിന്റെ നടത്തിപ്പുകളെ പിൻതുടരാതിരുന്നാൽ നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്.**

യേശുഭൂമിയിലായിരുന്നപ്പോൾ ശിഷ്യന്മാരോട് തന്നെ അനുഗമിക്കുവാൻ ആവശ്യപ്പെട്ടു. അവർ അങ്ങനെ ചെയ്യാതിരുന്നെങ്കിൽ അതു തന്നെ ദുഃഖിപ്പിക്കുമായിരുന്നു. മറ്റൊരു കാര്യസ്ഥനായ പരിശുദ്ധാത്മാവിനെ സംബന്ധിച്ചും ഇത് അങ്ങനെതന്നെയാണ്. അവിടുന്നു ചിലപ്പോൾ നമ്മെ മരുഭൂമിയിലേക്കു നടത്തും-ചിലപ്പോൾ നമ്മുടെ ഉള്ളിൽ ഞരക്കങ്ങൾ പുറപ്പെടുവിക്കും. അപ്പോൾ നിങ്ങൾ പ്രാർത്ഥിക്കേണ്ടതിനുപകരം അതിനെ തടഞ്ഞു നിർത്തുമോ?. എങ്കിൽ നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്. മനഃസാക്ഷിയുടെ വിലക്കു മറികടന്നു നിങ്ങൾ പരീക്ഷയിലേക്കു പ്രവേശിക്കുകയാണോ? നിങ്ങൾ പരീക്ഷയിലേക്കു നടന്നടുക്കുന്നതു കാണുമ്പോൾ പരിശുദ്ധാത്മാവു നിങ്ങൾക്കു മുന്നറിയിപ്പു നൽകും. നിങ്ങളുടെ ഹൃദയത്തെ കുത്തി ഉണർത്താൻ ശ്രമിക്കും. എന്നിട്ടും നിങ്ങൾ മുന്നോട്ടു പോവുകയാണോ? ഹ! ഇങ്ങനെയാണു നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുന്നത്.

**4. സഭായോഗങ്ങളെ അലക്ഷ്യമാക്കുമ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്.**

വിശ്വസിക്കുന്ന ഹൃദയങ്ങളിലേക്ക് പരിശുദ്ധാത്മാവ് അനുഗ്രഹം പകരുന്ന ചാനലുകളാണ് കൂടിവരവുകൾ. നിങ്ങൾ അവയെ അവഗണിക്കാറുണ്ടോ? എങ്കിൽ നിങ്ങൾ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കുകയാണ്. ഒരു പ്രത്യേകസമയത്തും സ്ഥലത്തും ഒരു സുഹൃത്തിനെ സന്ധിക്കാമെന്നു നിങ്ങൾ സമ്മതിച്ചു. പക്ഷേ കൃത്യസമയത്ത് അവിടെ ചെല്ലുന്നില്ലെങ്കിൽ ആ സുഹൃത്തിനെ നിങ്ങൾ വേദനിപ്പിക്കുകയല്ലേ? സഭായോഗങ്ങൾക്കു പോകാതിരിക്കുമ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിനെ ഈ നിലയിൽ ദുഃഖിപ്പിക്കുകയാണ്. എങ്കിൽ പരിശുദ്ധാത്മാവിന്റെ സൗഹൃദത്തെ നിങ്ങൾ വിലകുറച്ചു കാണുകയാണ്. ഓ, ആത്മാവിൽ നിങ്ങൾ ഇതിന്റെ പരിണതഫലങ്ങൾ അനുഭവിക്കാതിരിക്കുമോ?

**ഒരു പ്രത്യേകസമയത്തും സ്ഥലത്തും ഒരു സുഹൃത്തിനെ സന്ധിക്കാമെന്നു നിങ്ങൾ സമ്മതിച്ചു. പക്ഷേ കൃത്യസമയത്ത് അവിടെ ചെല്ലുന്നില്ലെങ്കിൽ ആ സുഹൃത്തിനെ നിങ്ങൾ വേദനിപ്പിക്കുകയല്ലേ? സഭായോഗങ്ങൾക്കു പോകാതിരിക്കുമ്പോൾ നിങ്ങൾ പരിശുദ്ധാത്മാവിനെ ഈ നിലയിൽ ദുഃഖിപ്പിക്കുകയാണ്. പരിശുദ്ധാത്മാവിന്റെ സൗഹൃദത്തെ നിങ്ങൾ വിലകുറച്ചു കാണുകയാണ്.**





**പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചവരോട്:**

കഴിഞ്ഞകാലത്ത് പരിശുദ്ധാത്മാവിനെ പലവട്ടം ദുഃഖിപ്പിച്ചവരുണ്ട്. നിങ്ങളിൽ നിന്ന് അങ്ങനെയൊരു പെരുമാറ്റം അവിടുന്ന് അർഹിച്ചിരുന്നോ?. “ഇങ്ങനെയോ നിങ്ങൾ യഹോവയ്ക്കു പകരം കൊടുക്കുന്നത്? അവനല്ലോ നിന്റെ പിതാവ്. നിന്റെ ഉടയവൻ. അവനല്ലോ നിന്നെ സൃഷ്ടിക്കയും രക്ഷിക്കയും ചെയ്തവൻ” (ആവർത്തനം 32:6). നിങ്ങൾ കർത്താവിന്റെ തീക്ഷ്ണതജ്വലിപ്പിക്കുകയാണോ?. അവിടുന്നു നിങ്ങൾക്കുവേണ്ടി എന്തെല്ലാം ചെയ്തു! പാപത്തെക്കുറിച്ച് അവിടുന്നു നിനക്കു ബോധം വരുത്തിയില്ലേ? തെക്കൻ കാറ്റുപോലെ മന്ദമാരുതനായി പരിശുദ്ധാത്മാവ് നിന്റെ ആത്മാവിന്മേൽ വീശിയില്ലേ? അങ്ങനെയെങ്കിൽ അവിടുത്തെ ദുഃഖിപ്പിച്ചത് നന്ദിയില്ലായ്മയല്ലേ?

പരിശുദ്ധാത്മാവിനെ ദുഃഖിപ്പിച്ചതുവഴി എങ്ങനെയാണു ദൈവത്തോടുള്ള സമാധാനം നിങ്ങൾക്കു നഷ്ടപ്പെട്ടതെന്നു ചിന്തിക്കുക. പാപത്തിൽ ജീവിച്ചുകൊണ്ട് സമാധാനം പ്രാപിക്കുവാൻ നിങ്ങൾക്കു കഴിയുകയില്ല. “ദുഷ്ടന്മാർക്ക് ഒരു സമാധാനവുമില്ലെന്ന് എന്റെ ദൈവം പറയുന്നു.” നിങ്ങൾക്ക് മനഃസാക്ഷിയിൽ ഒരു കുറ്റബോധമുണ്ട്. കളങ്കിതമായ ഒരു മനഃസാക്ഷിക്ക് അവിടുത്തെ സാന്നിധ്യത്തിലേക്കു വരുവാൻ കഴിയുകയില്ല. പാപി, മടങ്ങി വരിക. അല്ലാത്തപക്ഷം നിങ്ങൾ കൂടുതൽ പാപത്തിലേക്കു താണു പോകും.

“എന്നെ കൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്‌വാൻ കഴിയുകയില്ല” നിങ്ങൾക്കു തനിയെ പരീക്ഷകളെ ജയിക്കുവാൻ കഴിയുകയില്ല. സ്വയത്തെ പ്രതിരോധിക്കാൻ സാധ്യമല്ല. പാപത്തെ അതിജീവിക്കാൻ കഴിയുകയില്ല. ഹാ, പരിശുദ്ധാത്മാവിനെ കെടുക്കുന്ന അശുദ്ധരേ, ഇതു നിങ്ങളെ എവിടെ കൊണ്ടുചെന്നെത്തിക്കും? മടങ്ങിവരിക.

**ആത്മാവിന്റെ ഇളംകാറ്റിനെ ഇപ്പോൾ സ്വീകരിച്ചവരോട്:**

മേലിൽ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്. ഈ സ്നേഹിതനോടൊപ്പം സാവധാനത്തിൽ നടക്കുക. അവൻ നിന്നെ വലിക്കുമ്പോൾ, അവന്റെ പിന്നാലെ ഓടുക. എല്ലാറ്റിലും ഉപരിയായി അവിടുത്തെ മുന്നറിയിപ്പുകളെ ശ്രദ്ധിക്കുക. “ഈ കൂട്ടുകാരനോടൊപ്പം ഇപ്പോൾ പോകേണ്ട” എന്ന് പരിശുദ്ധാത്മാവു പറഞ്ഞാൽ പോകരുത്. “ആ പാതയിൽ ചുവടുവയ്ക്കരുത്” എന്നു പറഞ്ഞാൽ അത് അനുസരിക്കണം (യെശയ്യാ. 30:21). ഇപ്രകാരം പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കാത്തവരാണു ഭാഗ്യവാന്മാർ.

■

**Just a minute**



Jesus said,
*"The tree is known by its fruit."*
Math. 12:33

**Pheba P.Cleetus, Kochi.**

# ഏ.ബി.സിംസൺ... *പേജ് 18 ൽ നിന്ന് തുടർച്ച*

വൈകാതെ ക്രിസ്ത്യൻ അലയൻസ് എന്ന മിഷനറിപ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. അതേസമയത്തു തന്നെ ‘ ഇവാൻജലിക്കൽ മിഷനറി അലയൻസ്’ എന്ന ഒരു മിഷനറി സൊസൈറ്റിയും സിംസന്റെ നേതൃത്വത്തിൽ രൂപം കൊണ്ടു. രണ്ടുവർഷങ്ങൾക്കുശേഷം ഈ സംഘടനയുടെ പേര് ‘ഇന്റർ നാഷനൽ മിഷനറി അലയൻസ്’ എന്ന് മാറ്റി. പത്തുവർഷങ്ങൾക്കുശേഷം ഈ രണ്ട് പ്രസ്ഥാനങ്ങളും ഒന്നായി ‘ദി ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസ്’ എന്ന സൊസൈററി ആയിത്തീർന്നു. ലോകമെമ്പാടുമുള്ള മിഷനറിവേലയ്ക്കുള്ള ക്രിസ്തീയവിശ്വാസികളുടെ ഒരു കൂട്ടായ്മ!

1918 വരെ ക്രിസ്തീയസഭാശുശ്രൂഷ ചെയ്ത സിംസൺ വേദനിക്കുന്നവരെയും രക്ഷിക്കപ്പെട്ടിട്ടില്ലാത്തവരെയും അന്വേഷിച്ചുകൊണ്ടേയിരുന്നു. താൻ തുടക്കംകുറിച്ച സൊസൈറ്റിയുടെ നേതൃസ്ഥാനത്ത് ദീർഘമായ 30 വർഷക്കാലം തുടർന്ന അദ്ദേഹം ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യത്തിൽ നിന്ന് അല്പനേരത്തേക്കുപോലും അണുവിട വ്യതിചലിക്കുവാൻ സമ്മതിച്ചില്ല എന്നതാണ് സിംസന്റെ മഹത്വം. “ഇന്നലെയും ഇന്നും എന്നേക്കും മാറ്റമില്ലാത്ത യേശുവിനെ അവിടുത്തെ സർവ്വസമ്പൂർണ്ണതയിൽ ഉയർത്തിപ്പിടിക്കുക” എന്നതായിരുന്നു ക്രിസ്ത്യൻ ആൻഡ് മിഷനറി അലയൻസിന്റെ പ്രഖ്യാപിതലക്ഷ്യം! ആത്മീയ കൂട്ടായ്മ നൽകാൻമാത്രം ലക്ഷ്യംവച്ചിരുന്ന ഈ ദൈവമനുഷ്യൻ ശക്തമായ സംഘടനാചട്ടക്കൂട്ടുകളെ എപ്പോഴും സംശയദൃഷ്ടിയോടെ വീക്ഷിച്ചിരുന്നു. ലോകസുവിശേഷീകരണത്തിനായി ഒരുമയോടെ പ്രവർത്തിക്കുന്ന, യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ പൂർണ്ണാനുഗ്രഹത്തിനായി ദാഹിക്കുന്ന വിശ്വാസികളുടെ ഒരു ആത്മീയകൂട്ടായ്മ മാത്രമായിരിക്കണം ‘അലയൻസ്’ എന്നാണ് അദ്ദേഹം ആഗ്രഹിച്ചത്.

നിഷ്പക്ഷമായി ഏ.ബി.സിംസന്റെ ജീവിതം വിലയിരുത്തുന്ന ആർക്കും അദ്ദേഹത്തിന്റെ കുറവുകൾ വിസ്മരിക്കാനാവില്ല. അലയൻസ് സൊസൈറ്റി ഒരു സഭാവിഭാഗം ആകാൻ അദ്ദേഹം ഒരിക്കലും ആഗ്രഹിച്ചില്ല. എങ്കിലും വളർച്ചയുടെ പാത എപ്പോഴും ലാളിത്യത്തിൽ നിന്നും സങ്കീർണ്ണതയിലേക്കാണല്ലോ. സഭാപരമായ ഉത്തരവാദിത്വങ്ങളിൽ നിന്നും ഒഴിഞ്ഞുമാറാൻ കഴിയാതെവന്നപ്പോൾ പ്രാദേശികകൂട്ടങ്ങൾ പാസ്റ്റർമാർ ഇല്ലാതെ ‘നടത്തിപ്പുകാർ’ കൈകാര്യം ചെയ്യേണ്ട സ്ഥിതിവന്നു. അത്ഭുതരോഗശാന്തിയുടെ അനുഭവം കുറെയൊക്കെ ആ ഉപദേശത്തിന്റെ ശത്രുക്കളെ ഉണർത്തുകയുണ്ടായി. രോഗികൾക്ക് ദൈവസൗഖ്യത്തിനായി കാത്തിരിക്കാൻ ഒരിടംവേണ്ടിവന്നപ്പോൾ തന്റെ ഭവനം അതിനായി തുറന്നുകൊടുത്ത ആ ത്യാഗി കുടുംബത്തിന്റെ ശത്രുത സമ്പാദിക്കുകയായിരുന്നു. തന്റെ മക്കളെ ക്രിസ്തുവിങ്കലേക്ക് കൊണ്ടുവരാൻ ഉണ്ടായ ബുദ്ധിമുട്ട് ഭാഗികമായി ഈ തീരുമാനത്തിന്റെ ഫലമാണെന്ന് പറയാതെ വയ്യ. ദൈവം തന്നെ സുവിശേഷപ്രസംഗകനായി വിളിച്ചിരിക്കെ താൻ ഒരു ഭർത്താവും പിതാവും കൂടിയാണെന്ന് ചിലപ്പോഴൊക്കെ സിംസൺ മറന്നുപോയോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മിഷനറി അലയൻസിന്റെ ഉപദേശങ്ങളോടും പ്രവർത്തനരീതിയോടും അനുഭാവമുള്ളവർക്ക് ഒരുമിച്ച് താമസിക്കാനായി ന്യൂയോർക്കിനടുത്ത് ഒരു ‘അലയൻസ് സെന്റർ’ ഉണ്ടാക്കുവാനുള്ള സിംസന്റെ ഒരു പദ്ധതി അമ്പേ പരാജയമായിപ്പോയി. എന്നാൽ ⇨



# The way of Jesus

Many years ago, in the United States, A prominent minister of one large church used to receive a critical telegram every Sunday morning from another prominent minister who was the pastor of a large church on the other side of the town. The one who sent the regular Sunday morning telegram believed that it was his duty to straighten out the other minister in every way he could. One day the critic fell ill, and his wife came to him and said: "My dear, I think we have been on the wrong track, Shouldn't we do something about this before you pass in to the presence of God?" His wife's words went straight to his heart and he rolled on the floor in an agony of remorse. In the light of a dawning eternitly he saw his pettiness and his sin. But it was too late. Before he had time to put matters right, he passed on.

Trying to correct people by picking out motes is contrary to what is taught by Jesus. His way is seen in the words of the text: "First get the beam of timber out of your own eye, and then you will see clearly to take the tiny particle out of your brother's eye" (Amplified Bible). Running down the escape route of critical and negative attitudes is to find yourself in a road with a dead end. Nobody is ever really changed by criticism-least of all nagging criticism. Nobody is changed except the one doing the criticising - he is changed into a more critical person.

In the book of Revelation Satan is called "the accuser of our brothers" (Rev. 12:10). That seems to be his chief business. I wonder why those who carry on the same business can't see the relationship! ●

പദ്ധതി ഉപേക്ഷിച്ചപ്പോൾ പങ്കാളികളുടെ കൂടെ നഷ്ടം ഏറ്റെടുക്കാൻ സത്യസന്ധനായ ആ ദൈവദാസൻ തയ്യാറായി എന്നത് മറന്നുകൂടാ. വലിയമനുഷ്യരുടെ നേട്ടങ്ങൾ മഹത്തരമായിരിക്കുമ്പോൾ അവരുടെ വീഴ്ചകളും വലിയതാകുക സ്വാഭാവികമാണല്ലോ! ‘അലയൻസ് വീക്‌ലി’ എന്ന പേരിൽ 40 വർഷത്തോളം മിഷനറിമാസിക നടത്തിയ സിംസൺ മിഷനറി മാസികകളുടെ തലതൊട്ടപ്പൻ ആണ്. ഏ.ബി. സിംസൺ എല്ലാം കൊണ്ടും ഒരു ബഹുമുഖപ്രതിഭയായിരുന്നു. ഒരു പ്രസിദ്ധീകരണശാല നടത്തിപ്പുകാരൻ, നിരവധി ക്രിസ്തീയഗാനങ്ങൾ, ഗ്രന്ഥങ്ങൾ ലേഖനങ്ങൾ എന്നിവയുടെ രചയിതാവ് എന്നീനിലകളിൽ അദ്ദേഹത്തിന്റെ സ്പർശം ഏറ്റ മേഖലകൾ നിരവധിയാണ്. 1919 ഒക്ടോബർ 28–ാം തീയതി അബോധാവസ്ഥയിലായ സിംസൺ ബോധം വീണ്ടെടുത്തില്ല. ലോകമെമ്പാടും താൻ പറഞ്ഞയച്ച മിഷനറിമാർക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയായിരുന്നു സിംസന്റെ അന്ത്യവാക്കുകൾ എന്ന് കുടുംബാംഗങ്ങൾ സാക്ഷിക്കുന്നു. അവസാനംവരെ തന്റെ പ്രിയരക്ഷകനോടും, നഷ്ടപ്പെട്ട് മൃതാവസ്ഥയിലായ ജനത്തിനായി സുവിശേഷസന്ദേശം എത്തിക്കാൻ ധൈര്യപ്പെടുന്നവരോടും തികഞ്ഞ വിശ്വസ്തത കാട്ടിയിരുന്ന ആൽബർട്ട് ബെഞ്ചമിൻ സിംസൺ ദർശനവും വിശ്വാസവും സമഞ്ജസമായി സമ്മേളിച്ച ഒരു മഹാനായിരുന്നു. ●

# നമ്മുടെ മൂല്യം തിരിച്ചറിയുക

ഒരു ക്രിസ്തീയസമ്മേളനം. പ്രശസ്തനായ ഒരു ക്രിസ്തീയപ്രഭാഷക നാണ് പ്രസംഗകൻ. പ്രസംഗത്തിനിടയിൽ അദ്ദേഹം പോക്കറ്റിൽ നിന്ന് ഒരു നൂറുരൂപയുടെ പുത്തൻ കറൻസിനോട്ട് എടുത്ത് ഉയർത്തിക്കാണിച്ചുകൊണ്ട് ചോദിച്ചു:'ഞാൻ ഈ നൂറുരൂപ നിങ്ങൾക്ക് സൗജന്യമായി തരാൻ പോകു കയാണ്. ആർക്കാണ് ഈ നൂറുരൂപാ നോട്ട് വേണ്ടത്?'.

സദസ്സിൽ നിന്ന് അനേകം കൈകൾ ഉയർന്നു.

പ്രസംഗകൻ പറഞ്ഞു:'ശരി, ഞാൻ ഇത് നിങ്ങളിലൊരാൾക്ക് തരാം പക്ഷേ അതിനുമുമ്പ് ഞാൻ എന്തുചെയ്യുന്നുവെന്നു നോക്കുക'.

ആളുകൾ നിർന്നിമേഷരായി നോക്കിയിരിക്കെ അദ്ദേഹം ആ നൂറുരൂപാ നോട്ട് നിർദ്ദയം ചുരുട്ടിക്കൂട്ടി. എന്നിട്ടു ചോദിച്ചു 'ഇനി ആർക്കുവേണം ഈ നോട്ട്?' വീണ്ടും ഒന്നിനുപുറകേ ഒന്നൊന്നായി കരങ്ങൾ ഉയർന്നു തുടങ്ങി.

'കൊള്ളാം, പക്ഷേ ഒരു നിമിഷംകൂടെ ശ്രദ്ധിക്കണേ' പ്രസംഗകൻ ചുരു ണ്ടുമടങ്ങിയ ആ നോട്ട് തറയിലേക്ക് വലിച്ചെറിഞ്ഞ് എന്നിട്ട് ഷൂസിട്ട് അതി ന്മേൽ ചവിട്ടി. ചുരുണ്ടുമുഷിഞ്ഞ ആ നോട്ട് തറയിൽനിന്ന് വീണ്ടും ഉയർത്തി പ്പിടിച്ചു ചോദിച്ചു 'ഇനി ആർക്കെങ്കിലും വേണോ ഈ നോട്ട്?' അപ്പോഴും സദസ്സിലെ പലരും കൈകൾ ഉയർത്തി.

'സുഹൃത്തുക്കളേ', പ്രസംഗകൻ പറഞ്ഞു തുടങ്ങി 'നിങ്ങൾ എല്ലാവരും വളരെ പ്രധാനപ്പെട്ട ഒരു ആത്മീയപാഠമാണ് ഇപ്പോൾ പഠിച്ചത്. ഞാൻ ചുരു ട്ടിക്കൂട്ടിയിട്ടും തറയിലെറിഞ്ഞിട്ടും ഷൂസിട്ടു ചവിട്ടിയിട്ടും നിങ്ങൾ ഈ നോട്ട് ലഭിക്കുവാൻ ആഗ്രഹിച്ചു. കാരണം ഞാൻ ചെയ്തതൊന്നും ഈ നോട്ടിന്റെ മൂല്യം നഷ്ടപ്പെടുത്തിയില്ല. ഈ മുഷിഞ്ഞ നോട്ടിന് ഇപ്പോഴും നൂറുരൂപ തന്നെ വിലയുണ്ട്. പ്രിയദൈവജനങ്ങളേ, ജീവിതത്തിൽ പലവട്ടം അഴുക്കിൽ വീണും മുഷിഞ്ഞും പൊടിപുരണ്ടും മറ്റുള്ളവരുടേയും നമ്മുടേയും കണ്ണിൽ നാം വിലയില്ലാത്തവരായിതീർന്നെന്നുവരാം. എന്നാൽ എന്തെല്ലാം സംഭവി ച്ചിട്ടുണ്ടെങ്കിലും മേലിൽ എന്തെല്ലാം സംഭവിച്ചാലും ദൈവത്തിന്റെ ദൃഷ്ടി യിൽ നമുക്കുള്ള മൂല്യം നഷ്ടപ്പെടുകയില്ല. അവിടുത്തെ നോട്ടത്തിൽ നാം എന്നും വിലയുള്ളവരാണ്.

'നീ എനിക്കു വിലയേറിയവനും മാന്യനുമായി ഞാൻ നിന്നെ സ്നേഹി ച്ചിരിക്കയാൽ ഞാൻ നിനക്കു പകരം മനുഷ്യരേയും നിന്റെ ജീവനുപകരം ജാതികളെയും കൊടുക്കുന്നു. ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെയുണ്ട്.' (യെശയ്യാവ് 43:4)